Re. N: C. 101, M: 2298

ഒറ്റപ്രതിക്ക് 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 മകരം 5 | ലക്കം 21

## പാവത്തിൻെറ പത്തുലക്ഷം

(ജോസഫ് മീനാട്ടൂർ, എം. എ., എൽഎൽ. ബി.)


അനേകമനേകം വൈദികവിദ്യാർത്ഥികൾക്കു ധനസഹായം ചെയ്തിട്ടുള്ള നിർദ്ധനയായ ഒരു സ്ത്രീയുണ്ടു് അമേരിക്കയിൽ. അവരുടെ പേരു മിസ് ഐറിൻ ഫാർലിയെന്നാണ്. കഴിഞ്ഞതിൻെറ മുമ്പിലത്തെ വർഷത്തിൽ ഡുബ്ലിനാപ്പള്ളി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് അവരെ സന്ദർശിക്കുകയും തിരുമേനിയുടെ വൈദികവിദ്യാഭ്യാസകാലത്തു സഹായിച്ചതിനായി അവരോടു കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യുകയുണ്ടായി.

അന്യോന്യം ശണ്ഠകൂടുക, അന്യരെപ്പററി കുററം പറയുക, ഭർത്താവിനോടു ശുണ്ഠിപിടിക്കുക, കുട്ടികളുമായി ലഹളയുണ്ടാക്കുക മുതലായ പ്രവൃത്തികളിൽമാത്രം വ്യാപൃതരായിരിക്കുന്ന പല സ്ത്രീകൾക്കും തെല്ലൊന്നു ശ്രമിച്ചാൽ പ്രയോജനകരമായ പല മഹാകാര്യങ്ങളും ചെയ്യുവാൻ സാധിക്കുമെന്നുള്ളതിനു ഉത്തമോദാഹരണമാണു മിസ് ഫാർലിയുടെ ജീവചരിതം. ഒരു പാദുകനിർമ്മാണശാലയിൽ പണിയെടുത്തു ഉപജീവനംകഴിച്ചുപോന്ന ആ മനസ്വിനിക്കു പലരിൽനിന്നും ഇരുപത്തിയഞ്ചു സെൻറുവീതം (ഏകദേശം മുക്കാൽ രൂപാ) ലഭിച്ച സൗജന്യവും വിശുദ്ധ കൊച്ചുത്രേസ്യായുടെ സഹായവുമായിരുന്നു ഈ ധനസഹായപദ്ധതിയിൽ വിജയമരുളിയതു്. വിശുദ്ധ കൊച്ചുത്രേസ്യായോടു സഹായമർത്ഥിക്കുവാനും പലരോടും യാചിച്ചു പണം പിരിക്കുവാനും കാണിച്ച സന്നദ്ധതയും ഉത്സാഹവുമാണ്, വല്ലതും പറഞ്ഞു സമയംകൊന്നു ജീവിക്കുന്ന പല വനിതകളിൽനിന്നും മിസ് ഫാർലിയെ വേർതിരിച്ചു നിറുത്തുന്ന ഗുണവിശേഷങ്ങൾ.

കഴിഞ്ഞ ഇരുപത്തിയാറു കൊല്ലങ്ങൾക്കുള്ളിൽ പത്തുലക്ഷത്തിലധികം രൂപാ മിസ് ഫാർലി പിരിക്കുകയും മിഷൻരാജ്യങ്ങളിലെ വൈദികവിദ്യാർത്ഥികളുടെ സഹായത്തിനായി അതെല്ലാം വിശുദ്ധ പത്രോസിൻെറ പൊന്തിഫിക്കൽ സൊസൈററിക്കു അയച്ചുകൊടുക്കുകയും ചെയ്തു.

1893-ൽ ക്വിബെക്കിൽ മിസ് ഫാർലി ജാതയായി. പതിനാറുവയസ്സുവരെ പള്ളിക്കൂടത്തിൽ പോയി പഠിച്ചു. കുടുംബത്തിലെ ധനസ്ഥിതി അനാകർഷകമായിരുന്നതിനാൽ, പതിനാറുവയസ്സിൽ അവൾ ഒരു പാദുകനിർമ്മാണശാലയിൽ ജോലി സ്വീകരിച്ചു. പ്രതിദിനം വളരെനേരം അവൾക്കവിടെ പണിയെടുക്കേണ്ടിയിരുന്നു. ഇരുപത്തിയേഴുവയസ്സുവരെ, അതായതു അവളുടെ കുഞ്ഞനിയത്തിമാരും കുഞ്ഞാങ്ങളമാരും പഠിച്ചു ഒരു നിലയിൽ എത്തിച്ചേരുന്നതുവരെ, അവിടെ പ്രവൃത്തിയെടുത്തതിനുശേഷം ക്യൂബെക്കിലുള്ള സ്വർഗ്ഗാരോപണ സഹോദരിമാരുടെ സഭയിൽ ഒരു യോഗാർത്ഥിനിയായി മിസ് ഫാർലി പ്രവേശിച്ചു. അനേകകാലം അവളുടെ ഹൃദയവല്ലിക്കുള്ളിൽ ഒതുങ്ങിനിന്ന ആഗ്രഹം അന്നാണു് മൊട്ടിട്ടതു്. ഒരു അദ്ധ്യാപകസഹോദരിയായി സ്വീകരിക്കപ്പെട്ടു. വ്രതവാഗ്ദാനം നടത്തുവാനുള്ള ഭാഗധേയം ലഭിക്കുന്നതിനായി പതിനെട്ടു മാസക്കാലം അവൾ നിരന്തരം പ്രാർത്ഥിച്ചു, പഠിച്ചു, വേലചെയ്തു. എന്നാൽ അവൾ പെട്ടെന്നു രോഗബാധിതയായി. രോഗം അവളുടെ ആശാമാല്യത്തെ പൊട്ടിച്ചു തെറിപ്പിച്ചു.

ഭിഷഗ്വരന്മാർ പലരും വന്നു, ചികിത്സിച്ചു. ഭഗ്നാശരായി തിരിച്ചുപോയി. മാറാൻ എളുപ്പമല്ലാത്ത ക്ഷയരോഗം ബാധിച്ചിട്ടുണ്ടെന്നു അവർ വിധിയെഴുതി. വീട്ടിൽ കിടന്നു മരിച്ചുകൊള്ളട്ടെ എന്നു വിചാരിച്ചു അവളെ വീട്ടിലേക്കു കൊണ്ടുവന്നു. അവളുടെ ജീവരക്ഷയെപ്പററി ആർക്കും യാതൊരു ആശയും ഉണ്ടായിരുന്നില്ല.



എടക്കുന്നു് നസ്രത്തു കന്യകാലയത്തോടനുബന്ധിച്ചു നടത്തുന്ന അബലാസങ്കേതം രണ്ടാംവിഭാഗത്തിനുള്ള കെട്ടിടത്തിൻെറ ആശീർവ്വാദം മഹാവന്ദ്യ ദിവ്യശ്രീ എറണാകുളം മെത്രാപ്പോലീത്താതിരുമനസ്സുകൊണ്ടു് നിർവ്വഹിച്ച അവസരത്തിൽ എടുത്ത ഫോട്ടോ. നസ്രത്തു കന്യകാലയത്തിലെയും അബലാസങ്കേതത്തിലെയും വിധവാമന്ദിരത്തി (Retreat Home) ലെയും അംഗങ്ങളെ ചിത്രത്തിൽ കാണാം.

1913-ൽ പാദുകനിർമ്മാണശാലയിൽ വേലചെയ്തിരുന്ന കാലത്തു മിസ് ഫാർലി കേട്ടിട്ടുണ്ടായിരുന്നു, തന്നെപ്പോലെതന്നെ ക്ഷയരോഗം ബാധിച്ചു, ക്ലേശമനുഭവിച്ചു മരിച്ച ഒരു കൊച്ചു കർമ്മലീത്താ സന്യാസിനിയെപ്പററി. ആ യുവസന്യാസിനി പ്രദർശിപ്പിച്ചിട്ടുള്ള സഹനസന്നദ്ധതയും അവളുടെ ഇതര സദ്ഗുണങ്ങളും അവളുടെ മാദ്ധ്യസ്ഥം നിമിത്തം ലഭിച്ചിട്ടുള്ള അനവധി അനുഗ്രഹങ്ങളും മിസ് ഫാർലിയുടെ ഹൃദയത്തെ ആ സുകൃതിനിയിലേക്കു് ആകർഷിച്ചിരുന്നു. അതിനാൽ ലിസ്യൂവിലെ കൊച്ചുസഹോദരിയുടെ സിദ്ധപദപ്രഖ്യാപനത്തിനായി തന്നാലാവുന്നതു ചെയ്യണമെന്നു ചിന്തിച്ചു. മിസ് ഫാർലി ലിസ്യൂമഠാധിപരുമായി കത്തിടപാടുകളിൽ ഏർപ്പെടുകയും റോമായിൽ സമർപ്പിക്കേണ്ട അപേക്ഷയ്ക്കുവേണ്ടി അനേകം ഒപ്പുകൾ ശേഖരിക്കുകയും ചെയ്തിരുന്നു.

ചെരിപ്പു ഫാക്ടറിയിലെ കടുത്ത, മുഷിഞ്ഞ പണികഴിഞ്ഞു അല്പമൊന്നു വിശ്രമിക്കുകയോ വീട്ടുകാര്യങ്ങൾ അന്വേഷിക്കുകയോ ചെയ്യുന്നതു കൂടുതൽ സന്തോഷകരമായിരുന്നുവെങ്കിലും, മിസ് ഫാർലി നിരവധി ഭവനങ്ങൾ സന്ദർശിച്ചു ഒപ്പുകൾ സമ്പാദിക്കുകയും ലിസ്യൂ കന്യാലയത്തിൽനിന്നു ലഭിച്ചിരുന്ന ലഘുപത്രികകളും വിശുദ്ധ വസ്തുക്കളും വിതരണംചെയ്യുകയും ചെയ്തുപോന്നു.

ലിസ്യൂകന്യാലയത്തിൽനിന്നു ലഭിച്ചിരുന്ന വിശുദ്ധ കൊച്ചുത്രേസ്യായുടെ വിശുദ്ധവസ്തുക്കളിൽ ചിലതു്, സ്വർഗ്ഗാരോപണ സഭയിലെ യോഗാർത്ഥിനിയായിക്കഴിച്ച പതിനെട്ടുമാസക്കാലത്തു് അവളുടെ വീട്ടിൽ സൂക്ഷിച്ചു വച്ചിട്ടുണ്ടായിരുന്നു. 1922-ൽ മഠത്തിൽനിന്നു വീട്ടിൽ തിരിച്ചെത്തിയപ്പോൾ, ആ പാവനവസ്തുക്കളിലേക്കു മിസ് ഫാർലിയുടെ കണ്ണും കരളും തിരിഞ്ഞു. തത്ഫലമായി 1923 ഫെബ്രുവരി പത്താം തീയതി അവൾ വിശുദ്ധ ചെറുപുഷ്പത്തോടു ഒരു നവദിനാപേക്ഷ ആരംഭിച്ചു, തനിക്കു രോഗശാന്തി ലഭിക്കുന്നതിനായി, ഈശ്വരാഭിലാഷം അതാണെങ്കിൽ.

നൊവേനയുടെ ആദ്യദിവസം അവളുടെ രോഗം വർദ്ധിച്ചു. രണ്ടാം ദിവസം ക്രമാതീതമായി വർദ്ധിക്കുകയാൽ അവൾക്കു അടുത്തുള്ള പള്ളിയിൽപോകുവാൻതന്നെ പ്രയാസമായിരുന്നു. "ഈ നൊവേനകൊണ്ടു പ്രയോജനമില്ല, അതു നിറുത്തിക്കളയാം." എന്നുപോലും അവൾ വിചാരിച്ചുപോയി. എന്നാൽ അവൾ സുവിശേഷത്തിലെ ഒരു വാക്യം ഓർമ്മിച്ചു, "അദ്ദേഹം അസഹനീയവേദന അനുഭവിച്ചിരുന്നതിനാൽ, കൂടുതൽ സമയം പ്രാർത്ഥിച്ചു." ആ വാക്യം അവളിൽ വീണ്ടും ആശാകിരണങ്ങൾ തൂകി. അവൾ വിശുദ്ധ കൊച്ചുത്രേസ്യായോടു രോഗശമനത്തിനായി വീണ്ടും വീണ്ടും പ്രാർത്ഥിച്ചു.

ഒരു ദിവസം പൊടുന്നനെ അവളുടെ വിഷാദം നീങ്ങി, വിഷമത ശമിച്ചു. ആരോഗ്യവും ശാന്തിയും അവളുടെ ചടച്ച ശരീരത്തിലെ ഓരോ സിരകളിൽക്കൂടിയും പ്രവഹിക്കുന്നതുപോലെ അവൾക്കു തോന്നി. അവൾക്കു മനസ്സിലായി രോഗം നിശ്ശേഷം ശമിച്ചുവെന്നു്. പനിയും ചുമയും തീർത്തുമാറി. വൈദ്യന്മാർ വന്നു പരിശോധിച്ചശേഷം പറഞ്ഞു, അവളുടെ ശരീരത്തിൽ ക്ഷയരോഗത്തിൻെറ ഒരു അണുപോലുമില്ലെന്നു്.

രോഗശമനത്തോടെ, സ്വർഗ്ഗാരോപണ സന്യാസിനീസമൂഹത്തിൽ വീണ്ടും ചേരുന്നതിനായി അവൾ തിടുക്കം പൂണ്ടു. എന്നാൽ അവളുടെ രോഗശാന്തി താല്ക്കാലികമാണോ എന്ന സംശയം തികച്ചും മാറുന്നതിനായി അല്പകാലം കാത്തിരുന്നതിനുശേഷം കന്യകാലയപ്രവേശം മതിയാവുമെന്നു മഠാധികൃതർ തീരുമാനിച്ചു.

ഏകദേശം എട്ടുമാസങ്ങൾ നീങ്ങിയകന്നുപോയി. ഒരു സുപ്രഭാതത്തിൽ, ലിസ്യൂവിലെകർമ്മലമഠത്തിൽനിന്നും മിസ് ഫാർലിക്കു ലഭിച്ചു ഒരു കെട്ടു ല

ഷ്യലേഖകൾ. മിഷൻദേശങ്ങളിലെ വൈദികപഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി വിശുദ്ധ കൊച്ചുത്രേസ്യായുടെ ബഹുമാനത്തെ മുൻനിറുത്തി സുകൃതിനീഭക്തർ ധനസഹായം ചെയ്യണമെന്നുള്ള അഭ്യർത്ഥനയായിരുന്നു ആ ലഘുപത്രികകളുടെ ഉള്ളടക്കം. അവയിലൊന്നു വായിച്ചപ്പോൾതന്നെ മിസ് ഫാർലിക്കു മനസ്സിലായി, അവളുടെ ജീവിതകർത്തവ്യമെന്താണെന്നു്.

അവൾ വിചാരിച്ചു: "കൊച്ചുത്രേസ്യാക്കു ലോകാന്ത്യംവരെ ഒരു മിഷനറിയായിരുന്നാൽ കൊള്ളാമെന്നു ആഗ്രഹമുണ്ടായിരുന്നു. എനിക്കും ഒരു മിഷനറിയായാൽ കൊള്ളാമെന്നുണ്ടു്. പക്ഷെ എന്റെ നിലയിൽ അതു സാധിക്കയില്ലല്ലോ. അതിനാൽ അതിനു സാധിക്കുന്നവരെ സഹായിക്കുക തന്നെ."

അവൾ അതിനായി ഉദ്യമിച്ചു, അല്പകാലത്തിനുള്ളിൽ അനേകം വൈദികവിദ്യാർത്ഥികൾക്കു സഹായമരുളുവാൻ ആ അജ്ഞാതവനിതയുടെ വിനീതകരങ്ങൾക്കു കഴിഞ്ഞു. അവൾ പറയാറുണ്ടു്, "ഇതെല്ലാം സാധിച്ചതു് വിശുദ്ധ കൊച്ചുത്രേസ്യായാണു്. ഞാൻ പുണ്യവതിയുടെ ദുർബലമായ ഒരു ആയുധംമാത്രം."

വളരെ ലളിതമായ ഒരു രീതിയാണു അവൾ പണം പിരിക്കുന്നതിനായി സ്വീകരിച്ചതു്. മാസംതോറും ഇരുപത്തിയഞ്ചു സെൻറു വീതം ഒരു മിഷനറിയെ പഠിപ്പിക്കുന്നതിനായി നൽകണമെന്നു അവൾ ഒരു സ്നേഹിതയോടു ആവശ്യപ്പെട്ടു. സ്നേഹിത അതിനു സമ്മതിച്ചു. അനന്തരം ഇരുപത്തിയഞ്ചു സെൻറു വീതം നൽകുവാൻ മനസ്സുള്ള കുറെ ജനങ്ങളെ ചേർത്തു അവരെല്ലാം ഒരു സംഘം രൂപവൽക്കരിച്ചു. ആ സംഘത്തിന്റെ രണ്ടാമത്തെ യോഗത്തിൽവച്ചു മിസ് ഫാർലിയെ അതിന്റെ കാര്യദർശിനിയായി തെരഞ്ഞെടുത്തു. ആ സമൂഹത്തിനു ഒരു പേരിടേണ്ടതിനെപ്പറ്റി ആലോചിച്ചപ്പോൾ, പെട്ടെന്നൊരു പ്രചോദനമുണ്ടായാലെന്നപോലെ ഒരു അംഗം പറഞ്ഞു, "വിശുദ്ധ കൊച്ചുത്രേസ്യായുടെ പ്രേഷിതപനിനീർച്ചെടി" എന്നു്. അതുതന്നെ സർവ്വസമ്മതപ്രകാരം ആ സംഘത്തിന്റെ നാമധേയമായി സ്വീകരിച്ചു.

അഞ്ചു ഡോളർ കിട്ടിയാൽ മിഷൻദേശങ്ങളിൽ ഒരു പ്രേഷിതവിദ്യാർത്ഥിക്കു് ഒരു മാസത്തെ ആവശ്യങ്ങൾക്കു തികയുമായിരുന്നു. ആ സംഖ്യ ഇരുപത്തിയഞ്ചു സെൻറുവീതം ഇരുപതു അംഗങ്ങളിൽനിന്നു പിരിച്ചെടുക്കുക എന്നാണു് മിസ് ഫാർലിയും സംഘവും തീരുമാനിച്ചതു്. അങ്ങനെ ലഭിക്കുന്ന അഞ്ചു ഡോളർ ഇരുപതു ശിഖരങ്ങളുള്ള ഒരു മൗതിക പനിനീർച്ചെടിയായി ഗണിക്കപ്പെട്ടു. പല സമൂഹങ്ങളുടെ ഉടലെടുത്തതോടെ, ഇങ്ങനെയുള്ള നിരവധി പനിനീർച്ചെടികൾ വളർത്തുവാൻ മിസ് ഫാർലിക്കു സാധിച്ചു.

മിസ് ഫാർലിയുടെ പ്രസ്ഥാനത്തിനു് അയൽദേശങ്ങളിൽ പ്രസിദ്ധിലഭിച്ചതോടെ, പല ഇടവകകളിലും വികാരിയച്ചന്മാർ അവരുടെ ഈ പദ്ധതി സ്വീകരിച്ചു പ്രവർത്തിക്കുകയും ഇരുപതു പേരടങ്ങിയ ഓരോ സമൂഹത്തിൽനിന്നു ലഭിക്കുന്ന പനിനീർച്ചെടികൾ (അഞ്ചു ഡോളർ വീതം) മിസ് ഫാർലിക്കു അയച്ചുകൊടുക്കുകയും ചെയ്തുപോന്നു.

മിസ് ഫാർലിയുടെ ജീവിതം അത്യന്തലളിതമാണു്, ഏതാണ്ടൊരു സന്യാസിനിയുടേതുപോലെതന്നെ. പുലർകാലത്തു പള്ളിയിൽപോയി കുർബാന കാണും, കുർബാന ഉൾക്കൊള്ളും. തിരിച്ചുവന്നാലുടനെ പ്രാതൽ കഴിക്കും. പിന്നീടു അവൾക്കു വളരെ ജോലി ചെയ്യുവാനുണ്ടു് അവളെ സഹായിക്കുവാൻ ടൈപ്പിസ്റ്റോ കണക്കെഴുത്തുകാരോ ഇല്ല. സകല കത്തുകൾക്കും അവൾതന്നെ മറുപടി അയക്കണം, കണക്കുകൾ എഴുതി സൂക്ഷിക്കണം, ഓരോ വിഷമപ്രശ്നവുമായി വന്നുചേരുന്ന സന്ദർശകരെയെല്ലാം സ്വീകരിച്ചു അവരോടു സംഭാഷണം നടത്തണം, പലപ്പോഴും അവരെ ഉപദേശിക്കണം, ആശ്വസിപ്പിക്കണം.

മിസ് ഫാർലി യാതൊരു ശമ്പളവും വാങ്ങുന്നില്ല. രൂപതയിൽനിന്നും അവൾക്കു നൽകിയിട്ടുള്ള ഒരു ചെറിയ വീട്ടിലാണു് അവൾ നിരന്തരം പ്രാർത്ഥിച്ചും ജോലിചെയ്തും ജീവിക്കുന്നതു്. രൂപതയിൽനിന്നുതന്നെ അവളുടെ ഉപജീവനത്തിനു ആവശ്യമായ ചുരുങ്ങിയ ചെലവും നൽകുന്നു.

അവളുടെ ഭവനത്തിൽ ഒരു കൊച്ചു പ്രാർത്ഥനാമുറി ഉണ്ടു്. അതാണു് അവളുടെ ശക്തികേന്ദ്രം. ലിസ്യൂമഠത്തിൽനിന്നു അവൾക്കു കൃതജ്ഞതാപൂർവ്വം സമ്മാനിച്ച വിശുദ്ധ കൊച്ചുത്രേസ്യായുടെ ഒരു ഛായാപടം ആ പ്രാർത്ഥനാലയത്തെ അലങ്കരിക്കുന്നു. അവിടെ ഒരു പേടകത്തിനുള്ളിൽ വിശുദ്ധ ചെറുപുഷ്പത്തിന്റെ വിശിഷ്ടാവശിഷ്ടങ്ങളുണ്ടു്. ഈ പ്രാർത്ഥനാലയത്തിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെ ചിത്രത്തിനു മുൻപിൽ മുട്ടുകുത്തിനിന്നുകൊണ്ടാണു് മിസ് ഫാർലി സ്വജീവിതത്തിലെ ആനന്ദതമങ്ങളായ നിമിഷങ്ങളിൽ സ്വയം ആമജ്ജനം ചെയ്യുന്നതു്.

കറുത്ത കണ്ണുകളും വെളുത്തുതുടങ്ങിയ മുടിയും ചടച്ച ദേഹവും ഉള്ള ശാന്തശീലയായ ഒരു സ്ത്രീയാണു് മിസ് ഫാർലി. അതിവശാന്തിയും ഏതാണ്ടൊരു അലൌകാത്മകതത്വവും അവളുടെ കപോലങ്ങളിൽ സർവ്വദാ തെളിഞ്ഞുകാണാം. ഒരു പരലോകവാസിനിയാണു് അവളെന്നു തോന്നിപ്പോകും പെട്ടെന്നൊന്നു കണ്ടാൽ. എന്നാൽ അവൾ കാലതരംഗത്തിന്റെ മുകളിൽ താളം ചവിട്ടിനില്ക്കുന്ന ഒരു വിമോഹനനർത്തകിയാണു്. നിത്യതയിലേക്കു കുതിച്ചുചാടുവാനായി അവൾ പദമുയർത്തിനില്ക്കുകയാണു്, സായാഹ്നം ആസന്നമാകുന്നതും പാർത്തു്.

നമ്മുടെ നാട്ടിൽ "കരക്കന്യാസ്ത്രീകളെ"ന്നു അധിക്ഷേപിക്കപ്പെടുന്ന ചിലർക്കെങ്കിലും മിസ് ഫാർലിയുടെ പ്രസ്ഥാനം പ്രചോദനമരുളുമെന്നു പ്രത്യാശിക്കാം.

ചെറുകഥ

# ഞങ്ങളുടെ കടക്കാർ

(ജി. സി. ടീലാർ)

പണ്ടു പണ്ടുതന്നെ അവിടെ പരിഷ്കാരം ഓളംവെട്ടിനിന്നിരുന്നു. അലക്സാണ്ഡ്റിയായിലെ പാത്രിയർക്കന്മാർ പ്രസിദ്ധിയുള്ളവരാണു്. അനേകം വിശുദ്ധന്മാർ അവിടത്തെ സിംഹാസനത്തിൽ ഇരുന്നിട്ടുണ്ടു്. ഒരു വിശുദ്ധന്റെ കാലംവന്നു. ജോൺ എന്നാണു് അദ്ദേഹത്തിന്റെ പേർ. ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും അദ്ദേഹം ഭദ്രാസനദേവാലയത്തിൽവച്ചു് ഉജ്ജ്വലത്തായ പ്രസംഗങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഇടയലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി. എന്നിട്ടും ക്രിസ്തീയരൂപി ഉണർന്നില്ല. പണസമ്പാദ്യത്തെമാത്രം ലാക്കാക്കി ചിലർ പ്രവർത്തിച്ചുകൊണ്ടിരുന്നു. ചിലർ കീർത്തിബഹുമാനങ്ങൾക്കുവേണ്ടിയും. അങ്ങനെ പരസ്പരകലഹങ്ങൾ മുഴുത്തു. യുദ്ധവും വൈരാഗ്യവും വർദ്ധിച്ചു. എന്നാൽ അവർ ക്രിസ്ത്യാനികളുമായിരുന്നു.

ഞായറാഴ്ചദിവസങ്ങളിൽ അവിടെ മനോഹരമായ ഒരു കാഴ്ചയുണ്ടു്. ദേവാലയത്തിലെ മണിനാദം മുഴങ്ങിക്കഴിഞ്ഞാൽ കാണാം ഒരു വലിയ ജനക്കൂട്ടം. എല്ലാവരും വെള്ളവസ്ത്രങ്ങൾ ധരിച്ചിരിക്കുന്നു. എല്ലാവർക്കും ഒരു ഐക്യബോധമുണ്ടു്. അവർ പ്രശാന്തരായി ഒരടഞ്ഞ സ്വരത്തിൽ സംസാരിച്ചുകൊണ്ടു് ദേവാലയത്തിലേക്കു പോകുന്നു. അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ കരത്തിലേന്തിയിരിക്കുന്നു. ചില കുഞ്ഞുങ്ങൾ കരയും. അവരോടു് അമ്മമാർ പറയുന്നതു്: നമുക്കുപോയി കർത്താവിനെ കാണാമെന്നാണു്. അമ്മയുടെ മതചൈതന്യം കുഞ്ഞുങ്ങളിലേക്കു പ്രവഹിക്കും. അച്ചടക്കബോധത്തോടുകൂടിയാണു് അവർ ദിവ്യബലിയിൽ സംബന്ധിക്കാറുള്ളതു്. പ്രസംഗങ്ങൾ അവർ കേൾക്കും. കർമ്മാദികൾ കഴിഞ്ഞു് അവർ വീടുകളിലേക്കു തിരിച്ചുപോകയും ചെയ്യും. അവിടെ അവർ ഞായറാഴ്ച വസ്ത്രങ്ങൾ മാറും, അതിൽവച്ചു ക്രിസ്തീയതത്വം പൊതിയും പെട്ടികളുമിൽ അതു ഭദ്രമായി സൂക്ഷിക്കയും ചെയ്യും. അങ്ങനെ അവർക്കു വസ്ത്രത്തിൽ തങ്ങിനിൽക്കുന്ന ഒരു ക്രിസ്തീയതത്വം.

ബറോളാ ഒരു വലിയ പ്രഭുവാണു്. ധനംകൊണ്ടയാൾക്കു തൃപ്തിയൊന്നുമുണ്ടായിട്ടില്ല. ലോകം മുഴുവനേയും തന്റെ പാദപീഠമാക്കുവാനായിരുന്നു അയാളുടെ ശ്രമം. വളരെ വളരെ സമ്പാദിച്ചു അയാൾ. അനേകരുടെ കണ്ണുനീർ അയാളുടെ മുമ്പിൽ പൊഴിഞ്ഞിട്ടുണ്ടു്. വിശന്നവർ അയാളുടെ മുമ്പിൽവന്നു് അപ്പം യാചിച്ചു. നഗ്നന്മാർ വസ്ത്രവും. അയാൾ മൂകനായിരുന്നു, അന്ധനായിരുന്നു ബധിരനായിരുന്നു അപ്പോഴൊക്കെയും. എന്നാൽ ഗോഡ്ലാക്കിന്റെ പേരു കേൾക്കുമ്പോൾ അയാൾ ഉണരുമായിരുന്നു. ഗോഡ്ലാക്കും അവിടത്തെ ഒരു വലിയ പ്രഭുവാണു്. ഗോഡ്ലാക്കു് ഒരിക്കൽ തന്റെ ഭൃത്യനോടു ചോദിച്ചു: "എന്നെപ്പോലെ പ്രതാപവാനായി ഇന്നു മറ്റാരാണു് ഈ അലക്സാണ്ഡ്റിയായിൽ ഉള്ളതു്?" ആ ഭൃത്യനു ചില കാര്യങ്ങൾ സാധിക്കാനുണ്ടായിരുന്നു. "അവിടുത്തെപ്പോലെ പ്രതാപവാനായി ഈ രാജ്യത്തെന്നല്ല അയൽരാജ്യത്തുപോലുമില്ല മറ്റൊരാൾ" എന്നവൻ തീർത്തുപറയുകയുണ്ടായി. ഗോഡ്ലാക്കിന്റെ ഹൃദയത്തിൽ ആനന്ദം തിങ്ങി നിറയുകയും ചെയ്തു.

അല്പംകഴിഞ്ഞു കാണും. അപ്പോൾ കേൾക്കാം ഒരാരവം. ഗോഡ്ലാക്കു് രണ്ടാം നിലയിൽ കയറിനോക്കി. ആ വഴിക്കു വരുന്നു അനേകം ആളുകൾ. അവരുടെ മദ്ധ്യത്തിൽ ബറോളാപ്രഭുവിന്റെ മകൻ വിവാഹത്തിനായി ദേവാലയത്തിലേക്കു പോകുന്നു. തിളങ്ങുന്ന ആഭരണങ്ങൾ ആ യുവാവിന്റെ കുടുംബത്തിനു പ്രശസ്തിചാർത്തി. ആളുകൾ, സദ്യയിൽ സംതൃപ്തരായി പ്രഭുവിനെ പ്രശംസിച്ചുകൊണ്ടു നടന്നിരുന്നു. ഗോഡ്ലാക്കിന്റെ ഹൃദയത്തിനു് ഒരു നീറ്റൽ. അയാളുടെ കണ്ണുകൾ വേദനിച്ചു. താഴെക്കിറങ്ങി. പഴയ ഭൃത്യനെ പിന്നെയും വിളിച്ചു. "എടാ നീ കണ്ടോ ഈ ആഘോഷങ്ങളെല്ലാം? നമ്മുടെ മുമ്പിൽക്കൂടി എത്ര ധിക്കാരമായിട്ടാണു് അവർ കടന്നുപോയതു്?" അവൻ പറഞ്ഞു: "ശരിയാ. ഈയിടെയായി ബറോളാ കാര്യത്തിൽ കുറേ അധികം ചാടുന്നൊണ്ടു്. എത്ര ചാടിയാലും ഇവിടത്തെ ഒപ്പം പൊങ്ങുകേലാ."

"അതല്ലേടാ ഞാനും പറയുന്നതു്. എങ്കിലും അവനെയൊക്കെ ഒന്നു പഠിപ്പിക്കാണ്ടു വിട്ടാലോ? ഇനീം ഇതിൽ കൂടുതലാകലേ?"

"ശരിയാ, അത്ര കേറിവിടുന്നതു് ഇവിടുത്തേവക്കുമാനക്കേടാ. അതുകൊണ്ടു് വല്ലാം ഒന്നു നോക്കണം."

"എത്ര ചാക്കരിയിടെ സദ്യ കാണും?"

"500 ചാക്കരീടേന്നാ കേട്ടതു്."

"ആഹാ അത്രയ്ക്കായോ ബറോളാ! എന്നാൽ നിന്റെ മിടുക്കു് എനിക്കൊന്നു കാണണം."

"ഞാനെന്തു വേണേലും ചെയ്യാം. ഇവിടത്തെ ചോറല്ലേ എനിക്കു്?"

"എന്നാൽ സദ്യ കുഴയ്ക്കണം. എന്താ പണി?"

"തിന്നുന്നോൻ തിന്നുന്നോൻ വയറിളകി ചെലയുന്ന ഒരു വിദ്യയുണ്ടു്."

"എന്താണു വിദ്യ! ഒന്നു പറഞ്ഞേ. കേൾക്കട്ടെ."

"ഒരുതരം വിഷം. അതങ്ങു സൂത്രത്തിൽ വാർപ്പിലോരോന്നിലിട്ടു ചെരിച്ചുമാതി."

"മിടുക്കൻ. അതുതന്നെ പറ്റിയ പണി. നിനക്കമ്പതു രൂപാ സമ്മാനം. വേഗം കാര്യം നേടിയേച്ചുവരു. അവന്റെ സദ്യക്കു് ഇനി ഒരുത്തരും പോകരുതു്."

കല്യാണവിരുന്നിൽ സംബന്ധിച്ചവർ അനേകരായിരുന്നു. എല്ലാവർക്കും പിടിപെട്ടു വയറ്റിളക്കം. ചിലർ അവശരായി വഴിയിൽ വീണു. ധനികന്മാർ വൈദ്യരെ വരുത്തി. അവരുടെ പണസഞ്ചിയും ശോഷിച്ചു. അങ്ങനെ പല പല നഷ്ടങ്ങൾ; ബറോളാപ്രഭുവിന്റെ ഒരു സദ്യമൂലം. പ്രഭു ബുദ്ധിമാനായിരുന്നു. അയാൾക്കതിന്റെ കാരണം കണ്ടുപിടിക്കുവാൻ അധികം ബുദ്ധിമുട്ടേണ്ടിവന്നില്ല. ഗോഡ്ലാക്കിനോടു മുമ്പത്തേതിൽ കൂടുതൽ വിരോധമായി. പകരംവീട്ടുവാൻ പറ്റിയ ഒരവസരം അയാൾ പാർത്തിരുന്നു.

അനീതിയും അക്രമവും ഗോഡ്ലാക്കിന്റെ കൂടപ്പിറപ്പുകളായിരുന്നു. ഒരു പാവപ്പെട്ട മനുഷ്യൻ അയാളുടെ തോട്ടത്തിനടുത്തു് ഒരു ചെറ്റക്കുടിലിൽ താമസമുണ്ടു്. ഭാര്യയും അഞ്ചു മക്കളും കൂട്ടത്തിൽ. തോട്ടത്തിലേക്കു് ഒരു റോഡു വെട്ടിക്കണമെന്നു് ഒരിക്കൽ പ്രഭു നിശ്ചയിച്ചു. അതു് ആ ചെറ്റക്കുടിലിനു നടുവേ പോകണം. കുറേ ആളുകളെ ശേഖരിച്ചു് അയാൾ ഒരാജ്ഞ നൽകി: "ആ കുടിൽ വലിച്ചുപൊളിച്ചുകളഞ്ഞു് വഴി നേരേ വെട്ടുക." അവർ അങ്ങനെതന്നെ ചെയ്തു. ആ സാധുകുടുംബം കണ്ണുനീർ വടിച്ചെറിഞ്ഞിട്ടു് അവിടെനിന്നും പുറപ്പെട്ടു. വഴിക്കുവച്ചു് അവർ ബറോളാ പ്രഭുവിനെ കണ്ടുമുട്ടി. അയാളോടു് വിവരം പറഞ്ഞു അവർ. അയാൾ അതൊരു തരമെന്നു കരുതി. ആ സാധുകുടുംബത്തെ സ്വന്തം സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുപോയി, അവിടെ താമസിപ്പിച്ചു. ഗോഡ്ലാക്കിന്റെ പേരിൽ ആ സാധുവിനെക്കൊണ്ടു് ഒരു കേസും കൊടുപ്പിച്ചു. വളരെ വാശിയോടെ കേസു നടന്നുകൊണ്ടിരുന്നു. പാവപ്പെട്ടവനുവേണ്ടി ചെലവു ചെയ്യുന്നതു മുഴുവനും ബറോളാപ്രഭു. അയാൾ ഒരു സാധുവിനെ സഹായിക്കുന്നു എന്നാണു് പരക്കെയുള്ള സംസാരം. അവിടത്തെ ജനങ്ങൾ രണ്ടു കക്ഷികളായി തിരിഞ്ഞു ബറോളാ—ഗോഡ്ലാക്കു്. അതെത്തുടർന്നു് മറ്റനേകംകേസുകൾ ഉണ്ടായി. മിക്കതും കള്ളക്കേസുകൾതന്നെ. കള്ളസാക്ഷികളും ഉണ്ടാക്കേണ്ടിവന്നു. ജീവനെ ഭയന്നു് ബറോളായും കുടുംബവും പുറത്തിറങ്ങാതായി. ഗോഡ്ലാക്കിന്റെയും സ്ഥിതി അതുതന്നെ. എങ്കിലും ഞായറാഴ്ചത്തെ ദിവ്യപൂജ അവർ മുടക്കിയിരുന്നില്ല.

പരസ്നേഹത്തെപ്പറ്റി വൈദികൻ പ്രസംഗിച്ചു. പക്ഷേ പരസ്നേഹത്തിനു് അവരുടെ ഇടയിൽ സ്ഥാനമുണ്ടായില്ല. വൈദികൻ ബറോളായെ വിളിച്ചുവരുത്തി രഹസ്യത്തിൽ ഒരുപദേശം: "എന്റെ സഹോദരാ, നമ്മുടെ കർത്താവിന്റെ പ്രമാണമെന്താണെന്നറിയാമല്ലോ. നിങ്ങൾ ശത്രുതനീക്കി ഗോഡ്ലാക്കുമായി രമ്യപ്പെടണം. അല്ലെങ്കിൽ ക്രിസ്ത്യാനി എന്ന പേരിനുപോലും നിങ്ങൾ അർഹനല്ല." ബറോളാ പ്രതിവചിച്ചു: "എന്റെ അച്ചോ, എന്നെപ്പോലെ നീതിമാനായി ഒരാളെ അച്ചൻ ഈ അലക്സാന്ത്രിയായിലും അടുത്തപ്രദേശത്തും കാണുകയില്ല. ഗോഡ്ലാക്കു് എന്തൊരനീതിയാണു പ്രവർത്തിച്ചതു്. ഒരു പാവപ്പെട്ട മനുഷ്യന്റെ കുടില് തകർത്തിട്ടു് അതിലേക്കൂടി വഴിവെട്ടിയിരിക്കുന്നു. ഇതാണോ ക്രിസ്തുമതം പഠിപ്പിക്കുന്നതു്? ക്രിസ്തുനാഥനു വേണ്ടി ഞാൻ പോരാടുകയാണു്."

"നിങ്ങൾ പറയുന്നതു ശരിയായിരിക്കാം. പക്ഷേ നിങ്ങൾ തമ്മിലുള്ള ശത്രുതമൂലം അനേകംപേർ കള്ളസാക്ഷി പറയുവാൻ നിർബന്ധിക്കപ്പെടുന്നു; അനേകർ സത്യം പറയുവാൻ ഭയപ്പെടുന്നു. ജനങ്ങൾതന്നെ രണ്ടുകക്ഷികളായി തിരിഞ്ഞു് ഒരു യുദ്ധംതന്നെ നടക്കുന്നു. ഇതിനൊന്നും നിങ്ങൾക്കുത്തരവാദിത്വം ഇല്ലെന്നു പറയുന്നോ?"

"ഞാൻ എന്താണു ചെയ്യേണ്ടതു്! അച്ചൻ പറഞ്ഞേക്കണം."

"നിങ്ങൾ തമ്മിൽ രമ്യപ്പെടണം."

"ഒരു പിശാചിനെ ഞാൻ സ്നേഹിക്കാം. എന്നാൽ എന്നോടു നിരന്തരം ദ്രോഹംചെയ്തുകൊണ്ടിരിക്കുന്ന അവനെ..........അച്ചനറിഞ്ഞുകൂടെ ആ കല്യാണസദ്യക്കു വിഷം കലക്കിയ കഥയും മറവും?"

(ശേഷം 11-ാം പേജിൽ)

* ഇംഗ്ലീഷിൽനിന്നു ഭാഗികമായ ആശയാനുവാദം

# മാർപ്പാപ്പായുടെ പ്രതിനിധിക്കു സമർപ്പിച്ച മംഗളപത്രം

[ജനുവരി 4-ാംനു ബാംഗളൂരെ ഒളിമ്പിക്‌സ്റ്റേഡിയത്തിൽവച്ച് പേപ്പൽ പ്രതിനിധി കർദ്ദിനാൾ ഗിൽറോയി തിരുമനസ്സിലേക്ക് ഇൻഡ്യയിലെ കത്തോലിക്കാഹയരാർക്കിയുടെയും വൈദികരുടെയും അൽമേനികളുടെയും നാമത്തിൽ സമർപ്പിക്കപ്പെട്ട മംഗളപത്രത്തിന്റെ പരിഭാഷ താഴെ ചേർക്കുന്നു.]

തിരുമേനി, അവിടുന്നു ഭാരതം, പ്രത്യേകിച്ച് ഈ ബാംഗളൂർ നഗരം സന്ദർശിക്കുന്ന ഈ അവസരത്തിൽ, അങ്ങേ അഭിവാദ്യംചെയ്യുന്നതിനും അങ്ങേക്കു ആത്മാർത്ഥമായ ഭാവുകങ്ങൾ ആശംസിക്കുന്നതിനുമാണ് ഭാരതീയഹയരാർക്കിയിലെ അംഗങ്ങൾ, ഭാരതമാകെയുള്ള കത്തോലിക്കരെ പ്രതിനിധീകരിച്ചുകൊണ്ടു അപ്പസ്തോലിക് ഇന്റർനുൺഷിയോ തിരുമേനിയും ഒന്നിച്ച് ഈ സായാഹ്നത്തിൽ ഇവിടെ സമ്മേളിച്ചിരിക്കുന്നത്. പരിശുദ്ധ കത്തോലിക്കാ ശ്ലൈഹികസഭയിലെ ഒരു അത്യുന്നത കർദ്ദിനാൾ തിരുമേനിയെ, ഒരു ഔദ്യോഗിക കൃത്യനിർവഹണത്തിനായി ഭാരതം സന്ദർശിക്കുന്ന അവസരത്തിൽ, ചരിത്രത്തിൽ ഇദംപ്രഥമമായി സ്വാഗതം ചെയ്യുന്നതിനുള്ള അസുലഭഭാഗ്യം അങ്ങനെ ഞങ്ങൾക്കു ലഭിച്ചിരിക്കുന്നു.

അങ്ങയെ ഞങ്ങൾക്കു നേരിട്ടു പരിചയമില്ലായിരിക്കാമെങ്കിലും, ഞങ്ങളിൽ ചിലർ, അങ്ങയുടെ, പ്രത്യേകിച്ചും അങ്ങു കർദ്ദിനാൾസ്ഥാനത്തേക്കുയർത്തപ്പെട്ടതിനുശേഷമുള്ള, പ്രശസ്തമായ സേവനങ്ങളെ താല്പര്യപൂർവ്വം വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അങ്ങ് അങ്ങയുടെ രാജ്യത്തിലെ ദേശീയപ്രാമാണ്യമുള്ള ഒരു വ്യക്തിമാത്രമല്ല, പ്രത്യുത ഒരു സാർവ്വദേശീയപുരുഷൻ കൂടിയാകുന്നു. ക്രൈസ്തവലോകത്തിന്റെ പരമാദ്ധ്യക്ഷൻ 1949 മേയ്മാസത്തിൽ ജപ്പാനിലേക്കും ഇപ്പോൾ വീണ്ടും ഇൻഡ്യയിലേക്കും പ്രത്യേകദൗത്യനിർവ്വഹണാർത്ഥം അങ്ങയെ നിയോഗിച്ചിരിക്കുന്നു.

ഒന്നാമത്തെ ലോകമഹായുദ്ധകാലത്തു എങ്ങനെ ഷെൽവർഷമേറ്റു തകർന്നുകൊണ്ടിരുന്ന ഗാല്ലിപ്പോളിയുടെ തീരങ്ങളിൽ നിന്നു ദൈവപരിപാലന അവിടുത്തെ കാത്തുസംരക്ഷിച്ചുവെന്നും, എങ്ങനെ വിശുദ്ധസ്ഥലത്തേക്കു അങ്ങേ ക്ഷണിക്കുകയും റോമയിലെ പ്രോപ്പഗാന്താകോളേജിലേക്കു നയിക്കുകയും ചെയ്തുവെന്നും, എങ്ങനെ സിഡ്നിയിലെ അപ്പസ്തോലിക്ക് ഡെലിഗേഷന്റെ നിശ്ശബ്ദമായ അന്തർഭൗമികാലയങ്ങളിൽ അവിടുന്നു കഴിച്ചുകൂട്ടിയെന്നും, എങ്ങനെ അങ്ങയുടെ പ്രതിഭാവിലാസങ്ങളും ഗുണങ്ങളും ആവിഷ്കൃതമായെന്നും ഞങ്ങൾ അറിഞ്ഞിട്ടുണ്ട്. പിന്നീടു അങ്ങു പോർട്ട് അഗസ്റ്റായുടെ മെത്രാനായും അനന്തരം സിഡ്നി മെത്രാപ്പോലീത്തായായും നിയമിക്കപ്പെട്ടതും ഞങ്ങൾ കേട്ടിരിക്കുന്നു. മതസത്യങ്ങളെയും, ധാർമ്മികനിയമങ്ങളെയും പാലിക്കുന്നതിനുള്ള അങ്ങയുടെ അവിശ്രമപരിശ്രമങ്ങളെയും, ദൈവരാജ്യം പരത്തുവാനുള്ള അങ്ങയുടെ തീക്ഷ്ണമായ ശുഷ്കാന്തിയേയും, അങ്ങയുടെ ആന്തരികമായ മഹത്വത്തേയും, ശാലീനമായ സംസ്കാരത്തെയും പററിയും ഞങ്ങൾ അറിഞ്ഞിട്ടുണ്ട്.

ഇൻഡ്യയും വിദൂരമായ സിഡ്നിയും തമ്മിൽ ഏതാണ്ടൊരു ബന്ധത്തെ കുറിക്കുന്ന ഒരു സംഭവം ഞങ്ങൾ അനുസ്മരിച്ചുകൊള്ളട്ടെ. ഒരു ബെനഡിക്ടൻ സന്യാസിയായ ഫാദർ ജോൺ ബീഡ് പോൾഡിങ്ങ് അവർകൾ 1832 ഫെബ്രുവരിമാസത്തിൽ മദ്രാസിലെ ആദ്യ വികാരി അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടു. എന്നാൽ ആ ഉത്തരവാദിത്വങ്ങളിൽനിന്നു തന്നെ ഒഴിവാക്കണമെന്നു അദ്ദേഹം നിർബന്ധപൂർവ്വം അപേക്ഷിക്കുകയാൽ, അദ്ദേഹം അതിൽനിന്നു ഒഴിവാക്കപ്പെടുകയുണ്ടായി. പക്ഷെ അതിനുശേഷം കുറേക്കഴിഞ്ഞു 1834-ൽ ന്യൂഹോളണ്ടിലെ വികാരി അപ്പസ്തോലിക്കയായും 1842-ൽ സിഡ്നി മെത്രാപ്പോലീത്തായായും അദ്ദേഹം നിയമിക്കപ്പെടുകയുണ്ടായി. ആകയാൽ, ആദ്യം മദ്രാസ് വികാരി അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ട ഒരാളുടെ പിൻഗാമിയെയാണ്, അങ്ങുവഴിയായി, ഞങ്ങൾ സ്വാഗതംചെയ്യുന്നത്.

ഒരു കർദ്ദിനാൾ എന്ന നിലയിലും തിരുസഭാസെനറ്റിലെ ഒരു അംഗമെന്ന നിലയിലും മാത്രമല്ല, പ്രത്യുത അതിലുപരിയായി ഇന്ത്യയിൽ സഭയുടെ ക്ഷേമം പുലർത്തുന്നതിനു സഹായിക്കുകയും, സഭയുടെ ഭാവിയെ സാരമായി ബാധിക്കുകയും ചെയ്യുന്ന ചട്ടങ്ങളും തീരുമാനങ്ങളും കരുപ്പിടിക്കുന്ന ഒരു സൂനഹദോസിന്റെ ചർച്ചകളിൽ ആദ്ധ്യക്ഷം വഹിക്കുന്നതിനായി പരിശുദ്ധപിതാവ് നിയോഗിച്ചിരിക്കുന്ന ഒരു പ്രത്യേക പ്രതിനിധിയെന്ന നിലയിലും ഞങ്ങൾ അങ്ങയെ അഭിവാദ്യം ചെയ്യുന്നു. ലോകമാകെ ചിതറിക്കിടക്കുന്ന വിവിധ ജാതികളിലും ഭാഷകളിലുംപെട്ട 43 കോടി കത്തോലിക്കരുടെ ഐക്യകേന്ദ്രമാകുന്നു പരിശുദ്ധപിതാവ്. അപ്രമാദികമായ സത്യവും, പരമമായ അധികാരവും, ന്യായവിചാരണപരമായ അധികാരവും മാത്രമല്ല, പ്രത്യുത ക്രിസ്തു തന്റെ വികാരിയുടെ സൂക്ഷ്മതിട്ടനല്പിച്ചിരിക്കുന്നവരപ്രസാദത്തിന്റെയും സ്നേഹത്തിന്റെയും നവ്യവ്യവസ്ഥിതികളെയും ഞങ്ങൾക്കുവേണ്ടി പരിശുദ്ധപിതാവ് പ്രതിനിധീവത്കരിക്കുന്നു. ആകയാൽ അങ്ങയെ ബഹുമാനിക്കുന്നതുമൂലം പരിശുദ്ധപിതാവിനെത്തന്നെയാണു ഞങ്ങൾ ബഹുമാനിക്കുന്നതെന്നു കരുതുന്നു.



ഇൻഡ്യയിലെ കത്തോലിക്കരുടെ വക മംഗളപത്രം ബാംഗളൂർ മെത്രാൻ ഡോ. പി. തോമസ് കർദ്ദിനാൾ തിരുമേനിക്കു സമർപ്പിക്കുന്നു.

ഭാരതത്തിലെ ക്രൈസ്തവസഭ അതിപ്രാചീനകാലം മുതലുള്ളതാണ്. മാർത്തോമ്മാശ്ലീഹാ, സുവിശേഷത്തിന്റെ ദീപം എ. ഡി. 52-ൽത്തന്നെ മലബാറിലും മൈലാപ്പൂരിലും കൊളുത്തുകയുണ്ടായി. ഒന്നാം ശതകംമുതൽ ക്രിസ്ത്യാനികൾ ഇന്ത്യയിലുണ്ടായിരുന്നുവെന്നു ഞങ്ങളുടെ പ്രധാനമന്ത്രി പണ്ഡിററ് ജവഹരിലാൽനെഹ്റു അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലൊന്നിൽ പ്രസ്താവിച്ചിരിക്കുന്നു. "മാർത്തോമ്മാശ്ലീഹാ സിറിയായിൽനിന്നു ദക്ഷിണഭാരതത്തിലേക്കു ക്രിസ്തുമതവിശ്വാസംകൊണ്ടുവന്നു"വെന്നു ഡോക്ടർ എസ്. രാധാകൃഷ്ണൻ പ്രസ്താവിക്കുന്നു. ഭാരതീയകത്തോലിക്കരിൽ മഹാഭൂരിപക്ഷവും, [illegible]0 ലക്ഷത്തോളം, ദക്ഷിണേന്ത്യയിലാണു താമസിക്കുന്നത്. അവരിൽത്തന്നെ പകുതി ക്രൈസ്തവസഭയുടെ അതിപ്രാചീനവും അത്യാഭിവൃദ്ധികവുമായ ആസ്ഥാനങ്ങളായ തിരുവിതാംകൂറിലും കൊച്ചിയിലുമാണു കാണപ്പെടുന്നത്.

കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളായി സഭയ്ക്കു അനന്യാദൃശമായ അഭിവൃദ്ധിയാണ് ഉണ്ടായിരിക്കുന്നതു. ഹയരാർക്കി സ്ഥാപനം സഭയുടെ കൂടുതൽ സത്വരമായ വികാസത്തിനു സഹായിക്കുമെന്നുള്ള പതിമൂന്നാം ലെയോ മാർപ്പാപ്പായുടെ പ്രതീക്ഷകൾ സഫലമായിത്തീർന്നിരിക്കുന്നു. ഈ മണ്ണിൽ വിശ്വാസം അഗാധമായി വേരൂന്നിയിരിക്കുന്നു; അന്തഃപ്രേരിതവും ഊർജ്ജസ്വലവുമായ വളർച്ചയുടെ എല്ലാ ഓജസ്സും അതിനുണ്ടായിരിക്കുന്നു. ഇപ്പോൾ ഇൻഡ്യൻ യൂണിയനിലും ഫ്റഞ്ചിന്ത്യായിലും പോർട്ടുഗീസിന്ത്യായിലും പെടുന്ന പ്രദേശങ്ങളിൽ 1887-ൽ 20 അതിരൂപതകളും രൂപതകളുമാണുണ്ടായിരുന്നത്. ഇന്നാകട്ടെ 48 ഉണ്ട്. കൂടാതെ നാലു അപ്പസ്തോലിക്ക പ്രീഫെക്ചറുകളുമുണ്ട്. കഴിഞ്ഞ 25 കൊല്ലത്തിനുള്ളിൽ വൈദികരുടെ എണ്ണം ഇരട്ടിക്കുകയും, കന്യാസ്ത്രീകളുടെ സംഖ്യ ഉദ്ദേശം നാലിരട്ടിയാകുകയും ചെയ്തിരിക്കുന്നു. ഇതിലെ ഏററവും സ്മരണാർഹമായ പ്രത്യേകത ഈ വർദ്ധന ഏതദ്ദേശീയരിൽനിന്നാണുണ്ടായിരിക്കുന്നതെന്നതാണ്. ഇന്നാകെയുള്ള 5500 വൈദികരിൽ 4000 പേരും ഭാരതീയരാണ്. മൂന്നു അതിരൂപതകളും 19 രൂപതകളും ഭാരതീയമെത്രാന്മാരുടെ ഭരണത്തിൻകീഴിലായിരിക്കുന്നു. ഇപ്പോൾ ഭാരതസഭാചരിത്രത്തിലെ മകുടംചാർത്തുന്ന സംഭവമായി, ഒരു പൂർണ്ണസൂനഹദോസ് വിളിച്ചുകൂട്ടുവാനുള്ള അപ്പസ്തോലിക്ക് ഇന്റർനുൺഷിയോ തിരുമനസ്സിലെ പദ്ധതി—അതും 13 വർഷത്തെ അക്ഷീണയത്നത്തിനുശേഷം—സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു.

ചുററും നോക്കുന്നതായാൽ, ഗോവാ മെത്രാപ്പോലീത്തായും ഈസ്റ്റിൻഡീസിന്റെ പാത്രിയർക്കീസുമായ തിരുമേനി മുതൽ ഈ അടുത്ത അവസരത്തിൽ അഭിഷേചിക്കപ്പെട്ട അഹമ്മദ്ബാദ് മെത്രാൻവരെ മെത്രാപ്പോലീത്താമാരുടെയും മെത്രാന്മാരുടെയും ഒരു വലിയ സമൂഹത്തെ അങ്ങേക്കു കാണുവാൻകഴിയും. 52 രൂപതകളുടെയും അപ്പസ്തോലിക് പ്രീഫെക്ചറുകളുടെയും അദ്ധ്യക്ഷന്മാരെല്ലാം തന്നെ ഇവിടെയുണ്ട്. വിശിഷ്യ നോട്ടറിമാരും, കാനോൻവിദഗ്ദ്ധന്മാരും, വേദശാസ്ത്രജ്ഞന്മാരും, സിക്രട്ടറിമാരും ഉണ്ട്. ഹിമാലയത്തിന്റെ ശീതളാധിത്യകകളിലുള്ള കലിംപോങ്ങിൽനിന്നും, കൊറമണ്ടൽ തീരങ്ങളിലെ സമതലങ്ങളിൽ സ്ഥിതിചെയ്യുന്ന തൂത്തുക്കുടിയിൽനിന്നും, പശ്ചിമതീരത്തുള്ള ബോംബെയിൽനിന്നും, പൂർവ്വതീരത്തുള്ള വിശാഖപട്ടണത്തിൽനിന്നും ആണ് അവർ ഇവിടെ എത്തിയിരിക്കുന്നത്. അവർ ജനനംകൊണ്ടു യൂറോപ്പിന്റെയും അമേരിക്കയുടെയും വിവിധഭാഗങ്ങളിലും ഇൻഡ്യയുടെതന്നെ പലഭാഗങ്ങളിലും പെട്ടവരാകുന്നു. യഥാർത്ഥത്തിൽ ഇതൊരു ചെറു സർവ്വരാജ്യസഖ്യമായിരിക്കുന്നു. എന്നാൽ അവർ യാതൊരുവിധത്തിലും തങ്ങളുടെ ജന്മരാഷ്ട്രങ്ങളെ പ്രതിനിധീകരിക്കുന്നില്ല, പ്രത്യുത ഏഷ്യയിൽ ഉദയംചെയ്യുകയും ഭൂമിയുടെ ഏററവും വിദൂരഭാഗങ്ങളിൽപ്പോലും എത്തിച്ചേരുകയും ചെയ്തു ഏതൊരു മതത്തിന്റെ സ്വരമാണോ ആ മതത്തെയാണ് അവർ പ്രതിനിധീകരിക്കുന്നത്. അവരുടെ സമസ്ത ലക്ഷ്യവും ഉദ്ദേശവും രാജ്യത്തിന്റെയും അതിന്റെ മതപരവും ധാർമ്മികവും മാനസികവും ഭൗതികവുമായ പുരോഗതിയുടെയും സേവനവും സർവ്വോപരി ആത്മാക്കളുടെ രക്ഷയെ സഹായിക്കലുമാകുന്നു. കഴിഞ്ഞ നാലു ശതവർഷങ്ങളായി അവർ തങ്ങളുടെ സേവനജോലികൾ തുടർന്നുകൊണ്ടിരിക്കുന്നു. തങ്ങൾ സ്വന്തമായി സ്വീകരിച്ചിരിക്കുന്ന രാജ്യത്തിന്റെ അത്യുന്നതമായ നന്മയല്ലാതെ അവർക്കു മററു യാതൊരു ഉന്നവും ഇല്ല. അവർ "നിയമത്തേയും പ്രവാചകന്മാരേയും" മാത്രമല്ല, സർവ്വോപരി "സേവിക്കപ്പെടുന്നതിനല്ലാതെ സേവിക്കുന്നതിനും, പലരുടെയും മോചനത്തിനായി സ്വജീവനെ ബലിയർപ്പിക്കുന്നതിനും" ആഗതനായ ഗുരുവിന്റെ ചൈതന്യത്തെയും കൊണ്ടുവന്നിരിക്കുന്നു. ഗ്രാമത്തിലും, പട്ടണത്തിലും, ക്ലാസുമുറിയിലും, ആതുരാലയത്തിലും, അനാഥമന്ദിരത്തിലും, അഭയാർത്ഥിസങ്കേതങ്ങളിലും, വൃദ്ധന്മാരുടെയും തീരാരോഗബാധിതരുടേയും ഭവനങ്ങളിലും ഉള്ള പരസ്നേഹപരവും വിജ്ഞാനപരവുമായ യത്നങ്ങളിലെ സ്വയപരിത്യാഗപരമായ സേവനങ്ങൾമൂലം ഉദാഹൃതമായിരിക്കുന്ന സന്യാസപരമായ അവരുടെ ആദർശങ്ങളെ ഞങ്ങളുടെ സഹപൗരന്മാർ വിലമതിക്കുകയും ചെയ്യുന്നു.

ഗവമ്മെണ്ടിന്റെ മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും ബാംഗളൂരിലെ പൗരമുഖ്യന്മാരും ഇവിടെ സന്നിഹിതരായിരിപ്പുണ്ട്. അങ്ങയേയും കത്തോലിക്കാവൈദികാദ്ധ്യക്ഷമണ്ഡലത്തേയും ബഹുമാനിക്കുന്നതിനും അങ്ങനെ ഞങ്ങളോടുള്ള സന്മനോഭാവം പ്രകടിപ്പിക്കുന്നതിനുമാണ് അവർ സന്നിഹിതരായിരിക്കുന്നത്. ഞങ്ങളുടെ ഗവമ്മെണ്ടിനു കത്തോലിക്കാസഭയോടുള്ള സന്മനോഭാവത്തിന്റെ അനിഷേദ്ധ്യമായ ഒരു തെളിവു 1948 ആഗസ്റ്റ്മാസത്തിൽ തിരുസിംഹാസനവും ഇൻഡ്യയും തമ്മിൽ നയതന്ത്രബന്ധം ഏർപ്പെടുത്തി എന്നതാകുന്നു. ഈസ്റ്റ് ഇൻഡീസിന്റെ ഡലഗാദപ്പസ്തോലിക്ക എന്ന നിലയിൽ 17 വർഷക്കാലം ഈ ബാംഗളൂരിൽ താമസിച്ചിരുന്ന മോസ്റ്റ് റവ. ലിയോ പി. കിയർക്കെൽസ് തിരുമേനി ഞങ്ങളുടെ രാജ്യത്തിന്റെ തലസ്ഥാനമായ ഡൽഹിയിൽ ഇപ്പോൾ അപ്പസ്തോലിക്ക് ഇന്റർനുൺഷിയോ ആയിരിക്കുന്നു.

കത്തോലിക്കർ തങ്ങളുടെ രാജ്യവാസികളിൽ എല്ലാ വിഭാഗങ്ങളുമായി ഐക്യത്തിലും സൗഹാർദ്ദത്തിലുമാണ് കഴിഞ്ഞുപോരുന്നതു. പുതിയ ഭരണഘടനയിൽ യാതൊരു രാഷ്ട്രീയ ആനുകൂല്യങ്ങളും അവർ ആവശ്യപ്പെടുകയുണ്ടായില്ല. ജനുവരി 26-ാം തീയതി ഔദ്യോഗികമായി നടപ്പിൽവരുന്ന ഞങ്ങളുടെ രാജ്യത്തിന്റെ ഭരണഘടന മതേതരവും ജനാധിപത്യപരവുമായ സ്വഭാവത്തോടുകൂടിയതാണ്. മനസ്സാക്ഷിസ്വാതന്ത്ര്യത്തിനും എല്ലാ മതങ്ങളുടെയും സ്വാതന്ത്ര്യത്തിനും ന്യൂനപക്ഷങ്ങളുടെയും മതവിഭാഗങ്ങളുടെയും വിദ്യാഭ്യാസപരമായ യത്നങ്ങൾക്കും മതിയായ ഉറപ്പ് അതിൽ ഉണ്ടായിരിക്കുന്നു. പുതിയ നിയമങ്ങളുടെ കീഴ് ഉൽക്കർഷത്തിന്റെ ഒരു കാലഘട്ടം ഞങ്ങളുടെ രാജ്യത്തു ഉദയംചെയ്യുമെന്നും, നവജാതമായ ഈ രാഷ്ട്രത്തിലെ എല്ലാ വർഗ്ഗക്കാരുടെയും മതക്കാരുടെയും ഇടയിൽ സമാധാനവും ഐക്യവും സംതൃപ്തിയും കളിയാടുമെന്നും ഞങ്ങൾ പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അവിടുന്നു ഞങ്ങളുടെ ഈ നഗരത്തിൽ വന്നു ഇവിടെ താമസിക്കുകയും, പ്രഥമ പൂർണ്ണസൂനഹദോസിന്റെ രംഗമായി ഈ നഗരം തിരഞ്ഞെടുക്കുകയും ചെയ്തതിൽ ഞങ്ങൾക്കു അസാധാരണമായ ഒരു ബഹുമതിയാണു നല്കപ്പെട്ടിരിക്കുന്നതെന്നു ബാംഗളൂർകാരായ ഞങ്ങൾ കരുതുന്നു. അങ്ങയുടെ നിയമനത്തിന്റെയും ആസന്നമായ ആഗമത്തിന്റെയും വാർത്ത പരസ്യമായ ദിനംമുതൽ ബാംഗളൂരിലെ കത്തോലിക്കാജനത അതിരററ സന്തോഷത്തോടും ആകാംക്ഷയോടുംകൂടിയാണു കഴിഞ്ഞുപോന്നതു. ബാംഗളൂർ കഴിഞ്ഞകാലങ്ങളിൽ എപ്പിസ്കോപ്പൽ സമ്മേളനങ്ങളുടെയും കോൺഫറൻസുകളുടെയും ഒരു രംഗമായിരുന്നു. ബാംഗളൂരിൽവെച്ചാണു

ബോസ്കോബാലരംഗം

# 15. കൃതജ്ഞതാപ്രകാശനം

"ആ വന്ദ്യയാം കന്യ മഹസ്സിണങ്ങും
ഭാവത്തോടന്നേരമിവണ്ണമോതി:
ദൈവത്തെ ഞാനെപ്പോഴുമഗ്ര്യഭക്തി-
വൈവശ്യമുൾക്കൊണ്ടു പുകഴ്ത്തിടുന്നു."

പ്രിയ കുഞ്ഞുങ്ങളേ,

അടുത്തതായി നമ്മുടെ ദൃഷ്ടിക്കു വിഷയീഭവിക്കുന്ന രംഗം സ്കറിയായുടെ ഭവനമാണ്. തന്റെ സംബന്ധിനിയായ ഏലീശ്വാ ഗർഭം ധരിച്ചിരിക്കുന്ന വിവരം മാലാഖായിൽനിന്നു പരിശുദ്ധ കന്യകാമറിയം ധരിക്കയുണ്ടായല്ലോ. ആകയാൽ അവളെ സന്ദർശിക്കുന്നതിനും, അവളെ ശുശ്രൂഷിക്കുന്നതിനും, അവളോടുകൂടി ദൈവത്തെ സ്തുതിക്കുന്നതിനുമായി ദൈവജനനി താമസിയാതെ പുറപ്പെട്ടു. ലോകമെങ്ങും ഇന്നു കീർത്തിക്കപ്പെടുന്ന ഒരു കൃതജ്ഞതാകീർത്തനം അന്നു പരിശുദ്ധ അമ്മയുടെ നാവിൽനിന്നും പുറപ്പെടുകയുണ്ടായി. വി. ലൂക്കാ പ്രസ്തുത മനോഹരരംഗത്തെ ഇങ്ങനെ ചിത്രീകരിക്കുന്നു:

"മറിയമോ ആ നാളുകളിൽത്തന്നെ എഴുന്നേറ്റു മലയിൽ യൂദായിലെ പട്ടണത്തിലേക്കു ഉത്സാഹത്തോടെ പോയി, സ്കറിയായുടെ വീട്ടിൽ പ്രവേശിച്ച് ഏലീശ്വായ്ക്കു സ്വസ്തി പറഞ്ഞു. ഏലീശ്വാ മറിയത്തിന്റെ സ്വസ്തി കേട്ടപ്പോൾ പ്രജ അവളുടെ ഉദരത്തിൽ കുതിച്ചുചാടി. ഏലീശ്വാ പരിശുദ്ധാത്മാവുകൊണ്ടു നിറയുകയും ചെയ്തു.

"അവൾ മറിയത്തിനോടു ഉച്ചസ്വരത്തിൽ നിലവിളിച്ചുപറഞ്ഞു: നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു; നിന്റെ ഉദരത്തിന്റെ ഫലവും അനുഗ്രഹിക്കപ്പെട്ടവനാകുന്നു. എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുവാനുള്ള ഇതു എനിക്കു എവിടെനിന്ന്? എന്തുകൊണ്ടെന്നാൽ ഇതാ! നിന്റെ സ്വസ്തിയുടെ സ്വരം എന്റെ ചെവികളിൽ വീണപ്പോൾ പ്രജ എന്റെ ഉദരത്തിൽ വലിയ സന്തോഷത്തോടുകൂടി കുതിച്ചുചാടി. കർത്താവിന്റെ പക്കൽനിന്നു തന്നോടു അരുളിച്ചെയ്യപ്പെട്ടവയ്ക്കു നിവൃത്തിയുണ്ടാകും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി.

"അപ്പോൾ മറിയം പറഞ്ഞു: എന്റെ ആത്മാവു കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്ന ദൈവത്തിൽ ആനന്ദിച്ചു. എന്തുകൊണ്ടെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ തൃക്കൺ

---

1887 ജാനുവരി 25-ാം തീയതി ദക്ഷിണേന്ത്യയിലെ ഹയരാർക്കിസ്ഥാപനം പ്രഖ്യാപിതമായത്. 1919 മുതൽ 1948 വരെ ഡലഗാദപ്പസ്തോലിക്കമാർ തുടരെ ബാംഗളൂരിലാണു താമസിച്ചിരുന്നത്. ഇൻഡ്യയിലെ കത്തോലിക്കബിഷപ്പ്സ് കോൺഫറൻസ് 1945ൽ സ്ഥാപിതമായതിനുശേഷം അതിന്റെ വർക്കിംഗ് കമ്മിററിയുടെയും സ്റ്റാൻഡിംഗ് കമ്മിററിയുടെയും യോഗങ്ങൾ നടന്നുപോന്നതും ഇവിടെത്തന്നെയാണ്. ചരിത്രപ്രസിദ്ധമായ ഈ സമ്മേളനത്തിൽ അങ്ങയുടെയും ഇൻഡ്യയിലെ മെത്രാപ്പോലീത്തമാരുടെയും മെത്രാന്മാരുടെയും സാന്നിദ്ധ്യം ബാംഗളൂരിലെ മെത്രാനും വൈദികർക്കും കത്തോലിക്കർക്കും അഭിമാനത്തിനും ആനന്ദത്തിനും നിദാനമായിരിക്കുന്നു.

സൂനഹദോസിന്റെ വിജയത്തിനായി പ്രാർത്ഥിക്കുന്നതിനുള്ള തിരുമനസ്സിലെ ആഹ്വാനത്തിനു ഇൻഡ്യയിലെങ്ങും സസന്തോഷമായ സ്വീകരണമാണു ലഭിച്ചിരിക്കുന്നത്. അങ്ങയുടെ യത്നങ്ങളിൽ ഞങ്ങളുടെ ഹൃദയപൂർവ്വമായ സഹകരണം ഉണ്ടായിരിക്കുമെന്നു ഞങ്ങൾ പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ സൂനഹദോസ് ആത്മാക്കളുടെ ക്ഷേമത്തിനുപകരിക്കുന്ന ഫലങ്ങൾ ധാരാളമായി പുറപ്പെടുവിക്കുന്നതിനും, ഭാരതീയസഭാപിതാക്കന്മാരുടെ കൂടിയാലോചനകളെ നയിക്കുന്നതിൽ അങ്ങയുടെ ബുദ്ധിപൂർവ്വമായ വിവേചനയും നിർമ്മലമായ വീക്ഷണവും ഏററവുമധികം പ്രായോഗികപ്രയോജനവത്തായിഭവിക്കുന്നതിനും ഞങ്ങൾ തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിച്ചുകൊള്ളുന്നു.

എന്നു ഇൻഡ്യയിലെ ഹയരാർക്കിയും വൈദികരും, കത്തോലിക്കരും, ബാംഗളൂർ, 1950 ജാനുവരി 4.

---

പാർത്തു. ഇതാ, ഇതുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു പുകഴ്ത്തും.

"ശക്തനായവൻ എന്റെ അടുക്കൽ വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നുവല്ലോ. അവന്റെ നാമം പരിശുദ്ധമാകുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെമേൽ പുരുഷാന്തരങ്ങളും തലമുറകളും വരെ ഇരിക്കുന്നു, തന്റെ ഭുജംകൊണ്ട് അവൻ വിജയംനേടി. തങ്ങളുടെ ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ അവൻ ചിതറിച്ചു. അവൻ ശക്തന്മാരെ സിംഹാസനങ്ങളിൽനിന്നു തട്ടിമറിച്ചിട്ട് താഴ്മയുള്ളവരെ കരേററി.

"അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ടു തൃപ്തരാക്കി, ധനവാന്മാരെ വ്യഥാ അയച്ചു. അവൻ തന്റെ ദാസനായ ഇസ്രായേലിനെ തുണച്ചു; തന്റെ കരുണ ഓർക്കുകയും ചെയ്തു. നമ്മുടെ പിതാക്കന്മാരോടു — അബ്രാഹത്തിനോടും അവന്റെ സന്തതിയോടും — എന്നേക്കുമായി അവൻ അരുളിച്ചെയ്തിരുന്നതുപോലെതന്നെ."

പ്രിയ കുഞ്ഞുങ്ങളേ, നന്ദികെട്ട ഇന്നത്തെ ലോകത്തെപ്പററി ലജ്ജാപൂർവ്വമല്ലാതെ സ്മരിക്കാൻ സാദ്ധ്യമല്ല. സൃഷ്ടികർത്താവിൽനിന്നു പ്രതിദിനം പ്രാപിക്കുന്ന നന്മകൾക്കു ഏതെല്ലാം തരത്തിലുള്ള കൃതഘ്നതയാണു കാട്ടിക്കൂട്ടുന്നത്! പരിശുദ്ധ ദൈവജനനിയുടെ മാതൃക നോക്കുക. ശക്തനായവൻ വലിയ കാര്യങ്ങൾ തന്നിൽ പ്രവർത്തിച്ചിരിക്കുന്നു എന്നു അമ്മ ഏററുപറയുന്നു. അതിലേക്ക് ഉള്ളഴിഞ്ഞു കൃതജ്ഞതാസ്തോത്രം അർപ്പിക്കുന്നു. മാതാവിന്റെ മഹത്വത്തിന്റെ എല്ലാം അടിസ്ഥാനമെന്താണെന്നു നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? അവിടുത്തെ അഗാധമായ എളിമയല്ലാതെ മറെറാന്നുമല്ല. തന്റെ എളിമ നിമിത്തമാണു ദൈവമാതൃപദംപോലും അവിടുത്തേക്കു കൈവന്നതെന്നു അമ്മ പ്രഖ്യാപിക്കുന്നു: "ദൈവം തന്റെ ദാസിയുടെ എളിമയെ തൃക്കൺപാർത്തു." എളിമ എന്തിലാണു അടങ്ങിയിരിക്കുന്നത്? നമുക്ക് ഉള്ളതൊന്നും ഇല്ലെന്നു പറയുന്നതിലാണോ? അല്ല. ഒരിക്കലുമല്ല. നന്മയായി നമുക്കുള്ളതു സർവ്വതും ദൈവത്തിൽനിന്നു ലഭിച്ചിട്ടുള്ളതാണെന്നു പൂർണ്ണമായി അനുസരിച്ചു പറഞ്ഞുകൊണ്ടു അവിടുത്തേക്കു നന്ദി പ്രദർശിപ്പിക്കുന്നവനാകുന്നു എളിമയുള്ളവൻ. ദൈവജനനി ഇതു എത്ര പ്രകടമായി പ്രത്യക്ഷപ്പെടുത്തുന്നുവെന്നു മേലുദ്ധരിച്ച കൃതജ്ഞതാകീർത്തനത്തിൽനിന്നു കാണാം. അഹങ്കാരിക്ക് ഇതു സാദ്ധ്യമല്ല. അല്പം വല്ലതും തനിക്കുണ്ടെങ്കിൽ അതേക്കുറിച്ചു അവൻ അഹങ്കരിച്ചു മദിക്കുന്നു. അന്യരെ അപഹസിക്കുന്നു. ദൈവദാനമാണ് തനിക്കു ലഭിച്ചിട്ടുള്ളതെന്നു അവൻ വിസ്മരിക്കുന്നു. ഫലമോ? പരിശുദ്ധ അമ്മതന്നെ നമ്മുടെ പ്രയോജനത്തിനായി ഉൽബോധിപ്പിക്കുന്നു: "തങ്ങളുടെ ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ അവൻ ചിതറിക്കുന്നു. ശക്തന്മാരെ സിംഹാസനങ്ങളിൽനിന്നു തട്ടിമറിച്ചിട്ട് താഴ്മയുള്ളവരെ കരേററുന്നു."

അഹങ്കാരമല്ലയോ ലൂസിഫേറിനെ അധഃപതിപ്പിച്ചത്? ആദിമാതാപിതാക്കന്മാരെ നാശഗർത്തത്തിൽ നിപതിപ്പിച്ചതും അതുതന്നെയല്ലയോ? സ്വേച്ഛാധിപന്മാരെല്ലാം ചെന്നു തകരുന്നതും ഈ പാറയിൽത്തന്നെ. ഇന്നത്തെ ലോകത്തിന്റെ തീരാവ്യാധിയും വേറൊന്നുമല്ല. അഹം ബ്രഹ്മം. ഞാനല്ലാതെ വേറെ ദൈവമില്ല. വേറൊരു ദൈവത്തിനും ഞാൻ കടപ്പെടുന്നില്ല. വേറൊരു ദൈവത്തിനും നന്ദി പ്രദർശിപ്പിക്കേണ്ട ചുമതല എനിക്കില്ല. ഇതാണു ഇന്നത്തെ തത്വശാസ്ത്രത്തിന്റെ ചുരുക്കം. അതിന്റെ ഫലം ഓരോരുത്തൻ അനുഭവിക്കയും ചെയ്യുന്നു. ആകയാൽ പ്രിയ കുഞ്ഞുങ്ങളേ! ഈ മഹാവ്യാധിയിൽനിന്നു രക്ഷപെടാൻ സർവ്വശ്രമങ്ങളും ജാഗ്രത്തായി ചെയ്തുകൊള്ളുക. "എളിമയെന്ന പരമപുണ്യാഭരണമേ അമ്മേ, നിന്റെ ചെറിയ മക്കൾക്കു" എന്നു നിരന്തരം പ്രാർത്ഥിച്ചു തഴങ്ങുക. ഓരോ ദൈവദാനങ്ങൾക്കും വിനയപൂർവ്വം കൃതജ്ഞതയർപ്പിക്കുക. കൂടുതൽ നന്മകൾ ലഭിക്കാനുള്ള മാർഗ്ഗവും അതുതന്നെ.

ആ ദർശനചരിത്രം

വി. ജോൺബോസ്കോയ്ക്കു ഒരിക്കലുണ്ടായ ഒരു ദർശനത്തെപ്പററി അദ്ദേഹംതന്നെ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. അപരിചിതമായ ഒരു വനപ്രദേശത്തു ഞാൻ നില്ക്കുന്നതായി തോന്നി. അകലെ ചക്രവാളത്തിൽ നിരവധി പർവ്വതനിരകൾ ഉയർന്നുകാണപ്പെട്ടു. അവിടെ ഒട്ടേറെ ജനങ്ങൾ അങ്ങനെ അലഞ്ഞുനടന്നിരുന്നു. അവർ അർദ്ധനഗ്നന്മാരും അസാമാന്യവലിപ്പമുള്ളവരും കണ്ടാൽ ക്രൂരന്മാരും, നീണ്ടുപരുപരുത്ത തലമുടിയുള്ളവരുമായിരുന്നു. മൃഗചർമ്മംകൊണ്ടുള്ള ഒരു മേലങ്കി അവരുടെ തോളുകളിൽ തൂങ്ങിക്കിടന്നു. കരങ്ങളിൽ ശൂലവും കവണിയും ധരിച്ചിരുന്നു. ചിലർ വന്യമൃഗങ്ങളുടെ പിമ്പേ പാഞ്ഞുടുത്തിരുന്നു. രക്തകണങ്ങൾ ഇററിററു വീഴുന്ന പച്ചമാംസതുണ്ടുകൾ ശൂലാഗ്രത്തിൽ കുത്തിപ്പൊക്കിക്കൊണ്ടു ചിലർ ഉല്ലസിക്കുന്നു. ചിലടത്തു അവർ അന്യോന്യം പടവെട്ടിയിരുന്നു. മററു ചിലടത്തു യൂറോപ്യൻ പടച്ചട്ടകൾ ധരിച്ചിരുന്നവരോടു അവർ പോരാടിയിരുന്നു. പടക്കളത്തിൽ മൃതശരീരങ്ങൾ നിരന്നുകിടക്കുന്ന ഈ കാഴ്ചകണ്ടു ഞാൻ വിറച്ചു. അപ്പോൾ മൈതാനത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ അനേകം ആളുകൾ പ്രത്യക്ഷപ്പെട്ടു. അവരുടെ വസ്ത്രധാരണംകൊണ്ടു വിവിധസന്യാസസഭക്കാരായ മിഷനറിമാരാണ് അവരെന്നു എനിക്കു മനസ്സിലായി. ആ കാട്ടാളന്മാരോടു ഇവർ വേദം പ്രസംഗിക്കാൻ ആരംഭിച്ചു. തൽക്ഷണം ആ വനചരന്മാർ മിഷനറിമാരുടെ നേർക്കു പാഞ്ഞടുത്തു. മൃഗീയമായ രോഷത്തോടും, പൈശാചികമായ സന്തോഷത്തോടുംകൂടി അവരെ കൊന്നൊടുക്കി, വെട്ടിനുറുക്കി, മാംസഖണ്ഡങ്ങൾ ശൂലമുനയിൽ കുത്തിപ്പൊക്കിക്കൊണ്ടു നടന്നു. അപ്പോൾ വേറൊരു സംഘം മിഷനറിമാർ ദൂരത്തിൽനിന്നു ആനന്ദഭരിതരായി ഈ കാട്ടാളപ്പരിഷയോടു സമീപിക്കുന്നതായി ഞാൻ ദർശിച്ചു. ഒരു ബാലസൈന്യം അവരുടെ മുന്നണിയിൽ നടകൊണ്ടിരുന്നു. അവരെല്ലാം മരണവക്ത്രത്തിലേക്കു പായുകയാണല്ലോ എന്നോർത്തു ഞാൻ പരിഭ്രമിച്ചു. അവരുടെ പക്കലേക്കു ഞാൻ ഓടിയെത്തി. വൈദികരും വൈദികവിദ്യാർത്ഥികളുമുണ്ടായിരുന്നു. ഞാൻ സൂക്ഷിച്ചുനോക്കി. അവർ സലേഷ്യൻ സന്യാസികളാണെന്നു മനസ്സിലായി. "എന്താണീ കാണിക്കുന്നത്?" ഞാൻ നിലവിളിച്ചു പറഞ്ഞു. അവർ മുമ്പോട്ടു പോകരുതെന്നുതന്നെ ഞാൻ ആഗ്രഹിച്ചു. അവരെ മടക്കുവാൻ ഞാൻ തുടങ്ങുകയായിരുന്നു. അപ്പോൾ കാണുന്നു; കാട്ടാളന്മാർ അവരെ സാനന്ദം സ്വാഗതംചെയ്യുകയാണു ചെയ്യുന്നത്. അവരുടെ ആയുധങ്ങളെല്ലാം അവർ താഴെവയ്ക്കുന്നു. മൃഗീയത്വം അപ്രത്യക്ഷമായി. മിഷനറിമാർ ജപമാലപ്രാർത്ഥന തുടങ്ങി. കാട്ടാളന്മാർ ഏററുചൊല്ലി. അനന്തരം അവർ അവരുടെ ആയുധസാമഗ്രികളെല്ലാം സലേഷ്യൻകാരുടെ പാദങ്ങളിൽ അർപ്പിച്ചു മുട്ടുകുത്തി. നമ്മുടെ മിഷനറിമാരിലൊരാൾ അപ്പോൾ "എല്ലാ നാവുകളും മറിയത്തെ സ്തുതിപ്പിൻ" എന്ന കീർത്തനം ആരംഭിച്ചു. എല്ലാവരും അത്യുച്ചസ്വരത്തിൽ അതു തുടർന്നുപാടി. ആ സ്വരംകേട്ടു ഞാൻ പരിഭ്രമിച്ച് ഞെട്ടി എഴുന്നേററു."

ഇന്നേക്കു അമ്പതുകൊല്ലംമുമ്പു ബോസ്കോ അച്ചൻ കണ്ട ഒരു സ്വപ്നമാണിത്. ഇന്നാകട്ടെ അതൊരു ചരിത്രമായിരിക്കുന്നു. തെക്കേ അമേരിക്കയിലെ കാട്ടാളജാതിക്കാരെയാണു അദ്ദേഹം ദർശിച്ചത്. സലേഷ്യൻ മിഷനറിമാരുടെ പ്രവർത്തനത്താൽ ഇന്നു അവരെല്ലാം കത്തോലിക്കസഭയുടെ സന്താനങ്ങളായിത്തീർന്നിരിക്കുന്നു. എന്നാൽ സലേഷ്യൻ മിഷനറിമാരുടെ മുന്നണിയിൽ നിന്നിരുന്നതു ഒരു ബാലസൈന്യമായിരുന്നു. പ്രാർത്ഥനയാലും പരിത്യാഗകൃത്യങ്ങളാലും ധനസഹായത്താലും മിഷൻപ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തിയിരുന്നത് അവരാണ്. "നിങ്ങളുടെ സഹായമില്ലായിരുന്നെങ്കിൽ എന്നെക്കൊണ്ടു യാതൊന്നും ചെയ്യാൻ സാധിക്കയില്ലായിരുന്നു" എന്നത്രെ ജോൺ ബോസ്കോ തന്റെ സഹകരണസംഘങ്ങൾക്കു എഴുതിയിരിക്കുന്നത്. ബോസ്കോബാലരംഗത്തിന്റെ പ്രധാനജോലി ഇതാണ്. മിഷൻദിനാഘോഷത്തിൽ ഇതു നിങ്ങളുടെ സ്മരണയിലുണ്ടായിരിക്കട്ടെ!

കത്തുകൾക്കു മറുപടി

880. ചെറിയാൻകുഞ്ഞു, കരൂർ:

"സത്യദീപത്തിലെ ബാലരംഗത്തിൽ ചേരുവാൻ സാധിക്കാതെവന്നതിൽ സങ്കടപ്പെട്ടിരിക്കുമ്പോഴാണ് പുതിയ റിക്രൂട്ടുമെൻറുണ്ടെന്നു ഞങ്ങൾ കേട്ടത്. ആശയററിരുന്ന ഞങ്ങൾക്കു അതൊരു നവജീവൻ പ്രദാനംചെയ്തു... സത്യദീപം, പ്രത്യേകിച്ചു ബാലരംഗം ഞങ്ങൾ കൃത്യമായി വായിക്കുന്നു. പേരു ചേർത്തു നമ്പരു അറിയിപ്പാനപേക്ഷിക്കുന്നു. വല്യച്ചൻ ഞങ്ങളെ അനുഗ്രഹിപ്പാറാകണം."

പ്രിയ മകനേ, ഇതുപോലെ ചുറുചുറുപ്പുള്ള കുഞ്ഞുങ്ങളാണു ഇന്നു തിരുസഭയ്ക്കു അത്യാവശ്യം — മിഷനറിസംഘങ്ങളുടെ മുന്നണിയിൽ പോകാനുള്ള ബാലസൈന്യം. പേരുകളെല്ലാം ലിസ്റ്റിൽ ചേർത്തിട്ടുണ്ട്. 880 മുതൽ 893 വരെയാണു നിങ്ങളുടെ നമ്പരുകൾ. വി. ജോൺ ബോസ്കോ എല്ലാവരെയും അനുഗ്രഹിക്കും.

475. അന്നമ്മ മാത്യു, കാഞ്ഞിരപ്പള്ളി:

"താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്ന ഞങ്ങൾ മൂന്നു പേരും സഹോദരങ്ങളാണ്, ബാലരംഗത്തിലെ അംഗങ്ങളുമാണ്. ഞങ്ങൾക്കു വല്യച്ചനോടു ഒരു സങ്കടം പറയാനുണ്ട്. സത്യദീപം വിശേഷാൽപ്രതികളിൽ ലേഖകന്മാരുടെ ഫോട്ടോ ചേർക്കുന്നുണ്ടല്ലോ. എന്നാൽ ഞങ്ങളെല്ലാം അനേകനാളായി കാണാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന വല്യച്ചന്റെ ഫോട്ടോ മാത്രം എന്തുകൊണ്ടാണു ചേർക്കാത്തത്? സത്യദീപം വഴിക്കെങ്കിലും അതിന്റെ കാരണം ഞങ്ങളെ അറിയിച്ചുതരാനപേക്ഷ... വല്യച്ചന്റെ ഒരു ഫോട്ടോ ഞങ്ങൾക്കു അയച്ചുതരികയും വേണം."

കുഞ്ഞാങ്ങളമാരും പെങ്ങളുംകൂടി അയച്ചിരിക്കുന്ന മെമ്മോറിയൽ വല്യച്ചനെ വല്ലാതെ വിഷമിപ്പിക്കുന്നു. എങ്കിലും അതിനുള്ള മറുപടി പണ്ടേ തയാറുണ്ടായിരുന്നതു വലിയ ആശ്വാസമായി. പത്തുമുപ്പതുകൊല്ലം മുമ്പു വല്യച്ചൻ കൊച്ചച്ചനായിരിക്കയിൽ കാൺഡി സെമ്മിനാരിയിൽനിന്നു സ്നേഹിതനായ ഒരു ശെമ്മാശൻ നിർബന്ധമായി ഒരു ഫോട്ടോയ്ക്കു ആവശ്യപ്പെട്ടു. "ഫോട്ടോ ഇല്ല. ഒരു കൊത്തുരൂപം മാത്രമേ ഇവിടെയുള്ളു. അതു അയക്കാൻ നിവൃത്തിയില്ലാത്തതിൽ ദുഃഖിക്കുന്നു" എന്നാണ് അന്നു മറുപടികൊടുത്തത്. ആ ശെമ്മാശൻ ഇപ്പോൾ വലിയ ഒരു കോളെജിന്റെ പ്രിൻസിപ്പലാണ്. തമ്മിൽ കാണാനിടയാകുമ്പോഴൊക്കെ ആ കൊത്തുരൂപക്കാര്യം പറഞ്ഞു ഞങ്ങൾ വളരെനേരം ചിരിക്കാറുണ്ട്. എന്റെ കുഞ്ഞുമക്കളുടെ മെമ്മോറിയലിനും ആ മറുപടിമാത്രമേ അയക്കാനുള്ളു. വല്യച്ചൻ പുണ്യവാനായി കാണാനുള്ള അപേക്ഷകൾക്കും മററും വളരെ വളരെ ഉപകാരം. തുടർന്നു പ്രാർത്ഥിക്കണമേ. ഈ കുഞ്ഞു മാലാഖാമാരുടെയൊക്കെ പ്രാർത്ഥനാശക്തികൊണ്ടു മാത്രമാണു വല്യച്ചൻ ഇത്രയുമൊക്കെ കഴിഞ്ഞുകൂടിപ്പോകുന്നത്. എല്ലാവരോടും അതിലേക്കു നന്ദിപറയുന്നു.

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

1 യഹൂദന്മാരുടെ ഒന്നാമത്തെ പ്രധാന പുരോഹിതൻ ആരായിരുന്നു? 2 അവരുടെ ഒന്നാമത്തെ രാജാവാരായിരുന്നു? 3 ജറുസലം ദേവാലയം പണികഴിപ്പിച്ചതാരാണ്? 4 അതു എത്രപ്രാവശ്യം നശിപ്പിക്കപ്പെട്ടു? 5 എത്ര പ്രാവശ്യം പുനരുദ്ധരിക്കപ്പെട്ടു? 6 ജറുസലം ദേവാലയം അവസാനമായി നശിപ്പിക്കപ്പെട്ടതെന്ന്?

(ഉത്തരങ്ങൾ 9-ാം പേജിൽ)

## മുണ്ടാടൻ തര്യാക്കച്ചൻ നിര്യാതനായി

അങ്കമാലി പള്ളി ഇടവക മുണ്ടാടൻ ബ. തര്യാക്കോസച്ചൻ വാർദ്ധക്യസഹജമായ ആലസ്യം നിമിത്തം ജാനുവരി 16-ാംനു- രാവിലെ 11-30-നു് നിര്യാതനായി. ശവസംസ്കാരം പിറേറദിവസം വൈകുന്നേരം എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും നിരവധി വൈദികരുടെ സഹകരണത്തിലും നടത്തപ്പെട്ടു.



പരേതനായ വന്ദ്യ വൈദികൻ 1868-ൽ ഭൂജാതനായി. 1894-ൽ വൈദികപട്ടമേററശേഷം കൊരട്ടി, മഞ്ഞപ്ര, കിഴക്കമ്പലം ആദിയായി പല പ്രധാനപള്ളികളിലും ജോലി നോക്കിട്ടുണ്ടു്. പ്രശസ്തനും ധർമ്മധീരനുമായിരുന്ന പരേതൻെറ ആത്മാവിനു നിത്യശാന്തി നേർന്നുകൊള്ളുന്നു.

## പുതിയ മെത്രാന്മാർ

കോയമ്പത്തൂർ രൂപതാ മെത്രാനായി രൂപതാപ്രൊക്യൂറേറരായിരുന്ന റവ. ഫാ. എം. ശവരിമുത്തു നിയമിതനായിരിക്കുന്നു. 1897-ൽ കോയമ്പത്തൂരിൽ ഭൂജാതനായ ഇദ്ദേഹം 1923-ൽ കാൻഡിയിലെ പേപ്പൽ സെമ്മിനരിയിൽവച്ചു് ഗുരുപ്പട്ടം സ്വീകരിച്ചു. കഴിഞ്ഞ നവംബർ മാസത്തിൽ അദ്ദേഹം തൻെറ പൗരോഹിത്യരജതജൂബിലി ആഘോഷിക്കയുണ്ടായി.

വിജയപുരം രൂപതയുടെ മെത്രാനായി മംഗലപ്പുഴ സെമ്മിനരി പ്രഫസർ റവ. ഫാ. അംബ്രോസ് ഒ. സി. ഡി. അവർകളെ തിരുസിംഹാസനത്തിൽ നിന്നും നിയമിച്ചിരിക്കുന്നു.

## കൊല്ലം കോളെജ്

വൈസ് ചാൻസലർ മി. വി. കെ. നന്ദൻ മേനോൻെറ അദ്ധ്യക്ഷതയിൽ ജാനുവരി 14-ാംനു- തിരുവനന്തപുരത്തുവച്ചുകൂടിയ സർവ്വകലാശാലാ സിൻഡിക്കേററു് കൊല്ലം മെത്രാൻ തിരുമനസ്സിലെ അപേക്ഷയനുസരിച്ചു് കൊല്ലത്തു് ഒരു കോളെജ് ആരംഭിക്കുന്നതിനു് അനുവദിച്ചിരിക്കുന്നു.

## പ്രാദേശികവാർത്തകൾ

വായ്പൂരു് പഴയപള്ളിവകയായി ഡോക്ടർ കാളാശേരി തിരുമനസ്സിലെ നാമത്തിൽ പണികഴിച്ചിരിക്കുന്ന സി. എ. സി. ഹാളിൻെറ ഉൽഘാടനം ജനുവരി 1-ാംനു- റവ. ഫാ. പൊന്നെടുത്തകല്ലേൽ നിർവ്വഹിച്ചിരിക്കുന്നു. തൽസംബന്ധമായി നടന്ന പൊതുയോഗത്തിൽ മി. എം. പി. വറുഗീസ് ബി. എ. ബി. എൽ. ആദ്ധ്യക്ഷം വഹിക്കുകയും മെ. കെ. എ. മാത്തുണ്ണി, പി. ജെ. മാത്യു ബി. എസ് സി., ജോസഫ് മേലഴകാത്തു് എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—ആളൂർ സാധുസംരക്ഷണസംഘത്തിൻെറ ഒരു വിശേഷാൽ യോഗം പ്രസിഡണ്ടു് ശ്രീ എ. സി. റപ്പായിയുടെ അദ്ധ്യക്ഷതയിൽ ജാനുവരി 1-ാംനു- കൂടിയിരിക്കുന്നു.

—മററക്കര പാദുവാപള്ളിയുടെ ആശീർവ്വാദകർമ്മം കഴിഞ്ഞ ഡിസംബർ 24-ാംനു- നിർവ്വഹിക്കപ്പെട്ടിരിക്കുന്നു.

—കുന്നംകുളത്തു നടത്തിവരാറുള്ള നാല്പതുമണിയാരാധന ജാനുവരി 27, 28, 29 (വെള്ളി, ശനി, ഞായർ, തീയതികളിൽ നടത്തപ്പെടുന്നതാണു്.

—കാട്ടൂർ വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ പ്രഥമവാർഷികം ജാനുവരി 8-ാംനു- ഫാ. ജോസഫ് പാറേക്കാട്ടിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ ജോസഫ് വിതയത്തിൽ ബി. എ. ബി. എൽ. പ്രസംഗിച്ചു. പ്രസ്തുതസഖ്യത്തിൽനിന്നും ഇക്കഴിഞ്ഞ വർഷത്തിൽ 1435 ക. സാധുക്കൾക്കുവേണ്ടി ചെലവുചെയ്തതായറിയുന്നു.

—വരാപ്പുഴ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന "പൊൻടിഫിക്കൽ തിരുബാല്യസംഘ"ത്തിൻെറ ആഭിമുഖ്യത്തിൽ ഉണ്ണിയീശോയുടെ തിരുനാൾ ഡിസംബർ 8-ാംനു- ആഘോഷിക്കപ്പെട്ടിരിക്കുന്നു. അതു പ്രമാണിച്ചു നടത്തിയ പൊതുയോഗത്തിൽ സംഘം ഡിറക്ടർ റവ. ഫാ. തോമസ് ഒ. സി. ഡി. ആദ്ധ്യക്ഷം വഹിച്ചു. യോഗാനന്തരം "നക്ഷത്രത്തെ പിൻതുടരുന്നതു്" എന്ന പ്രഹസനം അഭിനയിക്കപ്പെട്ടു.

—പാവർട്ടി സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ വാർഷികം ജാനുവരി 8-ാംനു- റവ. ഫാ. ജേക്കബ് ചെമ്മണൂർ ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ ടി. ഒ. മാത്യു എം. എ. പ്രസംഗിച്ചു. കഴിഞ്ഞവർഷത്തിൽ 1957 ക. പ്രസ്തുത സഖ്യത്തിൽനിന്നും ചെലവാക്കീട്ടുള്ളതായും സത്യദീപം പത്രത്തിൻെറ 80 കോപ്പികൾ സഖ്യത്തിൽനിന്നും പ്രചരിപ്പിച്ചുവരുന്നതായും ആ ഇനത്തിൽ സഖ്യത്തിനു കഴിഞ്ഞവർഷത്തിൽ 17 ക. 6 ണ. ആദായമുണ്ടായതായും റിപ്പോർട്ടിൽ കാണുന്നു.

പ്രസന്റേഷൻ മൂന്നാം സഭാ ഡിറക്ടർ



റവ. ഫാ. ജോർജ്ജ് വട്ടംകണ്ടം

| | | |
|---|---|---|
| ഗുരുപ്പട്ട സ്വീകരണം | 20 ഡി. | 1924 |
| നവപൂജാർപ്പണം | 23 ഡി. | " |
| രജതജൂബിലി | 23 ഡി. | 1949 |

—തലോർ ആശ്രമത്തിൻെറ രജതജൂബിലിയും ഉണ്ണിയീശോയുടെ തിരുനാളും ജാനുവരി 1-ാംനു- സാഘോഷം കൊണ്ടാടിയിരിക്കുന്നു.

—മംഗലപ്പുഴ സെമ്മിനരിയിലെ എസ്. എച്ച്. ലീഗിൻെറ വാർഷികസമ്മേളനം ജാനുവരി 8-ാംനു- സ്പാനിഷ് കാർമ്മലൈററു് പ്രോവിൻസിൻെറ സുപ്പീരിയർ വെ. റവ. ഫാ. ഹിപ്പോളിററസ് ഒ. സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. വെ. റവ. ഫാ. റെക്ടർ നടത്തിയ സ്വാഗതപ്രസംഗത്തെ തുടർന്നു് റവ. ബ്രദർ ജെ. തേവർപാടം "എല്ലാവർക്കും എല്ലാമായിരിക്കുക" എന്ന വിഷയത്തെ പുരസ്കരിച്ചു് ഒരു പ്രസംഗം ചെയ്തു. രാത്രി "കർദ്ദിനാൾ മിൻസെന്തി" എന്ന ഇംഗ്ലീഷ് പ്രഹസനം വൈദികവിദ്യാർത്ഥികൾ തന്മയത്വത്തോടുകൂടി അഭിനയിച്ചു. ഇക്കഴിഞ്ഞ വത്സരത്തിൽ ലീഗ് വകയായി സ്വാതന്ത്ര്യത്തിലേക്കു്, ഗലിലേയൻെറ സേനയിൽ, തിരുമുമ്പിൽ, സുവിശേഷങ്ങൾ, പരിണാമസങ്കല്പം, പ്രേഷിതാഹ്വാനം, വിദ്യാർത്ഥിമിത്രം, മാർക്സിൻെറ പാളയത്തിൽനിന്നു്, ഇൻഡ്യൻ മിഷനറി എന്നിങ്ങനെ 9 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതായറിയുന്നു.

—അഖിലകേരള കത്തോലിക്കാകോൺഗ്രസ് പൂനാശാഖയുടെ 4-ാം വാർഷികം ജാനുവരി 1-ാംനു- റവ. ഫാ. യൂജീൽ സി. ഡി. യുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. തദവസരത്തിൽ റവ. ഫാ. കുഞ്ചെറിയ എട്ടുപാറയിൽ എസ്. ജെ., മി. കെ. എ. അത്തനേഷ്യസ് എന്നിവർ ഓരോ പ്രസംഗം ചെയ്തു.

—എറണാകുളം സെൻറ് അഗസ്റ്റിൻസ് ഹൈസ്കൂൾ സാഹിത്യസമാജത്തിൻെറ വാർഷികദിനവും രക്ഷാകർതൃദിനവും ജാനുവരി 15-ാംനു- ഹൈക്കോടതി ജഡ്ജി രാജശ്രീ മാത്യു മുരിക്കൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. തദവസരത്തിൽ പ്രഫസർ പി. സി. ദേവസ്യ എം. എ. ആധുനികവിദ്യാഭ്യാസരീതിയെ പുരസ്കരിച്ചു് ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്തു.


—ആയവന മരിയാസഖ്യത്തിൻെറ 12-ാമതു വാർഷികം ജാനുവരി 1-ാംനു- റവ. ഫാ. ആൻറണി പാറയ്ക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും വിദ്വാൻ കെ. സക്കറിയാസ് പ്രസംഗിക്കുകയും ചെയ്തു. യോഗാനന്തരം "നസ്രത്തിലേക്കു്" എന്ന പ്രഹസനം അഭിനയിക്കപ്പെട്ടു.

—കുറുമണ്ണൂർ വൈ. എം. എം. ക്ലബിൻെറ വാർഷികയോഗം ജാനുവരി 1-ാംനു- റവ. ഫാ. മാത്യു മണ്ണുക്കുശുമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ബ്രദർ പീററർ ഡേവി എം. എ. പ്രസംഗിച്ചു.

—അന്ത്യാളം പള്ളി സ്ഥാപിച്ചിട്ടു് 60 കൊല്ലം തികയുന്നതിൻെറ സ്മാരകമായി ഫാത്തിമാമാതാവിൻെറ നാമത്തിൽ പണികഴിപ്പിച്ചിരിക്കുന്ന കപ്പേളയുടെ ആശീർവ്വാദം ഫെബ്രുവരി 4-ാംനു- നടത്തുന്നതാണെന്നറിയുന്നു. അതോടനുബന്ധിച്ചു് വി. കുർബാനയുടെ പ്രദക്ഷിണവും സുപ്രസിദ്ധ വാഗ്മികളുടെ പ്രസംഗങ്ങളും ഉണ്ടായിരിക്കും.

—ജയഭാരതം ദ്വൈമാസികസമിതിയുടെ പ്രഥമവാർഷികസമ്മേളനം ജാനുവരി 15-ാംനു- തേവര കോളെജ് ഹാളിൽവച്ചു് ഡോ. പി. ജെ. തോമസിൻെറ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. തദവസരത്തിൽ സാഹിത്യകുശലൻ പുത്തേഴത്തു രാമൻമേനോൻ, റവ. ഫാ. തോമസ് നെടുങ്കല്ലേൽ എന്നിവർ പ്രസംഗിച്ചു.

—ജാനുവരി 8-ാംനു- രാത്രി 7 മണിക്കു് ഫാത്തിമാമാതൃസ്വരൂപം പാലായിലെ ത്തിയപ്പോൾ ഭക്തിനിർഭരമായ ഒരു സ്വീകരണം നല്കപ്പെട്ടു. റവ. ഫാ. മാണി സെബാസ്റ്റ്യൻ വയലിക്കളപ്പുര പ്രസംഗിച്ചു.



റവ. ബ്രദർ തോമസ് പാലാത്തു്
ചരമവാർഷികം ജാനുവരി 13-ാംനു-


**1950-ലെ ഫാത്തിമാകലണ്ടർ 0—4—0 Net**

| | |
|---|---|
| ഫാത്തിമാമൃതം പാട്ടു. | 0—2—0 |
| Do നൊവേന | 0—1—0 |

Do പടങ്ങൾ വിവിധതരത്തിൽ. പലതരം കൊന്തകൾ, കുരിശുരൂപങ്ങൾ, ഫാത്തിമാകൊടികൾ, ബാഡ്ജുകൾ.

മാനേജർ, ചെറുപുഷ്പം പ്രസ്സ്, മഞ്ഞുമ്മൽ








മുഖസ്തുതി പറയുന്നതിൽ വിദഗ്ദ്ധയായ അയൽവക്കക്കാരി: "ഇവൻ അപ്പൻെറ ശരിപകർപ്പാണെന്നു തോന്നുന്നല്ലോ."

കുട്ടിയുടെ മാതാവു് (സാഭിമാനം): "അവൻ അല്പംമുമ്പു കുറെയധികം കരഞ്ഞതുകൊണ്ടാണു് അവൻെറ മുഖം അങ്ങനെ ഇരിക്കുന്നതു്. പ്രകൃത്യാ അവൻ പ്രസന്നനാണു്."

* * *

യാത്രക്കാരൻ: "ഈ മോരു് വെള്ളം പോലെ ഇരിക്കുന്നല്ലോ. ഇതിൽ എത്രമാത്രം വെള്ളമൊഴിച്ചു?"

ഹോട്ടൽക്കാരൻ: "അതിലൊട്ടും വെള്ളമൊഴിച്ചില്ല, സാർ."

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

ജോൺ മാത്യു പെരേപ്പേച്ചിറ,
ചേർത്തല

യാത്രക്കാരൻ: "മോരിൽ വെള്ളമൊഴിക്കാതെയാണോ ഇങ്ങനെ കണ്ണീരുപോലെയായതു്?"

ഹോട്ടൽക്കാരൻ: "മോരു വെള്ളത്തിലൊഴിക്കയാണു ചെയ്തതു്, സാർ."

* * *

മാനേജർ: "നിൻെറ കടം തീർത്തില്ലല്ലോ. അതുകൊണ്ടു് അടുത്തമാസംമുതൽ നിൻെറ ശമ്പളത്തിൽ കുറെ പിടിക്കാൻപോകയാണു്?"

പ്യൂൺ: "ശമ്പളത്തിൽ പിടിച്ചാൽ എത്ര കൊല്ലംകൊണ്ടാണു കടം തീരുന്നതു എമാനേ?"

മാനേജർ: "വേഗം തീരാൻവേണ്ടി അടുത്ത മാസംമുതൽ നിനക്കു 10 രൂപ കൂടുതൽ ശമ്പളം തരുന്നതാണു്."

* * *

ഒരു സുപ്രസിദ്ധസാഹിത്യകാരൻെറ നിര്യാണത്തിൽ അനുശോചിക്കുന്നതിനായി കൂടിയ പൊതുയോഗത്തിൽ ഒരു പ്രാസംഗികൻ ഇങ്ങനെ പ്രസ്താവിച്ചു: "യശശ്ശരീരനായ അദ്ദേഹം മരിച്ചിട്ടില്ല; ഒരിക്കലും മരിക്കയുമില്ല." അതുകേട്ട ഒരു സി. ഐ. ഡി., കുറെ ദിവസം കഴിഞ്ഞപ്പോൾ, ഒരു കേസിൽ പ്രതിയായിരുന്ന ആ സാഹിത്യകാരനെ അന്വേഷിച്ചു വന്നിരിക്കുന്നു!

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് [illegible]

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഫി, ബി. എ.

Vol. 23 || ERNAKULAM JANUARY 18, 1950 || No. 2.


## ജൂബിലിവത്സരം

കഴിഞ്ഞ ഡിസംബർ 24-ാംതീയതി ക്രിസ്മസിന്റെ തലേദിവസം, നമ്മുടെ പരിശുദ്ധപിതാവ് 12-ാംപീയൂസ് മാർപ്പാപ്പാ ഏററവും വിശുദ്ധമായി കത്തോലിക്കാസമുദായം ആചരിക്കേണ്ട ഒരു ജൂബിലിവർഷം ഉൽഘാടനം ചെയ്യുകയുണ്ടായല്ലോ. അത്ഭുതപൂർവ്വകമായ പ്രാഭവത്തോടും ആഡംബരത്തോടും കൂടിയ ഒരു കർമ്മത്താലാണ് തിരുമേനി ആ ഉൽഘാടനം നിർവഹിച്ചത്. വിശുദ്ധ പത്രോസിന്റെ ബസിലിക്കായുടെ വിശുദ്ധ കവാടം ഒരു സുവർണ്ണച്ചുററികകൊണ്ട് അടിച്ചുതുറന്നു. തദനന്തരം, ജൂബിലിവർഷത്തിൽ വന്നുകൂടുമെന്നു പ്രതീക്ഷിക്കപ്പെടുന്ന ലക്ഷോപലക്ഷം തീർത്ഥകന്മാരിൽ ആദ്യത്തെ ആളായി അവിടുന്നു ബസിലിക്കായിൽ പ്രവേശിച്ചു. ഈ ഉൽഘാടനകർമ്മത്തിൽ 50 000 ആളുകൾ സംബന്ധിച്ചുവെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. പ്രസ്തുതകർമ്മം വീട്ടിലിരിക്കുന്നവർക്കു ദർശിക്കുവാൻ കഴിയത്തക്കവണ്ണം "ടെലിവിഷൻ" എന്ന നൂതനയന്ത്രത്തിന്റെ സഹായത്താൽ പ്രദർശിപ്പിക്കപ്പെടുകയും ചെയ്തു.

ജൂബിലിവർഷം ഉൽഘാടനംചെയ്ത ഈ കർമ്മത്തിന്റെ അർത്ഥം ഒരു ഗ്രന്ഥകാരൻ വിവരിച്ചിരിക്കുന്നതിങ്ങനെയാണ്:—"വിശുദ്ധ കവാടം പത്രോസിന്റെ ദേവാലയത്തിന്റെ വലതുവശത്തും, മാമ്മോദീസാത്തൊട്ടിയിരിക്കുന്ന സ്ഥാനം അതിന്റെ ഇടതുവശത്തും സ്ഥിതിചെയ്യുന്നു. ഇവരണ്ടും മനുഷ്യരക്ഷയ്ക്കുള്ള രണ്ടു പ്രവേശനദ്വാരങ്ങളെയാണ് അർത്ഥമാക്കുന്നത്. ഒന്നാമത്തെ പ്രവേശനദ്വാരം മാമ്മോദീസായാകുന്നു. അതിലൂടെ ജീവിതത്തിൽ ഒരു പ്രാവശ്യമാത്രമേ മനുഷ്യനു കടക്കുവാൻ പാടുള്ളു. രണ്ടാമത്തെ പ്രവേശനദ്വാരം കുമ്പസാരമാണ്. ദൈവകാരുണ്യത്താൽ എപ്പോൾ വേണമെങ്കിലും തുറന്നുകിട്ടാവുന്ന പ്രവേശനദ്വാരമാണത്. വിശുദ്ധ കവാടം ക്രിസ്മസിന്റെ തലേദിവസമാണല്ലോ സാധാരണ തുറക്കപ്പെടുന്നത്. പാപമോചനത്തിന്റെയും ബന്ധവിമോചനത്തിന്റെയും ദിവസമാണത്. നമ്മുടെ ദിവ്യരക്ഷകന്റെ പ്രതിനിധി എന്ന നിലയിൽ മാർപ്പാപ്പാക്കുമാത്രം നിക്ഷിപ്തമായിരിക്കുന്ന അവകാശമാണ് വിശുദ്ധ കവാടം തുറക്കുകയും അതിലൂടെ ആദ്യമായി അകത്തേക്കു പ്രവേശിക്കുകയും ചെയ്യുന്ന വരവും ബഹുമാനവും. പ്രസ്തുതകർമ്മത്തിൽ കവാടം തുറക്കുവാൻ താക്കോലുകൾക്കു പകരം ചുററിക ഉപയോഗിക്കുന്നതിനു കാരണമില്ലാതില്ല. താക്കോലുകൾകൊണ്ടു തുറക്കുന്ന വാതിൽ വീണ്ടും പൂട്ടിയിടാവുന്നതാണ്. എന്നാൽ ചുററികകൊണ്ട് അടിച്ചുതുറക്കുമ്പോൾ വാതിൽ വീണുപോകുകയും ആർക്കും നിർബാധം അകത്തേക്കു പ്രവേശിക്കുവാൻ കഴിയുകയും ചെയ്യുന്നു.

### വിമോചനത്തിന്റെ കാലം

കവാടോൽഘാടനകർമ്മത്തിന്റെ വിവരണം എന്തുതന്നെയായാലും ഒരു സംഗതി സ്പഷ്ടമാണ്. ജൂബിലിവത്സരം അനുതാപത്തിനും ആദ്ധ്യാത്മികപുനരുജ്ജീവനത്തിനും വിശ്വാസികളെ അനിയന്ത്രിതമായി ആഹ്വാനംചെയ്യുന്ന വിശുദ്ധവത്സരമാകുന്നു. പാപത്തിന്റെ ഫലമായി മനുഷ്യൻ വഹിക്കുന്ന കാലികമായ ശിക്ഷയ്ക്കു പ്രത്യേകവിധത്തിൽ വിമോചനം നല്കപ്പെടുന്ന ഒരവസരവുമാണ്. ക്രൈസ്തവലോകത്തിന്റെ തലസ്ഥാനമായ റോമായിലേക്കു തീർത്ഥാടനം ചെയ്യുവാനാണ് ഈ ആഹ്വാനത്തിന്റെ അർത്ഥമെന്നുവരികിലും ലോകമാസകലമുള്ള വിശ്വാസികൾ അതിൽ ഭാഗഭാക്കുകളാകണമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ജൂബിലിവർഷത്തിലെ 12 മാസങ്ങളും പരിശുദ്ധമായ കാലഘട്ടമാകുന്നുവെന്നുള്ള ബോധം ഓരോ കത്തോലിക്കനും സജീവമായി പാലിക്കേണ്ടതാണ്. തിരുസ്സഭവഴിയായി ലഭിക്കുന്ന പ്രത്യേകങ്ങളായ ദൈവാനുഗ്രഹങ്ങൾ മാത്രമല്ല, സ്വജീവിതത്തിന്റെ പരിഷ്കരണത്താലും ഈ കാലഘട്ടത്തെ ഓരോ കത്തോലിക്കനും പരിശുദ്ധമാക്കേണ്ടതാണ്.

ഈ വിശുദ്ധവത്സരത്തിന്റെ ഉദ്ദേശമെന്തെന്ന് അതു പ്രഖ്യാപനം ചെയ്ത ഉത്തരവിൽ പരിശുദ്ധ പിതാവ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. "ഈ മഹാജൂബിലികൊണ്ടു പ്രത്യേകം ഉദ്ദേശിക്കുന്നത്, തങ്ങളുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുവാനും തങ്ങളുടെ ജീവിതത്തെ പരിഷ്കരിക്കുവാനും സകല ക്രിസ്ത്യാനികളെയും അനുസ്മരിപ്പിക്കുകയാണ്. 'ഞാൻ നിങ്ങളുടെ ദൈവമായ കർത്താവാകയാൽ നിങ്ങളെത്തന്നെ നിങ്ങൾ വിശുദ്ധീകരിക്കുവിൻ' എന്നുള്ള വേദപുസ്തകവാക്യമനുസരിച്ചു പുണ്യം സമ്പാദിക്കുവാൻ ശ്രമിക്കണമെന്ന് സകലക്രിസ്ത്യാനികളെയും അനുസ്മരിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്." ഇതിനു പുറമെ സകല വിശ്വാസികളും, "അവർ റോമായിലേക്കു തീർത്ഥയാത്ര ചെയ്താലും അല്ലെങ്കിൽ സ്വദേശങ്ങളിൽതന്നെ നിന്നിരുന്നാലും അടുത്തുവരുന്ന ജൂബിലിയിൽ കഴിയുന്നതു ഉത്തമമായ വിധത്തിൽ പങ്കെടുക്കണമെന്നും, കൂടുതൽ തീക്ഷ്ണമായ പ്രാർത്ഥനകൾ ദൈവതിരുസന്നിധിയിൽ സമർപ്പിക്കണമെന്നും, പ്രായശ്ചിത്തത്തിന്റെയും ഉപവിയുടെയും പ്രവൃത്തികൾ വർദ്ധമാനമായി അനുഷ്ഠിക്കണമെന്നും, വിശുദ്ധവത്സരത്തിൽ പ്രത്യേകം ചെയ്യേണ്ടതായി നാം മാർഗ്ഗങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളവയെല്ലാം പ്രയോഗത്തിൽ വരുത്തണമെന്നും" സകല വിശ്വാസികളോടും മാർപ്പാപ്പാ ആവശ്യപ്പെടുന്നു.

### ആവശ്യകത

ജൂബിലിവത്സരത്തിന്റെ ആവശ്യകതയെ അതു പ്രഖ്യാപനംചെയ്ത ഉത്തരവിൽ പരിശുദ്ധ പിതാവ് ചൂണ്ടിക്കാണിച്ചിരിക്കുന്നതിങ്ങനെയാണ്: "സുവിശേഷത്തിന്റെ സത്യവും ശക്തിയുമനുസരിച്ചു മനസ്സും പരിഷ്കരിക്കേണ്ട ആവശ്യകത ഇന്നത്തെപ്പോലെ ഒരു കാലത്തും ഉണ്ടായിട്ടില്ല." കള്ളപ്രവാചകന്മാർ പ്രചരിപ്പിച്ചിട്ടുള്ള നാശകരങ്ങളായ അഭിപ്രായങ്ങളാൽ ബാധിക്കപ്പെടുകയും വഴിപിഴപ്പിക്കപ്പെടുകയും ചെയ്തിട്ടുള്ളതുനിമിത്തം അനേകം ക്രിസ്ത്യാനികൾ തന്നെ വിശ്വാസത്തിൽ ദുർബലരാവുകയും സന്മാർഗ്ഗസംബന്ധമായി അധഃപതിക്കുകയും ചെയ്തിട്ടുണ്ട്. നാമമാത്രമായിട്ടല്ലാതെ ഒരു കാര്യത്തിലും അവർ യഥാർത്ഥക്രിസ്ത്യാനികളായിരിക്കുന്നില്ല. "ഇത്ര വലിയ പ്രശ്നത്തെ ശരിയായി നേരിടുവാനും സകലരുടെയും സഹകരണത്തോടുകൂടി സൗഭാഗ്യകരമായ പരിഹാരം അതിനു ഉണ്ടാക്കുവാനും പ്രകൃത്യതീതവും ദിവ്യവുമായ പ്രഭവത്തിൽനിന്നു ശക്തി സംഭരിക്കുന്ന നമ്മുടെ പരിശുദ്ധമതത്തിനു മാത്രമേ സാധിക്കുകയുള്ളു" എന്നാണ് തിരുമേനി പ്രസ്താവിക്കുന്നത്. തീർത്ഥയാത്രകളും ഘോഷയാത്രകളും, കുമ്പസാരവും കുർബാന ഉൾക്കൊള്ളലും, സകലവിധത്തിലുമുള്ള ഭക്താഭ്യാസങ്ങളും "ഭക്തിതീക്ഷ്ണത സർവ്വത്ര ഉജ്ജ്വലിപ്പിക്കുവാൻ പര്യാപ്തങ്ങളാണ്". എന്നാൽ ഈ ആഘോഷപരിപാടികളുടെയെല്ലാം അടിയിൽ ആഴമായി കിടക്കുന്നത് അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും മനോഭാവമാണ്. അതില്ലെങ്കിൽ യഥാർത്ഥമായ ആദ്ധ്യാത്മികപുനരുജ്ജീവനം അസാദ്ധ്യംതന്നെ. റോമായിലേക്കു നടത്തപ്പെടുന്ന തീർത്ഥയാത്രകൾ വിദേശങ്ങളിൽ സഞ്ചരിക്കുന്നതിനും അവിടങ്ങളിലുള്ള കാഴ്ചകൾ കാണുന്നതിനും വേണ്ടിയുള്ള ഒരു പ്രസ്ഥാനമായി ഗണിക്കപ്പെടുവാനും, യാത്രാമദ്ധ്യത്തിൽ ലഭിക്കാവുന്ന സുഖസൗകര്യങ്ങളിൽ ആസക്തി ജനിക്കുവാനും, തത്ഫലമായി അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും മനോഭാവം എളുപ്പത്തിൽ കെട്ടുപോകുവാനും പാടില്ലായ്കയില്ല. തന്മൂലം റോമായിലെ കൗൺസിൽ തിരുസംഘം തീർത്ഥകന്മാർ അനുഷ്ഠിക്കേണ്ട അച്ചടക്കത്തെ വിവരിച്ചുകൊണ്ട് ഒരുത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തീർത്ഥയാത്രകൾ അവയുടെ മതപരമായ സ്വഭാവത്തെ നിഷ്കൃഷ്ടമായി പാലിക്കണമെന്നാണ് അതിൽ ഉദ്ബോധിപ്പിച്ചിരിക്കുന്നത്. തീർത്ഥയാത്രകളെ പ്രോത്സാഹിപ്പിക്കുവാനും നയിക്കുവാനുമുള്ള അവകാശം നിയമാനുസൃതരായ വൈദികാധികാരികൾക്കുമാത്രം ഉള്ളതാണെന്നും, ഓരോ തീർത്ഥയാത്രാസംഘത്തിലും വൈദികനായ ഒരു ആദ്ധ്യാത്മികാധ്യക്ഷന്റെ സാന്നിദ്ധ്യം ആവശ്യകമാണെന്നും ആ ഉത്തരവിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. പ്രായശ്ചിത്തത്തോടുകൂടി പ്രാർത്ഥനയും ചേരുന്നെങ്കിൽമാത്രമേ ആദ്ധ്യാത്മികപുനരുജ്ജീവനം ഉണ്ടാവുകയുള്ളുവെന്നു നമുക്കറിയാം. ആകയാൽ ലോകമാസകലമുള്ള കത്തോലിക്കരോട് "കൂടുതൽ തീക്ഷ്ണമായ പ്രാർത്ഥന ദൈവത്തിങ്കലേക്കു ഉയർത്തുവാൻ" പരിശുദ്ധ പിതാവ് ഉപദേശിച്ചിരിക്കുന്നു.

റോമായിലേക്കു തീർത്ഥയാത്ര നടത്താനുള്ള സൗഭാഗ്യം നമ്മിൽ പലർക്കും ലഭിച്ചില്ലെന്നുവരാം. വിശുദ്ധവത്സരം ഇവിടെത്തന്നെയിരുന്നു ആഘോഷിച്ചു നമ്മിൽ പലരും തൃപ്തിയടയേണ്ടിവന്നേക്കാം. എന്നുവരികിലും നമ്മുടെ ആത്മാവിനു ഏററവുമധികം പ്രയോജനകരമായ വിധത്തിൽ വിശുദ്ധവത്സരത്തിന്റെ ആഘോഷങ്ങളിൽ നമുക്കെല്ലാവർക്കും ഓരോരുത്തർക്കും പങ്കുകൊള്ളുവാൻ സാധിക്കും. അതിനുള്ള ഉത്തമമായ ഒരുക്കം പ്രാർത്ഥിക്കുകയും ത്യാഗങ്ങളനുഷ്ഠിക്കുകയും നിഷ്കളങ്കജീവിതം നയിക്കുകയും കൂടെക്കൂടെ കുമ്പസാരിക്കുകയും കുർബാന ഉൾക്കൊള്ളുകയും ചെയ്യുകയാണ്. പരിശുദ്ധപിതാവിന്റെ ഉദ്ബോധനമനുസരിച്ച് ഈ വിധത്തിൽ ജൂബിലി ആഘോഷിക്കുവാനും അതിന്റെ ഗുണഫലങ്ങൾ പ്രാപിക്കുവാനും നമുക്കു ശ്രമിക്കാം.

## അടുത്ത ആഴ്ചയിൽ

ജനുവരി
22 ഞാ: ദനഹ 3-ാം ഞായർ തിരുക്കുടുംബം
23 തി: മറിയത്തിന്റെ വിവാഹം
24 ചൊ: തിമോത്തെയോസ്
25 ബു: പൗലോസിന്റെ മാനസാന്തരം
26 വ്യാ: പൊലിക്കാർപ്പ്
27 വെ: ജോൺ ക്രിസോസ്തോമോസ്
28 ശ: പീററർ നൊലാസ്കോ


## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |


## ജപാപ്പസ്തോലത്വം

ജനുവരിമാസത്തിലെ പൊതുനിയോഗം: പ്രാർത്ഥനയും പ്രായശ്ചിത്തവും വഴി നമ്മുടെ വിശുദ്ധീകരണം സാധിക്കുന്നതിന്.

മിഷൻ നിയോഗം: നിരീശ്വരത്വത്തിന്റെ വിപത്തുകൾ ബാധിച്ചിട്ടുള്ള മിഷൻപ്രദേശങ്ങൾക്കുവേണ്ടി.

## റോമാവാർത്തകൾ

(സ്വന്തം ലേഖകൻ)

ഡിസംബർ 16-ാംനു ഇററലിയിലെ സുപ്രസിദ്ധവാഗ്മിയായ റവ. ഫാ. ലൊംബാർഡി എസ്. ജെ. ഗ്രിഗോറിയൻ സർവ്വകലാശാലയുടെ വിസ്തൃതമായ ഹോളിൽ സമ്മേളിച്ചിരുന്ന ഇററാലിയൻ പാർലിമെന്ററിലെ രണ്ടു മണ്ഡലങ്ങളിലെയും അംഗങ്ങളെ ഉദ്ദേശിച്ച് ഒരു പ്രസംഗം ചെയ്യുകയുണ്ടായി. "ഇററലിയും ഇന്നത്തെ പരിതസ്ഥിതികളും" എന്നതായിരുന്നു പ്രതിപാദ്യവിഷയം. പ്രധാനമന്ത്രി ഡി ഗാസ്പരിയും മററു ആറു സഹമന്ത്രിമാരുമുൾപ്പെടെ 800 പേരോളം പ്രസ്തുത പ്രസംഗം ശ്രവിക്കുകയുണ്ടായി.

ഡിസംബർ 18-ാംനു, ജപ്പാനിലെ ശതാബ്ദാഘോഷങ്ങൾക്കായി കൊണ്ടുപോയിരുന്ന വി. ഫ്രാൻസിസ് സേവ്യറുടെ വലതുകൈ റോമിലേക്കു തിരികെകൊണ്ടുവരപ്പെട്ടു. ഈശോസഭയുടെ ജനറാളായ വെരി റവ. ഫാ. ജാൻസൻസ് തിരുശേഷിപ്പു സ്വീകരിച്ച് ആഘോഷപൂർവ്വം, അതു നേരത്തെ സൂക്ഷിച്ചിരുന്ന സ്ഥാനത്തേക്ക് ആനയിക്കുകയുണ്ടായി. ജപ്പാനിൽനിന്നു മടക്കയാത്രയിൽ തിരുശേഷിപ്പ് അമേരിക്കാ, ഐർലണ്ട് എന്നീ രാജ്യങ്ങളിലേക്കു സംവഹിക്കപ്പെട്ട കാര്യവും പ്രസ്താവ്യമാണ്.

ഡിസംബർ 19-ാംനു പരിശുദ്ധ പിതാവു സെന്റ് പീറേഴ്സ് ബസിലിക്കായിലെ സെന്റ് സെബാസ്റ്റ്യൻസ് ചാപ്പലിൽ സ്ഥാപിതമായിരിക്കുന്ന 11-ാം പീയൂസ് മാർപ്പാപ്പായുടെ സ്മാരകം ആശീർവദിച്ചു. തദവസരത്തിൽ സന്നിഹിതരായിരുന്ന കർദ്ദിനാളന്മാരുടെ കൂട്ടത്തിൽ മിലാൻ മെത്രാപ്പോലീത്തായായ കാർഡിനൽ ഷുസ്റ്ററും പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ പ്രീഫെക്റ്റായ കാർഡിനൽ ഫുമസോണി ബിയോൻഡിയുമുണ്ടായിരുന്നു. പ്രസ്തുത സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടി നിയുക്തമായിരുന്ന കമ്മീഷന്റെ പ്രസിഡണ്ടായ ബൊലോഞ്ഞാ മെത്രാപ്പോലീത്താ കാർഡിനൽ ജ്യോവാനി ബാത്തിസ്റ്റാ നാസാറി മാർപ്പാപ്പാ തിരുമേനിക്ക് ഒരു മംഗളപത്രം വായിച്ചു സമർപ്പിച്ചു. പരിശുദ്ധ പിതാവ് അതിനു മറുപടിയായി, തന്റെ പൂർവ്വഗാമിയുടെ വിശിഷ്ടഗുണങ്ങളെ അനുസ്മരിച്ചുകൊണ്ട് സ്വതസിദ്ധമായ വാഗ്വിലാസത്തോടെ ഒരു പ്രസംഗം ചെയ്തു.

ഡിസംബർ 21-ാംനു വത്തിക്കാൻ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽനിന്നും വിശുദ്ധവത്സരസ്മാരകമായുള്ള 8 പുതിയ സ്റ്റാമ്പുകൾകൂടി പുറത്തിറക്കി. പ്രസ്തുത സ്റ്റാമ്പുകളിന്മേൽ നാലുതരം ചിത്രങ്ങളാണുള്ളത്. അവയിലൊന്ന് ബോനിഫസ് മാർപ്പാപ്പാ പ്രഖ്യാപനം ചെയ്ത ഒന്നാമത്തെ വിശുദ്ധവത്സരത്തെ അനുസ്മരിപ്പിക്കുന്നു. വേറൊന്ന് പത്രോസിന് നമ്മുടെ കർത്താവു സ്വർഗ്ഗത്തിന്റെ താക്കോലുകൾ നൽകുന്നതിനെയും മൂന്നാമത്തേതു റോമിലെ ഏററവും പ്രധാനപ്പെട്ട 5 ബസിലിക്കാകളെയും ചിത്രീകരിച്ചിരിക്കുന്നു. നാലാമത്തേതു പ. പിതാവ് വിശുദ്ധ കവാടം തുറക്കുന്നതിനെ അനുസ്മരിപ്പിക്കുന്നതാണ്.

ഡിസംബർ 23-ാംനു 11 മണിക്ക് പ. പിതാവു കർദ്ദിനാൾ സംഘത്തിന്റെ ക്രിസ്മസ്മംഗളാശംസകൾക്കു മറുപടിയായി, വിശുദ്ധവത്സരത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു പ്രതിപാദിച്ചുകൊണ്ട് അഖിലലോകത്തിനുമായി ഒരു സന്ദേശം നൽകുകയുണ്ടായി.

ഡിസംബർ 24-ാംനു കാലത്തു 10 മണിക്ക് വിശുദ്ധ വത്സരവാതിൽ ഔദ്യോഗികമായി തുറക്കുന്നതു സംബന്ധിച്ചുള്ള ചടങ്ങുകൾ നിർവ്വഹിക്കുന്നതിനായി പ. പിതാവ് വി. പത്രോസിന്റെ ബസിലിക്കായിലെ വിശുദ്ധ വാതിലിങ്കലേക്ക് എഴുന്നള്ളി. ബസിലിക്കായുടെ മുൻഭാഗം മനോഹരമായി അലങ്കരിക്കപ്പെട്ടിരുന്നു. ഈ ഭാഗത്തു പ. പിതാവിന്റെ സിംഹാസനവും സ്ഥാപിതമായിരുന്നു. അവിടെ സന്നിഹിതരായിരുന്നവരുടെ കൂട്ടത്തിൽ പ. പിതാവിന്റെ ബന്ധുക്കളും, ഇൻഡ്യൻ പ്രതിനിധി മി. ദേശായി ഉൾപ്പെടെയുള്ള നയതന്ത്രപ്രതിനിധികളും, മററു

മ്പികൾ, റോമൻപ്രഭുക്കന്മാർ, പൊന്തിഫിക്കൽ അക്കാഡമി ഓഫ് സയൻസസ് എന്ന സംഘത്തിലെ അംഗങ്ങൾ അടിയായവർ ഉണ്ടായിരുന്നു.

സിസ്റ്റൈൻ ചാപ്പലിലെത്തിയ ഉടനെ പ. പിതാവ് "വേനിക്രെയാത്തോർ" (പരിശുദ്ധാത്മാവേ, നീ എഴുന്നള്ളിവരിക) എന്ന പ്രാർത്ഥനാഗാനത്തിന്റെ ആദ്യപാദം ആലപിച്ചു. മേസ്ട്രോ പെറോസിയുടെ വിദഗ്ദ്ധനേതൃത്വത്തിലുള്ള സിസ്റ്റൈൻഗായകസംഘം ശേഷംഭാഗം ഏറ്റുപാടി.

വിശുദ്ധ വത്സരവാതിലിന്റെ ഇടതുവശത്തു സജ്ജമാക്കിയിരുന്ന സിംഹാസനത്തിങ്കൽ പ. പിതാവു ആഗതനായപ്പോൾ വിശുദ്ധ കവാടം മുട്ടിത്തുറക്കുന്നതിനുള്ള സുവർണ്ണച്ചുററികഅവിടുത്തേക്കു സമർപ്പിക്കപ്പെട്ടു. തദനന്തരം അവിടുന്ന് വിശുദ്ധവത്സരവാതിലിന്മേൽ മുട്ടിക്കൊണ്ടു ഇപ്രകാരംപാടി: "നീതിയുടെ കവാടങ്ങൾ എനിക്കായി തുറക്കുവിൻ." ഗായകസംഘം "ഞാനതിൽ പ്രവേശിച്ച് കർത്താവിനെ ഏററുപറയും" എന്നു മറുപടിപാടി. "കർത്താവേ, ഞാനങ്ങേ ഭവനത്തിൽ പ്രവേശിക്കും" എന്നു പാടിക്കൊണ്ടു് പ. പിതാവ് രണ്ടാം പ്രാവശ്യം വാതിലിന്മേൽ മുട്ടി. ഗായകസംഘം "അങ്ങേ വിശുദ്ധാലയത്തിൽ ഭയസമേതം ഞാനാരാധന നടത്തും" എന്നു് തുടർന്നു പാടി. മൂന്നാം പ്രാവശ്യം വാതിലിന്മേൽ പൂർവ്വാധികം ശക്തിമത്തായി മുട്ടിക്കൊണ്ടു് പ. പിതാവ് കുറെക്കൂടി സ്വരമുയർത്തി ഇപ്രകാരം പാടി: "വാതിലുകൾ തുറക്കുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം ഞങ്ങളോടുകൂടിയാകുന്നു." ഗായകസംഘം "ഇസ്രായേലിൽ തന്റെ ശക്തിപ്രദർശിപ്പിച്ചവൻ" എന്നു ഗീതം തുടർന്നു. തൽക്ഷണം ദേവാലയത്തിന്റെ ഉൾഭാഗത്തേക്കു് വാതിൽ വീഴുകയും ഉടൻതന്നെ അതേപടി അതു അവിടെനിന്നു മാററപ്പെടുകയും ചെയ്തു.

സങ്കീർത്തനങ്ങൾ അവസാനിച്ചശേഷം മാർപ്പാപ്പാതിരുമേനിവിശ്വാസത്തിന്റെയും ഉപവിയുടെയുംചിഹ്നമായ ഒരു മെഴുകുതിരി ഇടതുകൈയിലും, പാപം മോചിക്കുവാനുള്ള പരമാധികാരത്തെ പ്രദ്യോതിപ്പിക്കുന്ന കുരിശ് വലതുകൈയിലും പിടിച്ചുകൊണ്ടു് വിശുദ്ധകവാടത്തിങ്കൽ മുട്ടുകുത്തി "തെ ദേവും" എന്ന സ്തോത്രഗീതമാലപിച്ചു. അപ്പോൾ സമയം 10-55 ആയിരുന്നു. തൽസമയം വിശുദ്ധവത്സരം സമാരംഭിച്ചു. വി. പത്രോസിന്റെ ദേവാലയാങ്കണത്തിൽ തിങ്ങിക്കൂടിയിരുന്ന ജനാവലിയുടെ ഹർഷാരവങ്ങൾ അന്തരീക്ഷത്തെ മുഖരിതമാക്കി. റോമിലെ എല്ലാ ദേവാലയങ്ങളിലെയും മണികൾ വിശുദ്ധവത്സരോൽഘാടനവാർത്ത വിളംബരം ചെയ്തു. പ. പിതാവ് വിശുദ്ധവാതിലിൽക്കൂടെ, കർദ്ദിനാളന്മാർ, പാത്രിയാർക്കുമാർ, മെത്രാന്മാർ എന്നിവരാൽ അനുഗതനായി ബസിലിക്കായിൽ പ്രവേശിച്ചു. സേദിയാ ജസ്റ്റത്തോറിയായിൽ ആരൂഢനായി, ഇരുപക്ഷങ്ങളിലും ഉന്മേഷഭരിതരായി സ്ഥിതിചെയ്തിരുന്ന ഭക്തജനങ്ങളെ ആശീർവ്വദിച്ചുകൊണ്ടു് പ. പിതാവ് പേപ്പൽ അൾത്താരയെ സമീപിച്ചു. അവിടെവച്ചു മാർപ്പാപ്പാതിരുമേനി അപ്പസ്തോലികാശീർവ്വാദം നല്കുകയും അതോടുകൂടി അന്നത്തെ ചടങ്ങുകൾ അവസാനിക്കുകയും ചെയ്തു.

വിശുദ്ധവത്സരവാതിൽ മുട്ടിത്തുറക്കുന്നതിനായി ഉപയോഗിച്ച ചുററികയുടെ ഇരുവശങ്ങളിലും കാഹളമൂതിവിശുദ്ധവത്സരം പ്രഖ്യാപനംചെയ്യുന്ന ഓരോമാലാഖായുടെ ചിത്രവും മറെറാരുവശത്തു് "പ്രാർത്ഥന" എന്ന പദവും ശേഷിച്ചവശത്തു് "പ്രായശ്ചിത്തം" എന്ന പദവും ആലേഖനംചെയ്തിട്ടുണ്ടു്. ചുററികയുടെ പിടിയിൽ പ. പിതാവിന്റെ സ്ഥാനമുദ്രകളും കുറെക്കൂടി താഴെയായി ഇററലിയിലെ കത്തോലിക്കാ തൊഴിലാളിസംഘടനയുടെ സാമൂഹ്യപ്രവർത്തനവിവരങ്ങളും നേരെ എതിർവശത്തു് പ്രസ്തുത സംഘടനയുടെ കരകൗശലം സംബന്ധിച്ച വിവരങ്ങളും മുദ്രിതമായിരിക്കുന്നു. ചുററിക വെള്ളിയും സ്വർണ്ണവുംകൊണ്ടാണു് നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. അതിന്റെ പിടിയാകട്ടെ ദന്തവും രജതവുംകൊണ്ടു് ഉണ്ടാക്കപ്പെട്ടിരിക്കുന്നു. മേൽപ്പറഞ്ഞ സംഘടനയാണ് പ്രസ്തുതോപകരണം പ. പിതാവിനു സമർപ്പിച്ചതു്.

ഡിസംബർ 24-ാംനു-തന്നെ 11മണിക്കു് സെൻറ്പോൾസ് ബസിലിക്കാ, സെൻറ് ജോൺ ലാററൻ, സെൻറ് മേരി മേജർ എന്നീദേവാലയങ്ങളുടെ കവാടങ്ങൾ യഥാക്രമം കാർഡിനൽ ടിസറാ, കാർഡിനൽ മിക്കാറാ, കാർഡിനൽ വേർഡ് എന്നിവരാൽ ഔദ്യോഗികമായി തുറക്കപ്പെട്ടു.


ഡിസംബർ 25-ാംനു- അർദ്ധരാത്രിയിൽ തീർത്ഥകരുടെ അപേക്ഷാനുസരണം പ. പിതാവ് വി. പത്രോസിന്റെ ദേവാലയത്തിൽ ദിവ്യപൂജയർപ്പിച്ചു. 23രാജ്യങ്ങളിൽനിന്നുള്ള തീർത്ഥകർ തദവസരത്തിൽ അവിടെ സന്നിഹിതരായിരുന്നു. നയതന്ത്രപ്രതിനിധികളുടെ കൂട്ടത്തിൽ വത്തിക്കാനിലേക്കുള്ള ഇൻഡ്യൻപ്രതിനിധി മി. ദേശായിയും ഉൾപ്പെട്ടിരുന്നു.

ഡിസംബർ 26-ാംനു-റോമിലെ വൈദികരും വൈദികവിദ്യാർത്ഥികളും പ. പിതാവിന്റെ നേതൃത്വത്തിൽ ജൂബിലി ബന്ധവിമോചനം പ്രാപിക്കുന്നതിനുള്ള വിസിത്തകൾ ആരംഭിച്ചു. തദർത്ഥം തിങ്കൾ, ചൊവ്വാ, ബുധൻ എന്നീ മൂന്നുദിവസങ്ങളിലായി റോമിലെ നാലു ബസിലിക്കാകളും അവർ സന്ദർശിക്കുകയുണ്ടായി.


തിങ്കളാഴ്ച കാലത്തു് 9മണിക്കു് റോമിലെ വൈദികരും വൈദികവിദ്യാർത്ഥികളും വി. പത്രോസിന്റെ ദേവാലയാങ്കണത്തിൽ സമ്മേളിച്ചു. ഉച്ചഭാഷിണിമുഖേന അവർക്കുവേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നല്കപ്പെട്ടു. അവർ നാലുവരിയായി അണിനിരന്നുകഴിഞ്ഞപ്പോൾ വിശുദ്ധവത്സര സെൻട്രൽ കമ്മിററിയിലെ ആദ്ധ്യാത്മികോപദേശകസമിതിയുടെ പ്രസിഡണ്ടായ മോൺ. ഒററവിയാനി കുരിശും വഹിച്ചു മുൻഭാഗത്തു നടന്നുകൊണ്ടു് വിശുദ്ധവാതിൽക്കലേക്കു് പ്രദക്ഷിണത്തെ നയിച്ചു. "തീർത്ഥകർക്കായുള്ള ഗാനപുസ്തകത്തിൽനിന്നു ഗാനങ്ങൾ പാടിക്കൊണ്ടാണു് പ്രദക്ഷിണം മുന്നോട്ടു നീങ്ങിയതു്. തീർത്ഥയാത്ര വി. കവാടത്തിങ്കൽ എത്തിയപ്പോൾ പ. പിതാവ് ബസിലിക്കായിൽ ആഗതനായി തീർത്ഥകസംഘത്തെ നയിച്ചു. പ. പിതാവുമൊരുമിച്ചു് ജൂബിലിബന്ധവിമോചനം പ്രാപിക്കുന്നതിനുള്ള പ്രാർത്ഥനകൾ എല്ലാവരും ചൊല്ലി. അവസാനം



സുവർണ്ണച്ചുററികകൊണ്ടു് പരിശുദ്ധപിതാവ് വിശുദ്ധവാതിലിന്മേൽ മുട്ടുന്നു.



മൂന്നാമത്തെ മുട്ടോടുകൂടി വിശുദ്ധവാതിൽ നിലംപതിക്കുന്നു.



വിശുദ്ധവാതിൽ നിലംപതിച്ചശേഷം പരിശുദ്ധപിതാവ് മുട്ടുകുത്തി "തെ ദേവും" ആരംഭിക്കുന്നു.

ഗ്രാമോദ്ധാരണപംക്തി

# മുയൽവളർത്തൽ

(ജോസഫ് തളിയത്തു് എം. എ. ബാർ-അററ്-ലാ)

നമ്മുടെ വീടുകളിൽ കോഴികളെയും മററും വളർത്തുന്നതുപോലെ എളുപ്പത്തിൽ മുയലുകളെയും വളർത്താവുന്നതാണു്. കോഴികളെ വളർത്തുന്നതോ മുയലുകളെ വളർത്തുന്നതോ ഏതാണു് കൂടുതൽ ആദായകരമെന്നു് ഓരോസ്ഥലത്തെയും സൗകര്യം അനുസരിച്ചു പരീക്ഷിച്ചറിയേണ്ടതാണു്. നമ്മുടെ നാട്ടിൽ ചിലർ വെറും കൗതുകത്തിനായി മാത്രമാണു് വെള്ളമുയലിനെ വളർത്തുന്നതു്. വെള്ളമുയലിൻെറ മാംസം ഭക്ഷണയോഗ്യമല്ലെന്നുപോലും വിചാരിക്കുന്ന പലരും നമ്മുടെ കൂട്ടത്തിലുണ്ടു്. എന്നാൽ വെള്ളമുയലുകളെ വളർത്തി അവയുടെ മാംസം ഭക്ഷണത്തിനു് ഉപയോഗിക്കുന്നവരും ഇല്ലാതില്ല. യൂറോപ്യൻരാജ്യങ്ങളിലും അമേരിക്കയിലും ഭക്ഷണത്തിനുവേണ്ടി മുയലിനെ വളർത്തുന്നതു സർവ്വസാധാരണമാണു്. ജർമ്മനിയിൽ ഓരോ വീട്ടുകാരും പത്തു പെൺമുയലിനെയെങ്കിലും വളർത്തണമെന്നു നിർബന്ധനിയമമുണ്ടായിരുന്നു എന്നും, അങ്ങനെ അവർ ചെയ്തിരുന്നില്ലെങ്കിൽ രണ്ടാംലോകമഹായു



ദ്ധത്തിൽ ജർമ്മൻകാർ തോൽവിയടഞ്ഞതിനുരണ്ടുകൊല്ലം മുമ്പുതന്നെ ഭക്ഷണദൗർലഭ്യംനിമിത്തം അവർ യുദ്ധം അവസാനിപ്പിക്കേണ്ടിവരുമായിരുന്നു എന്നും ഒരു വിദഗ്ദ്ധൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഇതിൽ എത്രത്തോളം വാസ്തവമുണ്ടെന്നറിഞ്ഞുകൂടാ. എങ്കിലും എല്ലാ ജർമ്മൻഭവനങ്ങളിലും മുയലുകളെ കാണ്മാനുണ്ടായിരുന്നു എന്നു് ജർമ്മനിയിൽ പ്രവേശിച്ച സങ്കലിതസേനയിലെ പല ഭടന്മാരും രേഖപ്പെടുത്തിയിരിക്കുന്നു. മുയൽവളർത്തൽ യുദ്ധകാലത്തു് അമേരിക്കൻ ഐക്യനാടു ഗവമ്മെൻറും പ്രോത്സാഹിപ്പിച്ചിരുന്നു. ഭക്ഷണത്തിലടങ്ങിയിട്ടുള്ള പോഷകാംശങ്ങളെ സംബന്ധിച്ചു് ആ ഗവമ്മെൻറിലെ ഗവേഷകന്മാർ പുറപ്പെടുവിച്ചിട്ടുള്ള ഒരു ബുള്ളററിനിൽ മുയലിറച്ചിയിൽ 83 ശതമാനം പോഷകാംശം (Nutrition Value) ഉണ്ടെന്നും, എന്നാൽ പന്നിയിറച്ചിയിൽ 75—ം, ആട്ടുമാംസത്തിൽ 65—ം, മാട്ടിറച്ചിയിൽ 55—ം, കോഴിയിറച്ചിയിൽ 50—ം ശതമാനമേ പോഷകാംശങ്ങൾ ഉള്ളുഎന്നും രേഖപ്പെടുത്തിയിരിക്കുന്നു. മുയൽക്കുഞ്ഞുങ്ങൾ പെററുവീണിട്ടു് ആറാംദിവസം ഇരട്ടിഘനംവയ്ക്കുന്നു. പന്നിക്കുഞ്ഞുങ്ങൾക്കു് ഇരട്ടി ഘനമുണ്ടാകണമെങ്കിൽ 14 ദിവസം വേണ്ടിവരും. കന്നുകുട്ടികൾക്കാകട്ടെ 47 ദിവസം വേണം. ഒരു പെൺമുയലിനു് ഒരു വർഷത്തിനുള്ളിൽ അതിൻെറ പത്തിരട്ടി ഘനത്തിൽ നമുക്കു മാംസം നല്കുന്നതിനു കഴിവുണ്ടു്.

വളർത്തുന്ന മുയലുകൾ പല ജാതിയുണ്ടു്. അവയുടെ ജാതിയനുസരിച്ചു് ഒന്നിനു 3 റാത്തൽമുതൽ 16 റാത്തൽവരെ തൂക്കം കാണും. അൻഗോറാമുതലായ ചില ജാതി മുയലുകളെ യൂറോപ്പിലും മററും വളർത്തുന്നതു് അവയുടെ വിലപിടിച്ച രോമത്തിനുവേണ്ടിയാണു്. എന്നാൽ, മാംസത്തെ ഉദ്ദേശിച്ചാണു് അവിടെ അധികമാളുകളും മുയലുകളെ വളർത്തുന്നതു്.

മുയൽ സസ്യഭുക്കാണു്. ഇത്ര രുചിഭേദമുള്ള മറെറാരു ജന്തുവുമില്ല. അതിനു കൊടുക്കാവുന്ന തീററിയെപ്പററി എടുത്തുപറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മിക്ക പച്ചിലവർഗ്ഗവും അതു ഭക്ഷിക്കും. ധാന്യങ്ങളും മുയലിനു പഥ്യമാണു്. ഇവയ്ക്കു പുറമേ വെള്ളവും ദിവസംതോറും കൊടുക്കണം.

വീടുകളിൽ സാധാരണ വളർത്തുന്ന മുയലുകളുടെ കുഞ്ഞുങ്ങൾ പെററുവീഴുമ്പോൾ അവയ്ക്കു രോമം തീരെ ഉണ്ടായിരിക്കയില്ല. രണ്ടാഴ്ചകൊണ്ടേ രോമം വളർന്നുവരികയുള്ളു. കുഞ്ഞുങ്ങൾ ആദ്യത്തെ പത്തുദിവസത്തേക്കു കണ്ണു തുറക്കുകയുമില്ല. ഈ രണ്ടു സംഗതിയിലും, വീടുകളിൽ വളർത്തുന്ന മുയലും കാട്ടിൽ വളരുന്ന മുയലും തമ്മിൽ വളരെ അന്തരമുണ്ടു്. കാട്ടുമുയലിൻെറ കുഞ്ഞുങ്ങൾക്കു് പ്രസവിക്കുമ്പോൾത്തന്നെ ദേഹമാസകലം രോമമുണ്ടായിരിക്കും. അതിൻെറ കണ്ണു മൂടിയിരിക്കയില്ല. വീട്ടുമുയൽക്കുഞ്ഞുങ്ങൾക്കു് രണ്ടാഴ്ചകൊണ്ടുണ്ടാകുന്ന രോമം പ്രായപൂർത്തിവരുന്നതിനുമുമ്പായി ആകെ ഒന്നു മാറിവരും. അതിൻെറ ജീവിതത്തിൽ ആദ്യമായുണ്ടാകുന്ന രോമകൊഴിച്ചിലാണു് ഇതു്. ഇതു സാധാരണ സംഭവിക്കുന്നതു് ജനിച്ചിട്ടു നാലും ആറും ആഴ്ചകൾക്കു മദ്ധ്യേ ആയിരിക്കും. അപ്പോൾ ചുരുക്കം ചില ജാതികളുടെ നിറംതന്നെ ഒന്നു മാറിവരും. ആണ്ടിലൊരിക്കൽ—ചിലപ്പോൾ രണ്ടുതവണ—മുയലുകളുടെ രോമം കൊഴിയും. ചിലപ്പോൾ രോമം കൊഴിച്ചിൽ വാലിൽനിന്നായിരിക്കും തുടങ്ങുന്നതു്; മററു ചിലപ്പോൾ തലയിൽ നിന്നുതുടങ്ങും. വേറെ ചില അവസരങ്ങളിൽ രോമം ദേഹമാസകലം ഒന്നിച്ചു കൊഴിഞ്ഞുപോകും. രോമം കൊഴിയുന്ന ഘട്ടത്തിൽ ഭക്ഷണം കൂടുതലായി കൊടുക്കണം; ഇണചേരുവാൻ അനുവദിക്കുകയുമരുതു്.

ജനിച്ചിട്ടു് ഏകദേശം ആറുമാസമാകുമ്പോൾ മുയലുകൾക്കു പ്രായപൂർത്തി വന്നു എന്നു കരുതാം. അപ്പോൾ മാത്രമേ ഇണചേരാൻ അനുവദിക്കാവൂ. പ്രത്യേകം പ്രത്യേകം കൂടുകളിലാണു് ആണിനെയും പെണ്ണിനെയും വളർത്തേണ്ടതു്. പെൺമുയൽ ഇണചേരാൻ താൽപര്യപ്പെടുന്ന അവസരങ്ങൾ ചില ലക്ഷണങ്ങൾകൊണ്ടു മനസ്സിലാക്കാം. അപ്പോൾ അതു് അസ്വസ്ഥചിത്തയായി കൂട്ടിനുചുററും ചാടിനടക്കും. കൂട്ടിൻെറ തറയിൽ പിൻകാലുകൾകൊണ്ടടിക്കും; കൂടുകെട്ടുന്നതിനായി കൂട്ടിൽ കിടക്കുന്ന വൈക്കോലോ ഇലകളോ, അതിൻെറ വയററത്തുനിന്നു പറിച്ചെടുത്ത രോമമോ വായിൽ കടിച്ചുപിടിച്ചുകൊണ്ടു നടക്കും. ഭക്ഷണം നല്കുന്ന പാത്രങ്ങളിൽ താടികൊണ്ടു് ഉരമ്മും. ഇങ്ങനെയുള്ള ഏതെങ്കിലും ലക്ഷണങ്ങൾ കണ്ടാൽ മാത്രമേ ഇണചേർക്കാവൂ. അപ്പോൾ പെൺമുയലിനെ ആണിൻെറ കൂട്ടിൽ കൊണ്ടുപോയിവിടണം. ഇണ ചേർന്നു കഴിഞ്ഞാൽ അവയെ വീണ്ടും അതാതിൻെറ കൂടുകളിലാക്കണം.

ഇണചേർന്നു 31 ദിവസം കഴിഞ്ഞാൽ പ്രസവമായി. പ്രസവത്തിനു് ഏതാനും ദിവസങ്ങൾക്കു മുമ്പുമുതൽ കുട്ടികളെ പ്രസവിച്ചു കിടത്തുന്നതിനായി മുയൽ പ്രത്യേകം ഒരു കൂടുണ്ടാക്കിത്തുടങ്ങും. സ്വന്തം കൂട്ടിൽത്തന്നെ അധികം വെളിച്ചമില്ലാത്തിടത്തായിരിക്കും ഈ കൂടു സാധാരണ തയാറാക്കുന്നതു്. അങ്ങനെയല്ലെങ്കിലും കൂടെടുത്തുമാററരുതു്. അല്പം മറവിനുവേണ്ടി ഒരു ചെറിയ കഷണം ചാക്കോ മറേറാ കൂടിരിക്കുന്ന ഭാഗത്തു തൂക്കിയിട്ടാൽ കൊള്ളാം. എന്നാൽ തള്ളമുയലിൻെറ കൂട്ടിൽ സൂര്യപ്രകാശവും വായുസഞ്ചാരവും അതുമൂലം അധികമായി കുറഞ്ഞുപോകാനിടയാകയുമരുതു്. ഒരു പ്രസവത്തിൽ അഞ്ചോ ആറോ ഏഴോ കുഞ്ഞുങ്ങൾ ഉണ്ടായേക്കും. വലിയജാതി മുയലുകൾക്കാണു് പ്രായേണ കുഞ്ഞുങ്ങൾ കൂടുതലായിരിക്കുന്നതു്. ഒരു പെൺമുയലിനു് എട്ടു മുലകളുണ്ടു്. ഒരു മുയലിനു കുട്ടികൾ കൂടുതലും, ആയിടയ്ക്കു തന്നെ പ്രസവിച്ച മറെറാന്നിനു കുറവുമാണെങ്കിൽ ആദ്യത്തേതിൽനിന്നു ചില കുട്ടികളെ രണ്ടാമത്തെ തള്ളയുടെ അടുക്കലാക്കാം. പക്ഷേ ആദ്യത്തെ കൂട്ടിലെ കുഞ്ഞുങ്ങളെ എടുക്കുന്നതിനു മുമ്പായി അവയെ എടുത്തു മാററുന്നയാളിൻെറ കൈ രണ്ടാമത്തെ കൂട്ടിൽകിടക്കുന്ന ചപ്പും ചവറുമെടുത്തു നല്ലവണ്ണം തിരുമ്മി ആ കൂട്ടിലെ മണം കൈയിൽ വരുത്തണം. അല്ലെങ്കിൽ രണ്ടാമത്തെ തള്ള പുത്തനായി കൊണ്ടുവരുന്ന കുഞ്ഞുങ്ങളെ കൊന്നുകളഞ്ഞെന്നുവരാം. നിവൃത്തിയുള്ളിടത്തോളം നാം കുഞ്ഞുങ്ങളെ തൊടാതിരിക്കയാണു് നല്ലതു്. അഥവാ തൊടേണ്ട ആവശ്യം നേരിട്ടാൽ, അങ്ങനെ ചെയ്യുന്നതിനു മുമ്പായി മുൻപറഞ്ഞതുപോലെ ആ കൂട്ടിലെ മണം കൈയിൽ വരുന്നതിനുവേണ്ടി ആ കൂട്ടിലെ സാധനങ്ങൾ കൈയിൽ തിരുമ്മാൻ മറന്നുപോകരുതു്. തൊടേണ്ടിവരുന്ന സന്ദർഭങ്ങളിൽത്തന്നെ, തള്ളയെ ആദ്യം കുഞ്ഞുങ്ങളിൽനിന്നും അകററിയിട്ടു മാത്രമേ അപ്രകാരം ചെയ്യാവൂ. തള്ള കുഞ്ഞുങ്ങളുടെ സമീപത്തു മടങ്ങിവരുമ്പോൾ അവയ്ക്കു മനുഷ്യഗന്ധമുണ്ടെന്നു മനസ്സിലായാൽ പലപ്പോഴും തള്ളമുയൽ കുഞ്ഞുങ്ങളെ കൊന്നുകളകയാണു ചെയ്യുന്നതു്.

കുഞ്ഞുങ്ങൾ മുലകുടി മാറുന്നതിനു് ആറാഴ്ച വേണ്ടിവരും. എന്നാൽ അതിനുമുമ്പായി തള്ളമുയൽ വല്ലാതെ ക്ഷീണിച്ചുവരുന്നെന്നു കണ്ടാൽ കുറേനേരത്തേതന്നെ മുലകുടി നിറുത്താം. മുലകൊടുത്തുകൊണ്ടിരിക്കുന്ന സന്ദർഭങ്ങളിൽ തള്ളയ്ക്കു് ആഹാരം കൂടുതലായി കൊടുക്കണം. മുലകുടിമാറുന്നതിനുമുമ്പായിത്തന്നെ, ഇണചേരുന്നതിനുള്ള ലക്ഷണങ്ങൾ തള്ളമുയൽ കാണിക്കുന്നപക്ഷം ഇണ ചേർക്കുന്നതിനു വിരോധമില്ല. എന്നാൽ മുലകുടിമാറി മൂന്നാഴ്ചകഴിയുംമുമ്പേ പ്രസവിക്കത്തക്കവിധത്തിൽ ഇണ ചേർക്കരുതു്. മുലകുടി മാറിയാലും മൂന്നു മാസം പ്രായമാകുന്നതുവരെ കുഞ്ഞുങ്ങളെ ഒന്നിച്ചുവളരാൻ അനുവദിക്കാം. അതുകഴിഞ്ഞാൽ ആണിനെയും പെണ്ണിനെയും വേർതിരിക്കണം; അല്ലെങ്കിൽ ദേഹവളർച്ചയ്ക്കുമുമ്പു് പെൺമുയലുകൾ പ്രസവിച്ചെന്നുവരും.

മുയലുകളെ കൂട്ടമായിട്ടും വളർത്താറുണ്ടു്. 200-ൽ അധികം മുയലുകളെ ഒന്നായിച്ചേർത്തു വളർത്തുന്നവരുണ്ടു്. എന്നാൽ കൂടുതൽ സൗകര്യം ഇരുപതുമുതൽ നാല്പതുവരെ മുയലുകളെ ഒന്നിച്ചു ചേർത്തു വളർത്തുന്നതാണു്. ഇങ്ങനെ വളർത്തുമ്പോൾ 15 പെൺമുയലിനു് ഒരു ആൺമുയൽ വീതമേ ആവശ്യമുള്ളു. ഇവയെ ഇങ്ങനെ 28 ദിവസത്തേക്കു് ഒന്നിച്ചു ജീവിക്കാൻ അനുവദിച്ചശേഷം പെൺമുയലുകളെ പ്രസവത്തിനായി പ്രത്യേകം കൂടുകളിലാക്കണം. "ചെന" പിടിച്ചിട്ടില്ലാത്തവയെ വീണ്ടും മുമ്പിലത്തെപ്പോലെ കൂട്ടജീവിതത്തിനു വിധേയമാക്കേണ്ടതാണു്.


സാധാരണവലിപ്പത്തിലുള്ള ഒരു മുയലിൻെറ കൂടിനു് 3 അടിനീളം 2 അടിവീതി ഒന്നരയടി പൊക്കം ഉണ്ടായിരിക്കും. പ്രസവിച്ചാൽ തള്ളയും കുഞ്ഞുങ്ങളും ഒന്നിച്ചുവളരേണ്ട ആവശ്യമുള്ള കൂടുകൾക്കു് നാലടി നീളമുണ്ടായിരുന്നാൽ കൊള്ളാം. പുതിയ സമ്പ്രദായത്തിൽ മുയലുകളെ വളർത്തുന്നവർ മണ്ണിൽ കാൽ തൊടാൻതന്നെ അവയെ അനുവദിക്കുന്നില്ല. വളർത്തുമുയലുകൾക്കു പല സുഖക്കേടുകളും പിടിപെടുന്നതു് മണ്ണിൽനിന്നാണത്രേ.

ഈ ലേഖനത്തിൽ പറഞ്ഞിരിക്കുന്ന മിക്ക സംഗതികളും ഇംഗ്ലണ്ടിലെയും അമേരിക്കയിലെ ഐക്യസംസ്ഥാനത്തേയും ഗവമ്മെൻറ്ജൻസികൾ പ്രസിദ്ധംചെയ്തിട്ടുള്ള പുസ്തകങ്ങളിൽനിന്നു എടുത്തിട്ടുള്ളതാണു്.

## ഫാത്തിമാ ദർശനങ്ങൾ

എറണാകുളം സ്വീകരണം ഉൾപ്പടെ 52 പടങ്ങളിൽ "ഫാത്തിമാസന്ദേശങ്ങൾ" സംക്ഷിപ്തമായി ചിത്രീകരിക്കുന്ന ഒരു മനോഹരലഘുലേഖയാണു് "ഫാത്തിമാദർശനങ്ങൾ." മാതാവു് സന്ദർശിക്കുന്ന കേന്ദ്രങ്ങളിലെല്ലാം "ട്രാവലിംഗ് ബുക്ക് ഡിപ്പോ" ക്യാമ്പുചെയ്തു വരുന്നു. ഫാത്തിമാദർശനങ്ങൾ ഡസനു് 1 ക. കലണ്ടർ ഡസനു് 8 ണ.

മാനേജർ, ദി ഫാത്തിമാകത്തോലിക് സ്റ്റോർ, കത്തേടൻസ് T. B. D. പാലാർവട്ടം, എറണാകുളം



## ചോദ്യോത്തരപംക്തി

ചോ: കൊന്തയിലെ ഓരോ ദശകത്തിനുശേഷവും ചൊല്ലേണ്ടതിനായി ഫാത്തിമാമാതാവു പഠിപ്പിച്ച ജപം പലരും പലവിധത്തിൽ ചൊല്ലിക്കേൾക്കുന്നുണ്ടു്. അതിൻെറ ശരിയായ രൂപം ഏതാണു്?

ഉ: "ഓ എൻെറ ഈശോ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കേണമെ. നരകാഗ്നിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എല്ലാ ആത്മാക്കളെയും, വിശിഷ്യ അവിടുത്തെ കരുണ ഏററവും കൂടുതൽ ആവശ്യമുള്ളവരെ, സ്വർഗ്ഗത്തിലേക്കാനയിക്കേണമെ." (സത്യദീപം 17-ാം ലക്കം 10-ാം പേജു നോക്കുക) ഇതാണു ശരിയായരൂപമെന്നാണു് തീർത്ഥകസംഘത്തിലെ വൈദികരും അഭിപ്രായപ്പെട്ടതു്. ഫ്രഞ്ചുഭാഷയിലും ഇപ്രകാരംതന്നെയാണു ചൊല്ലിവരുന്നതു്. ആകയാൽ എല്ലാവരും ഈ രൂപംതന്നെ സ്വീകരിക്കുന്നതു അഭിലഷണീയമായിരിക്കും.

പ. പിതാവു് അപ്പസ്തോലികാശീർവ്വാദം നല്കുകയും ദേവാലയം വിടുകയും ചെയ്തു. മററു ബസിലിക്കാകളിലേക്കുള്ള തീർത്ഥയാത്രയും മേല്പറഞ്ഞപ്രകാരം തന്നെ നടത്തപ്പെട്ടു. പക്ഷെ തദവസരങ്ങളിൽ പ. പിതാവു് സന്നിഹിതനായിരുന്നില്ല. 38 സെമ്മിനരികളും 49 സന്യാസസമൂഹങ്ങളും ഈ സന്ദർശനങ്ങളിൽ പങ്കെടുക്കുകയുണ്ടായി.

——

പ്രഭാഷണം

# പാരമ്പര്യം

"ദൈവത്തിൻെറ കരുണ അങ്ങെ ഭയപ്പെടുന്നവരുടെമേൽ പുരുഷാന്തരങ്ങളും തലമുറകളുംവരെ ഉണ്ടായിരിക്കും." (ലൂക്ക 1, 50)

പിതാവു്, പിതാമഹൻ, പ്രപിതാമഹൻ തുടങ്ങിയവരിൽനിന്നു ജനനംവഴിയായി ഒരു പുത്രനു സിദ്ധിക്കുന്ന ഗുണവിശേഷങ്ങളും ദോഷാംശങ്ങളുമാണു് പാരമ്പര്യം (Heredity) എന്ന പദത്താൽ നിർദ്ദിഷ്ടമായിരിക്കുന്നതു്. സുപ്രസിദ്ധങ്ങളായ "ഈസോപ്പ്" കഥകളിൽ ഒന്നു് ഏതാണ്ടിപ്രകാരമാണു്: ഒരിക്കൽ ഈസോപ്പ് ഒരു നാട്ടിൽ സഞ്ചരിക്കുമ്പോൾ അവിടത്തെ പേരെടുത്ത ഒരു തസ്കരപ്രമാണിയുടെ വിവാഹാഘോഷങ്ങൾ പൊടിപൂരമായി നടക്കുന്നതുകണ്ടു. ഉടനെ അയാൾ സ്വകപോലകല്പിതമായ ഒരു കഥ പറയുവാൻ തുടങ്ങി. ഒരിക്കൽ സൂര്യൻ വിവാഹം കഴിക്കുവാൻ നിശ്ചയിച്ചു. ഇതു കേട്ടപ്പോൾ തവളകൾ സംഘടിച്ചുകൊണ്ടു വലിയൊരു പ്രക്ഷോഭണം നടത്തി. ഭേകാരവം അസഹനീയമായപ്പോൾ ജൂപ്പിററർദേവൻ പ്രത്യക്ഷനായിക്കൊണ്ടു് ഈ പ്രക്ഷോഭണത്തിനുള്ള കാരണം അന്വേഷിച്ചു. അപ്പോൾ മണ്ഡൂകനേതാവു് ഇപ്രകാരം ഉണർത്തിച്ചു: "ഒരു സൂര്യൻ മാത്രമുണ്ടായിട്ടുതന്നെ ഞങ്ങളുടെ തടാകങ്ങളെല്ലാം ഉണങ്ങി വരണ്ടുപോകുന്നു. ഇനി ആ സൂര്യൻ വിവാഹംകഴിച്ചു് കുറെ കുട്ടിസൂര്യന്മാർക്കൂടി ഉണ്ടായാൽ ഞങ്ങളുടെ സ്ഥിതി എന്തായിത്തീരും?......" പാരമ്പര്യത്തെ ഉദാഹരിക്കുവാൻ പര്യാപ്തമായ ഒരു കഥയാണിതു്. സൂര്യനു സ്വായത്തമായിട്ടുള്ള ഒരു പ്രധാനഗുണവിശേഷമാണല്ലോ ചൂടു്. തന്നിമിത്തം ആ ഗുണവിശേഷം സൂര്യൻെറ മക്കൾക്കും ഉണ്ടായിരിക്കുമെന്നും അങ്ങനെ നിരവധി കുട്ടിസൂര്യന്മാരുടെ ആവിർഭാവം ഭൂമിയെ ഭസ്മീകരിച്ചുകളയുമെന്നും തവളകൾ ആവലാതിപ്പെട്ടതു ന്യായപൂർവ്വംതന്നെ. ഇതുപോലെതന്നെ ഒരു കള്ളൻ വിവാഹം കഴിച്ചു മക്കളുണ്ടാകുമ്പോൾ അവർക്കും പിതാവിൻെറ മോഷണാസക്തിയുടെ ഒരു പങ്കെങ്കിലും ലഭിക്കുമെന്നും അങ്ങനെ മോഷ്ടാക്കളുടെ ശല്യം വർദ്ധിക്കുമെന്നും അന്യാപദേശമാർഗ്ഗേണ നിരീക്ഷണപടുവായ ഈസോപ്പ് നമ്മെ മനസ്സിലാക്കുന്നു. ഈ തത്വംതന്നെയാണല്ലോ പാരമ്പര്യം എന്ന പദത്തിൽ നാം വിവക്ഷിക്കുന്നതു്.

ഈ പാരമ്പര്യം ഒരു വ്യക്തിയുടെ ശരീരത്തിലും സ്വഭാവത്തിലും പ്രത്യക്ഷമാകുന്നതാണു്. തത്തിക്കളിച്ചു നടക്കുന്ന ഒരു കോമളശിശുവിനെ കാണുമ്പോൾ അയൽവാസികൾ പറയാറുണ്ടു്, "ഹാ, ഇവൻ അപ്പൻെറ തനിപ്പകർപ്പാണു്; ആ നെററിയും മൂക്കും നോട്ടവും നടത്തവും എല്ലാം തനി അപ്പൻതന്നെ......" സംഗീതവിദഗ്ദ്ധനായ ഒരു പിതാവിൻെറ അരുമസന്താനം ചെറുപ്പംമുതൽക്കേ അന്യാദൃശമായ സംഗീതപാടവം പ്രകടമാക്കുമ്പോൾ ജനങ്ങൾ പറയാറുണ്ടു്: "ഇതിൽ എന്താണത്ര അത്ഭുതപ്പെടാനുള്ളതു്? അപ്പൻെറ മകൻതന്നെ..." ജനനാൽതന്നെ സംഭവിക്കുന്ന ചില അംഗവൈകല്യങ്ങൾ, ഭ്രാന്തു് തുടങ്ങിയ ചില രോഗങ്ങൾ, എന്നിവ പാരമ്പര്യമായി പിതൃപുത്രബന്ധത്തിൽക്കൂടി സംക്രമിച്ചുകൊണ്ടിരിക്കും. ഇതുപോലെതന്നെ ബുദ്ധിസാമർത്ഥ്യം, വിനയം, സത്യസന്ധത, സൗമ്യത, ശുദ്ധത തുടങ്ങിയ സ്വഭാവത്തിൻെറ ഗുണാംശങ്ങൾമാത്രമല്ല, കോപം, ക്രൗര്യം മദ്യപാനാസക്തി, വിഷയേച്ഛ, കൗടില്യംഎന്നീ ദോഷാംശങ്ങളും പിതാവിൽനിന്നു പുത്രനിലേക്കു പകരുന്നതാണെന്നുള്ളതു് പ്രത്യേകംസ്മർത്തവ്യമാണു്. വിവാഹാലോചനകളിലുംമററും തറവാടു്, ധനസ്ഥിതി, പഠിപ്പു്, ഉദ്യോഗം, സൗന്ദര്യം: എന്നിവ മാത്രം നോക്കിയാൽ പോരെന്നും, പ്രത്യുത വധൂവരന്മാരുടെ സ്വഭാവവിശേഷങ്ങളും സ്വഭാവവൈകല്യങ്ങളും സവിശേഷം അന്വേഷിച്ചറിയണമെന്നും ചില കാരണവന്മാർ ശഠിക്കുന്നതും ഇതുകൊണ്ടുതന്നെയാണു്. വധൂവരന്മാരുടെ ജീവിതത്തെമാത്രമല്ല അവ സ്പർശിക്കുന്നതു്; പ്രത്യുത, അവരിൽനിന്നു ജനിക്കുന്ന സന്താനങ്ങളേയും പരമ്പരയായി അവ സ്പർശിക്കയും വിദൂരവ്യാപകങ്ങളായ ഫലങ്ങൾ ഉളവാക്കുകയും ചെയ്യുന്നതാണു്.

ഒരു വ്യക്തിയുടെ സ്വഭാവരൂപവൽക്കരണത്തിൽ നാലുഘടകങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായിക്കാണാം: പാരമ്പര്യം, ചുററുപാടുകൾ, വിദ്യാഭ്യാസം, ദൈവപ്രസാദവരം. വെറും ഭൗതികമായ വീക്ഷണകോണത്തിൽക്കൂടി മാത്രം മനുഷ്യനെ വീക്ഷിക്കുന്ന ഇന്നത്തെ ചില മനശ്ശാസ്ത്രപണ്ഡിതന്മാർ ആദ്യത്തെ മൂന്നു ഘടകങ്ങളുടേയും അസ്തിത്വത്തെ സമ്മതിച്ചുതരുമെങ്കിലും ഒടുവിലത്തേതു് ത്യാജ്യകോടിയിൽ തള്ളുകയാണു് പതിവു്. എന്നാൽ കത്തോലിക്കാ മതസിദ്ധാന്തങ്ങളുടെ പ്രാഥമികതത്വങ്ങളെങ്കിലും പഠിച്ചിട്ടുള്ളവർക്കറിയാം സ്വഭാവരൂപവൽക്കരണത്തിലും സന്മാർഗ്ഗജീവിതത്തിലും പ്രസാദവരത്തിനുള്ള മഹനീയശക്തി എത്രമാത്രമാണെന്നു്. പാരമ്പര്യത്തിൻെറ ദോഷാംശങ്ങളെ സാഹചര്യത്തിൻെറയോ വിദ്യാഭ്യാസത്തിൻെറയോ ഗുണാംശങ്ങൾ ഒരുപക്ഷെ പരിഹരിച്ചുവെന്നു വന്നേക്കാം. അതുപോലെതന്നെ, സാഹചര്യങ്ങളുടേയോ അല്ലെങ്കിൽ വിദ്യാഭ്യാസത്തിൻെറയോ ദോഷാംശങ്ങൾക്കു പാരമ്പര്യത്തിൻെറ ഗുണാംശങ്ങൾ ശക്തിയായ ഒരു കോട്ടയായും പരിലസിച്ചേന്നുവരാം. ചിലപ്പോൾ ഈ മൂന്നു് ഘടകങ്ങളും ഒരു വ്യക്തിയിൽ ദോഷാംശപ്രധാനങ്ങളാകയും അങ്ങനെ ആ വ്യക്തി വളരെയധികം അധഃപതിക്കയും ചെയ്തെന്നുംവരാം. എന്നാൽ നാലാമത്തെ ഘടകമായ പ്രസാദവരം ഇവയെല്ലാററിനേയും പ്രതിരോധിച്ചു് സ്വഭാവസംസ്കരണം സാധിക്കുന്നതിനു സുശക്തമാണു്. വി. അലോഷ്യസ് സ്വന്തം അമ്മയുടെ മുഖംപോലും ഒരിക്കലും ദർശിക്കുവാൻ തുനിഞ്ഞില്ലെന്നു വായിക്കുമ്പോൾ അതു കുറെ കടന്നകയ്യാണെന്നും പ്രകൃതിവിരുദ്ധമാണെന്നും മററും നമുക്കു് തോന്നിയേക്കാം. എന്നാൽ ആ വിശുദ്ധൻെറ വംശാവലിയിൽ വിഷയാസക്തിയുടെ കടുത്ത പാരമ്പര്യമുണ്ടായിരുന്നതുകൊണ്ടും അദ്ദേഹത്തിൻെറ ജീവിതസാഹചര്യങ്ങളും അതിലേക്കനുകൂലമായിരുന്നതുകൊണ്ടും, അതിനെ ജയിക്കുവാൻ കുറെ കടന്നകൈകൾതന്നെ അദ്ദേഹം പ്രയോഗിച്ചുവെന്നു മാത്രം; പാരമ്പര്യത്തിൻെറ കരാളകരാഘാതം നിരപരാധിയായ അദ്ദേഹം സഹിക്കേണ്ടിവന്നുവെന്നു ചുരുക്കം; എന്നാൽ പ്രസാദവരത്തിൻെറ ശക്തിയാൽ അദ്ദേഹം വലിയ വിജയം വരിക്കയും ചെയ്തു.

ഇത്രയും പറഞ്ഞതിൽനിന്നും മാതാപിതാക്കന്മാർക്കു് മറക്കുവാനോ അഗണ്യമാക്കുവാനോ പാടില്ലാത്ത ഒരു പരമാർത്ഥം തെളിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു; അതായതു്, അവരുടെ സ്വഭാവവിശേഷങ്ങളും സ്വഭാവദൂഷ്യങ്ങളും അവരിൽനിന്നുൽപാദിതരാകുന്ന സന്താനപരമ്പരകളിൽ വലിയ പ്രത്യാഘാതങ്ങളും വിദൂരവ്യാപകങ്ങളായ ഫലങ്ങളുമുളവാക്കുമെന്നു്. "ഞാൻ മദ്യപാനിയായതുകൊണ്ടു്.........ഞാൻ വിഷയാസക്തനായതുകൊണ്ടു്......ഞാൻ ക്രൂരനും ചതിയനുമായതുകൊണ്ടു ആർക്കും ഒരു നഷ്ടവും വരാനില്ലല്ലോ. എൻെറ കാലം ഇങ്ങനെയങ്ങോട്ടു കഴിഞ്ഞുകൊള്ളട്ടെ" എന്നിങ്ങനെ സ്വന്തം സ്വഭാവദൂഷ്യങ്ങളെ വെച്ചുപുലർത്താനായി ന്യായവാദംചെയ്യുന്ന മാതാപിതാക്കന്മാരെ പിടിച്ചുനിറുത്തി ചോദ്യംചെയ്യുന്ന ഒരു വലിയ പരമാർത്ഥമാണിതു്. ആർക്കും ഒരു നഷ്ടവുമില്ലെന്നോ? തീർത്താൽതീരാത്ത കഷ്ടവും നഷ്ടവുമല്ലേ അവർ തങ്ങളുടെ ചോരക്കിടാങ്ങളിൽ വരുത്തിവെക്കുന്നതു്? ദുർമാർഗ്ഗങ്ങളിൽ വ്യാപരിക്കുന്ന മാതാപിതാക്കന്മാരെ ഇരുത്തി ചിന്തിപ്പിക്കയും അവരെ പാപാസക്തിയിൽനിന്നു വിരമിപ്പിക്കയും ചെയ്യേണ്ട ഒരു യാഥാർത്ഥ്യമാണു് തങ്ങളുടെ ദുഷിച്ച നടപടികൾ തങ്ങളിൽനിന്നു ജനിക്കുന്ന മക്കളിലേക്കും സംക്രമിക്കുമെന്നുള്ളതു്. തങ്ങളുടെ സ്വഭാവദൂഷ്യങ്ങളുടെ അനിഷ്ടഫലങ്ങൾ തങ്ങൾ മാത്രമല്ല അനുഭവിക്കുന്നതെന്നും പ്രത്യുത, തങ്ങൾ ഉൽപാദിപ്പിക്കുന്ന സന്താനങ്ങളിലും—ആ പിഞ്ചുപൈതങ്ങളുടെ അറിവോ സമ്മതമോ കൂടാതെ—ആ ദോഷാംശങ്ങൾ തങ്ങൾ കുത്തിവെച്ചുകൊടുക്കുകയാണു് ചെയ്യുന്നതെന്നും മാതാപിതാക്കന്മാർ മനസ്സിലാക്കട്ടെ. ഈ ചിന്തയെങ്കിലും അവരെ സൽപഥത്തിൽ വ്യാപരിക്കുവാൻ ഉത്തേജിപ്പിക്കട്ടെ.

ഗർഭിണികളെക്കുറിച്ചും രണ്ടുവാക്കു് ഇത്തരുണത്തിൽ പറയേണ്ടതുണ്ടു്. ഗർഭധാരണകാലം വളരെ അപകടകരമാണെന്നു സമ്മതിച്ചേതീരൂ. തന്നിമിത്തം ഉദരത്തിലിരിക്കുന്ന ശിശുവിനു് ശാരീരികമായി യാതൊരു വൈകല്യങ്ങളും വന്നു ഭവിക്കാതിരിപ്പാൻ അവരും മററുള്ളവരും വളരെ ദത്തശ്രദ്ധരായിരിക്കും. ഭാരമേറിയ ചുമടുകളോ വേലകളോ എടുക്കാതിരിക്കുക, ചില ക്ഷേത്രപദാർത്ഥങ്ങൾ വർജ്ജിക്കുക, അടിയോ മററു ദേഹോപദ്രവങ്ങളോ ഏൽപ്പിക്കാതിരിക്കുക, ദുഃഖകരങ്ങളോ ക്ഷോഭകരങ്ങളോ ആയ വാർത്തകൾ പെട്ടെന്നു അറിയിക്കാതിരിക്കുക, എന്നിങ്ങനെ പലേ മുൻകരുതലുകളും ശിശുവിൻെറ ശാരീരികസുസ്ഥിതിക്കുവേണ്ടി ചെയ്യാറുണ്ടു്. ഇതെല്ലാം അവശ്യം കൂടിയേകഴിയൂ. എന്നാൽ മറെറാരു പരമാർത്ഥംകൂടി അവർ ഓർക്കേണ്ടതുണ്ടു്. അതായതു് അവരുടെ വിചാരങ്ങളും വികാരങ്ങളും, വാക്കുകളും പ്രവൃത്തികളുമെല്ലാം ആ ശിശുവിൻെറ സ്വഭാവത്തെ സ്പർശിക്കുമെന്നു അവർ പ്രത്യേകം സ്മരിക്കട്ടെ. കോപം അസൂയ തുടങ്ങിയ ദുർവികാരങ്ങളിലോ ഇവയോടു ബന്ധിച്ച പ്രവൃത്തികളിലോ ഒരു ഗർഭിണി വ്യാപരിക്കുന്നുവെങ്കിൽ അതിൻെറ പ്രത്യാഘാതം ഉദരത്തിലിരിക്കുന്ന ശിശുവിൻെറ സ്വഭാവത്തിലുമുണ്ടായിരിക്കും. തന്നിമിത്തം ഗർഭിണികൾ അവരുടെ ഉദരത്തിലിരിക്കുന്ന ശിശുവിനെ ഓർത്തെങ്കിലും വിചാരവികാരങ്ങളിലും ആഗ്രഹങ്ങളിലും പ്രവൃത്തികളിലും അടക്കവും, സൗമ്യതയും, പരിശുദ്ധിയും സർവ്വോപരി ദൈവവിചാരവും പുലർത്തട്ടെ. പരിശുദ്ധങ്ങളും ഉൽകൃഷ്ടങ്ങളുമായ വിചാരവികാരങ്ങൾമാത്രം അവർക്കുണ്ടായിരിക്കട്ടെ. അവ ശിശുക്കളുടെ സ്വഭാവത്തെ സ്പർശിക്കാതിരിക്കയില്ല. വി. കൊച്ചുത്രേസ്യായുടെ അമ്മ ഓരോ ശിശുവിനേയും ഗർഭം ധരിച്ചിരുന്നപ്പോൾ ആ ശിശുവിനെ ദൈവത്തിനു് സമർപ്പിക്കണമെന്നു് എപ്പോഴും ശക്തിയായി ആഗ്രഹിച്ചുകൊണ്ടിരുന്നു. ആ പരിശുദ്ധമായ ആഗ്രഹത്തിൻെറ പ്രത്യാഘാതം ആ ശിശുക്കളിലും ഉണ്ടായി. അവരെല്ലാവരും കന്യകാലയങ്ങളിൽ പ്രവേശിക്കയും വിശുദ്ധജീവിതം നയിക്കയും ചെയ്തു.

(ജെ. ചെമ്മണ്ണൂർ)

## Thanksgiving



For favours received through St. Raphael & Sr. Alphonsa.
M. P. Sicily, Ollur

# പുൽക്കൂട്

(ഹിന്ദി "ബഡിബഹനി"ലെ "ചുപ്പ്ചുപ്പ്" എന്ന മട്ടു്)

നില്ല, നില്ല, സഹജരേ! പുല്ക്കൂടിലിൽ നോക്കിടാം,
ക്രിസ്തുനാഥൻ മർത്യനായ കാഴ്ചകണ്ടു വാഴ്ത്തിടാം—ക്രിസ്തുനാഥൻ......
1. കല്യാണരൂപനീകന്യാതനൂജനായ് മന്നാന്നവിനകളെ പോക്കി മുക്തിയേകുവാനായ്—പോക്കി മുക്തിയേകുവാൻ
ഉന്നതം വെടിഞ്ഞുവന്നതോർത്തെന്നുള്ളം ഭക്തിയാൽ
തുന്ദിലമായ്ത്തീർന്നിടുന്നു സന്നമിച്ചിടുന്നു ഞാൻ—തുന്ദിലമായ്... (നില്ല)
2. ആലേലൂയാപാടി ആനന്ദപൂർണ്ണരായ്
ആകാശദേശമതിൽ വാനവർ നിരന്നിടുന്നു—വാനവർ നിരന്നു ഹാ!
ആനമിച്ചു പാദപത്മതല്ലജം വണങ്ങിടാം
ആനന്ദപ്പൂഞ്ചോലതന്നിലാമഗ്നരായ് നീന്തിടാം—ആനന്ദ...........(നില്ല)
3. പാടാം നിരാമയം പാദം മഹേശ്വരം
തേടാം വിനകൾ നീങ്ങി ലോകമുൽഗമിക്കുവാനായ്—ലോകമുൽഗമിക്കുവാൻ
ആടലകന്നിടും ഭൂമി ശാന്തി പുൽകും സന്തതം
കോടിദൂതരൊത്തുവാഴ്ത്തും ദൈവനാമം സർവ്വദം—കോടിദൂതരൊത്തു......
(നില്ല)

(വറുഗീസ് മാളിയേക്കൽ)

The Catholic Syrian Bank, Ltd.

ദി കാത്തലിക്ക് സിറിയൻ ബാങ്ക്, ലിമിററഡ്

ഹെഡ് ആഫീസ്—തൃശ്ശൂർ

എറണാകുളം, തൃശ്ശൂർ ബ്രാഞ്ചുകളിൽ 23-ം 28-ം തിയതികളിൽ തുടങ്ങുവാൻപോകുന്ന കുറികളിൽ വരിക്കാർ അധികമായിരിക്കകൊണ്ടു് ടി കുറികളിൽ ചേരുവാൻ മേലാൽ ആരും സംഖ്യ അടക്കാതിരിപ്പാൻ അറിയിച്ചുകൊള്ളുന്നു.

തൃശ്ശൂർ,
9-1-1950

ജ. മാനേജർ

[illegible]

(4-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 അഹറോൻ 2 ശാവൂൽ 3 ദാവീദ് അതിൻെറ പണി ആരംഭിച്ചെങ്കിലും ശ്ലോമോനാണ് അതു പൂർത്തിയാക്കിയതു്. 4 മൂന്നു പ്രാവശ്യം. 5 രണ്ടു പ്രാവശ്യം. 6 70 എ. ഡി.

# കർദ്ദിനാൾ ഗിൽറോയി തിരുമേനിയുടെ

# ഉൽഘാടനപ്രസംഗം



ഇടത്തുനിന്നു വലത്തോട്ട്: ഇൻറർനൺഷിയൊ, വെ. റവ. ഡോ. ടി. കെ. നമ്പ്യാപറമ്പിൽ, കർദ്ദിനാൾ ഗിൽറോയി തിരുമനസ്സുകൊണ്ട്, ബാംഗളൂർ മെത്രാൻ ഡോ. പി. തോമസ് ആദിയായവർ.

[ജാനുവരി 6-ാംനു- ബാംഗളൂരിലെ സെൻറം സേവ്യേഴ്സ് ഭദ്രാസനദേവാലയത്തിൽവച്ചു സൂനഹദോസ് ഉൽഘാടനം ചെയ്തുകൊണ്ടു് പേപ്പൽ പ്രതിനിധി കർദ്ദിനാൾ ഗിൽറോയി തിരുമനസ്സുകൊണ്ടു ചെയ്ത ഉജ്ജ്വലമായ പ്രസംഗത്തിൻെറ പരിഭാഷ താഴെ ചേക്കുന്നു.]

ഇൻഡ്യയിലെ ഒന്നാമത്തെ പൂർണ്ണസൂനഹദോസിൽ സംബന്ധിക്കുന്നതിനായി, ഈ ദനഹാതിരുനാളിൽ ഇവിടെ കൂടിയിരിക്കുന്ന അഭിവന്ദ്യരായ വൈദികമേലദ്ധ്യക്ഷന്മാരുടെയും വൈദികരുടെയും, സംമ്മേളനത്തെ അഭിവീക്ഷിക്കുമ്പോൾ, ആദ്ധ്യാത്മികജറൂസലത്തെ അഭിസംബോധനചെയ്തുകൊണ്ടു ഇസയാസ് ദീർഘദർശി പറഞ്ഞിട്ടുള്ള അർത്ഥഗർഭമായ വചനങ്ങളെ ഒരുവനനുസ്മരിച്ചുപോകുന്നു. "നിൻെറ കണ്ണുകളെ ഉയർത്തി ചുറ്റും നോക്കി കാണുക. ഇവരെല്ലാം ഒരുമിച്ചു കൂടിയിരിക്കുന്നു. ഇവരെല്ലാം നിൻെറ അടുക്കലേക്കു വന്നിരിക്കുന്നു." ഈ മഹത്തായ ഭാരതഭൂമിയിലെ ആദ്ധ്യാത്മികജറൂസലമായ ഇൻഡ്യൻ സഭയ്ക്കു് അദ്ദേഹപ്രവാചകൻെറ അഭ്യാധോദ്ധൃതമായ വചനങ്ങളും യോജിക്കുന്നതായി നമുക്കു കരുതാവുന്നതാകുന്നു. "ജറൂസലമേ, എഴുന്നേൽക്കുക, പ്രകാശവതിയായിത്തീരുക. എന്തുകൊണ്ടെന്നാൽ നിൻെറ പ്രകാശം വന്നിരിക്കുന്നു. കർത്താവിൻെറ മഹത്വം നിന്നിൽ ഉദിക്കുകയും ചെയ്തിരിക്കുന്നു." ദനഹാതിരുനാളിൽ വായിക്കപ്പെടുന്ന ദൈവനിവേശിതങ്ങളായ ഈ വചനങ്ങൾ ഈ പൂർണ്ണസൂനഹദോസിനും പറ്റുന്നതാണെന്നു പറയുന്നതുകൊണ്ടും ഇതു ഭാരതക്രൈസ്തവസഭാചരിത്രത്തിൽ ഒരു നവീനാദ്ധ്യായം തുറക്കുന്ന സംഭവമാണെന്നുള്ളതിനു തർക്കമില്ല. വളരെക്കാലമായി പ്രതീക്ഷിക്കപ്പെട്ടിരുന്ന ഒരു സംഭവമാണിതു്. മാർഗ്ഗദർശനത്തിനും നിവേശനത്തിനുമായി ഭാവിതലമുറകൾ പിന്തിരിഞ്ഞു നോക്കാനിരിക്കുന്ന ഒരു സംഭവമായിരിക്കുന്നു ഇതു്.

ഇന്നു്, പൗരസ്ത്യവിജ്ഞന്മാരെ ക്രിസ്തുവിങ്കലേക്കു വഴികാണിച്ച നക്ഷത്രത്തിൻെറ വെളിച്ചത്തിൽ ആഘോഷപൂർവ്വം സമാരംഭിക്കുന്ന ഈ പൂർണ്ണസൂനഹദോസ്, ഭാരതത്തിലെ കത്തോലിക്കസഭയുടെ ശതവർഷങ്ങളായുള്ള, സാവധാനമെങ്കിലും സുസ്ഥിരമായുള്ള, പുരോഗതിയുടെ ഫലമാകുന്നു. ഭാവിയിൽ കൂടുതലായ മിഷനറിസംരംഭങ്ങൾക്കും വികാസത്തിനും ഇതു കാരണമാകുമെന്നുള്ളതിനു തർക്കമില്ല ഇൻഡ്യക്കു സുദീർഘവും വൈവിദ്ധ്യപൂർണ്ണവുമായ ഒരു ചരിത്രമാണുള്ളതു്. ഹിമാലയത്തിൻെറ ദക്ഷിണഭാഗങ്ങളിൽ മാർത്തോമ്മാശ്ലീഹാ സുവിശേഷത്തിൻെറ ആദ്യവിത്തു വിതച്ച ദിനത്തിനും ഇന്നത്തെ പൂർണ്ണസൂനഹദോസിനും ഇടയ്ക്കു് പത്തൊൻപതു നൂറ്റാണ്ടുകളാണു കിടക്കുന്നതു്.

ഈ സുദീർഘകാലഘട്ടത്തിലെ ക്രിസ്തീയജീവിതത്തിൻെറ വിവിധങ്ങളായ വിപത്തുകളും, സ്വതന്ത്രഭാരതത്തിൽ കൂടിയിരിക്കുന്ന ഈ സമ്മേളനത്തെ ഒരു പുതിയ യുഗത്തിൻെറ പ്രാരംഭമായി കണക്കാക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. പരിശുദ്ധപിതാവു പന്ത്രണ്ടാം പീയൂസു മാർപ്പാപ്പാ, വിശുദ്ധന്മാരോടുള്ള പ്രാർത്ഥനയിൽ നാം സംബോധന ചെയ്യുന്നതുപോലെ അപ്പസ്തോലപ്രഭ, ഇതിനെ ഇങ്ങനെതന്നെയാണു കരുതുന്നതെന്നു നമുക്കു ഉറപ്പായി വിചാരിച്ചുകൂടേ? പരിശുദ്ധ പിതാവു അതിവിപുലമായ ഒരു മിഷനറിസമൂഹത്തിൻെറ ഇടയനാകുന്നു. സാഗരോപമം വിശാലമായ ഒരു ഹൃദയമാണു് അവിടുത്തേക്കുള്ളതു്. അവിടുത്തെ കണ്ടുമുട്ടുന്ന ആർക്കും ഈ അനുഭൂതിയാണുണ്ടാകുന്നതു്. ആകയാൽ, തൻെറ സ്വന്തം സെനറ്റിൽനിന്നു്, കർദ്ദിനാൾസംഘത്തിൽനിന്നു്, ഉള്ള ഒരു പ്രതിനിധിമുഖേന പരിശുദ്ധ പിതാവു നേരിട്ടുതന്നെ ഈ സൂനഹദോസിൽ ആദ്ധ്യക്ഷം വഹിക്കുവാൻ ആഗ്രഹിക്കുന്നുവെന്നതു പ്രധാനമായ ഒരു സംഗതി ആയിരിക്കുന്നില്ലേ? പ്രാചീനമായ ഭാരതഭൂമിയോടു് അവിടുത്തെ പൈതൃകഹൃദയത്തിനുള്ള വാത്സല്യാതിരേകത്തിൻെറ അനിഷേദ്ധ്യമായ ഒരു ലക്ഷ്യമായിരിക്കുന്നു ഇതു്.

വിവിധങ്ങളായ ഭരണകൂടങ്ങളും റീത്തുകളും ഇവിടെ പ്രതിനിധിവത്കരിക്കപ്പെട്ടിട്ടുണ്ടു്. ഇതു ഈ ഉപഭൂഖണ്ഡത്തിലെ ക്രൈസ്തവചരിത്രം മുഴുവൻെറയും ഒരു സംഗ്രഹമാണെന്നു പറയാം.

അതിപ്രാചീനവും തെക്കുപടിഞ്ഞാറൻ ഭാരതത്തിലെ കത്തോലിക്കസമൂഹങ്ങളിൽ അതിപ്രശസ്തവുമായ മാർത്തോമ്മാക്രിസ്ത്യാനികളെ കേരളീയസുറിയാനിറീത്തും മലങ്കരസുറിയാനിറീത്തും പ്രതിനിധിവത്കരിക്കുന്നു. എറണാകുളം, തിരുവനന്തപുരം എന്നീ വൈദിക പ്രവിശ്യകൾ, നമ്മുടെ കാലത്തുതന്നെ ആ ഇരുഹയരാർക്കികളും സ്ഥാപിക്കുന്നതിനു ഇടയാക്കിയ ചരിത്രപ്രധാനങ്ങളായ അനേകസംഗതികളെ അനുസ്മരിപ്പിക്കുന്നുണ്ടു്.

ഗോവാ പ്രവിശ്യാ, ഈസ്റ്റ്ഇൻഡീസിലെ സുവിശേഷപ്രചരണത്തിൻെറ മഹനീയമായ ഒരു കേന്ദ്രമായിരിക്കുന്നു. സെൻറ് ഫ്രാൻസിസ് സേവ്യർ മുഖേനയും, സുവർണ്ണഗോവായിൽ സ്ഥാപിതമായിട്ടുള്ള പല മിഷൻസംഘങ്ങൾ മുഖേനയും ഗംഗാനദിയുടെ കിഴക്കും പടിഞ്ഞാറുമുള്ള ജനതയ്ക്കു ഈ മഹാസിംഹാസനത്തിൻെറ പദ്രോവകാരപരമായ പ്രേഷിതത്വം അനുഭവപ്പെട്ടിരിക്കുന്നു. അതു മാത്രമല്ല കത്തോലിക്കാ പോർട്ടുഗലിൻെറ മിഷനറിസേവനങ്ങളെ അതു അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. ഇൻഡ്യയിലെയുംസിലോണിലെയും ഹയരാർക്കിസ്ഥാപനവുമായി അവിടത്തെ പാത്രിയർക്കസിംഹാസനം അഭേദ്യമായിബന്ധപ്പെട്ടിരിക്കുന്നു. ഇൻഡ്യയിലെ സഭ മുഴുവനെയും ആ പ്രശസ്തസിംഹാസനവുമായി ബന്ധിക്കുന്ന ചരിത്രപരമായ വികാസത്തെ അതു അനുസ്മരിപ്പിക്കുകയും ചെയ്യുന്നു.

ഈ സൂനഹദോസിൽ സംബന്ധിക്കുന്ന ഇതരവൈദികപ്രവിശ്യകൾ, പ്രൊപ്പഗാന്താ തിരുസംഘത്തിൻെറ കീഴിൽ കത്തോലിക്കസഭയ്ക്കുണ്ടായിരിക്കുന്ന വികാസത്തെ പ്രതിനിധീകരിക്കുന്നു. ഈ റോമൻ തിരുസംഘത്തിൻെറ ശ്രദ്ധാപൂർവ്വമായ ഹസ്തങ്ങളാൽ പരിചരിക്കപ്പെടുന്ന മതികദ്രാക്ഷാലത രാജ്യത്തെങ്ങും പടർന്നിരിക്കുന്നു. എസക്കിയേൽ ദീർഘദർശിയുടെ വാക്കുകൾ ഉപയോഗിക്കുകയാണെങ്കിൽ, "അതൊരു ദ്രാക്ഷാവാടിയായിത്തീർന്നിരിക്കുന്നു. അതു ശാഖോപശാഖകളായി വളർന്നു മൊട്ടിട്ടുതുടങ്ങിയിരിക്കുന്നു."

ഈ എല്ലാ പ്രവിശ്യകളിലെയും മെത്രാപ്പോലീത്താമാരും സഹാഗൻമാരും — അവർ പൗരസ്ത്യതിരുസംഘത്തിൻെറയോ, അസാധാരണ കാര്യങ്ങളുടെ തിരുസംഘത്തിൻെറയോ, പ്രൊപ്പഗാന്താതിരുസംഘത്തിൻെറയോ, ഏതിൻെറ ഭരണത്തിൻകീഴിൽ ജോലിചെയ്യുന്നവരായിരുന്നാലും ശരി—റീത്തുകളുടെയും ഭരണസമ്പ്രദായങ്ങളുടെയും എല്ലാ വൈവിദ്ധ്യങ്ങളെയും അതിശയിക്കുന്ന ഒരു ചൈതന്യത്തിലാണു് ഇന്നു ഇവിടെ സമ്മേളിച്ചിരിക്കുന്നതു്. ക്രിസ്തുവിൻെറ വികാരിയോടുള്ള ഏകാഭിപ്രായമായ വിശ്വസ്തതയിലും ഭക്തിയിലും അവർ യോജിച്ചിരിക്കുന്നു. തങ്ങളുടെ ഭരണത്തിനു വിധേയമായിരിക്കുന്ന എല്ലാ രൂപതകളിലും മിഷനുകളിലും നമ്മുടെ പരിശുദ്ധ വിശ്വാസത്തിൻെറ പുരോഗതിക്കു നവ്യമായ ഒരു ഉത്തേജനം നൽകുന്നതിനുള്ള ഒരേ ശുഷ്കാന്തിയാൽ അവരെല്ലാം പ്രചോദിതരായിരിക്കുന്നു.

ഈസ്റ്റ്ഇൻഡീസിലെ മിഷനറിവികാസങ്ങളുടെ ചരിത്രം, ഇൻഡ്യൻ മിഷനുകൾക്കു, ബർമ്മയിലേയും, സിലോണിലേയും, മലാക്കായിലേയും, ഇപ്പോൾ പാക്കിസ്ഥാൻ ആയിരിക്കുന്ന പ്രദേശങ്ങളിലെയും മിഷനുകളുമായി ഉണ്ടായിരുന്ന വിവിധങ്ങളായ ബന്ധങ്ങളെ വിശദമാക്കുന്നു. ഈ എല്ലാ രാജ്യങ്ങൾക്കുംകൂടിയാണു് ഈ സൂനഹദോസ് ആദ്യം സംവിധാനംചെയ്യപ്പെട്ടതെന്നു ഞാൻ മനസ്സിലാക്കുന്നു. എന്നാൽ പുതിയ രാഷ്ട്രീയ പരിതസ്ഥിതികളിൽ ആദ്യപദ്ധതി സാദ്ധ്യമായി കണക്കാക്കപ്പെട്ടില്ല. ഈ പൂർണ്ണസൂനഹദോസ് ഈസ്റ്റ് ഇൻഡീസിലെ അപ്പസ്തോലിക്ക് ഡെലിഗേഷനിൽ പെട്ട എല്ലാ പ്രദേശങ്ങളുടെയും കൂടെയായിരുന്നെങ്കിൽ എന്നു് ആ പ്രദേശങ്ങളിലെ വൈദികമേലദ്ധ്യക്ഷന്മാർ ആഗ്രഹിക്കുമെന്നുള്ളതിൽ എനിക്കു സംശയമില്ല. ആകയാൽ, ആ പ്രദേശങ്ങളിലെ വൈദികമേലദ്ധ്യക്ഷന്മാരും വൈദികരും വിശ്വാസികളും ഇന്നു നമ്മുടെ ഹൃദയത്തിൽ സ്ഥിതിചെയ്യുന്നു എന്നു ഞാൻ പറയുമ്പോൾ, ഞാൻ നിങ്ങളുടെ വിചാരങ്ങളെയും മനോഭാവങ്ങളെയും പ്രകടിപ്പിക്കുകമാത്രമാണു ചെയ്യുന്നതെന്നു് എനിക്കു ബോദ്ധ്യമുണ്ടു്. സമാധാനത്തിൻെറയും സാഹോദര്യത്തിൻെറയും വന്ദനങ്ങളെയും നാം അവർക്കു നൽകുന്നു. ചരിത്രപ്രധാനമായ ഈ ഘട്ടത്തിൽ അവർ നമ്മുടെ ഇടയിൽ സന്നിഹിതരല്ലായെന്നതു് പരസ്പരോപവിഷ്ടയും സാഹോദര്യത്തിൻെറയും ബന്ധത്തെ അല്പംപോലും ശിഥിലമാക്കുന്നില്ല. ആ ബന്ധമാണു്, നമ്മെ സുവിശേഷത്തിൻെറ പ്രചരണത്തിനുവേണ്ടി പ്രയത്നിക്കുന്ന ഒരേ സൈന്യസമൂഹമാക്കിത്തീർത്തിരിക്കുന്നതു്.

ക്രിസ്തുവിൻെറ സുവിശേഷത്തെ പ്രചരിപ്പിക്കുകയെന്നതു മാത്രമാണു് ഈ സൂനഹദോസിൻെറ സാമാന്യമായ ഒരേ ഒരുദ്ദേശ്യം. ഏഷ്യായിൽ ഫിലാഡെൽഫിയായിലെ സഭയുടെ ദൂതനെപ്പോലെ (വെളിപാട് III. 8), യാതൊരു മനുഷ്യനും അടയ്ക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു തുറന്ന വാതിൽ കണ്ടെത്തുവാനാണു നാം ആശിക്കുന്നതു്. സുവിശേഷം പ്രചരിപ്പിക്കുന്നതിനുള്ള ഏററവുമധികം സാദ്ധ്യമായ സന്ദർഭമാണു തുറന്നവാതിൽ. ഏഷ്യായിലെ ഒരു സഭയ്ക്കാണു തുറന്ന വാതിലിനെപ്പററിയുള്ള ഈ ഉറപ്പുനൽകപ്പെട്ടിരിക്കുന്നതു്. അഭിവന്ദ്യരായ വൈദികമേലദ്ധ്യക്ഷന്മാരേ, നിങ്ങളും ഏഷ്യായിലെ മററു സഭകളുടെ ദൂതന്മാരാകുന്നു. പുതിയ സ്വതന്ത്രഭാരതത്തിൽ, ആ വാതിൽ എന്നെത്തേക്കാളുമധികമായി ഇന്നു നിങ്ങളുടെ മുൻപിൽ തുറന്നുകിടക്കുന്നു. ആ തുറന്നവാതിലിൽക്കൂടി കടക്കുമ്പോൾ, സിദ്ധാന്തങ്ങളുടെ പുതിയ പ്രയോഗങ്ങളും, പുതിയ ശിക്ഷണനടപടികളും വിഷമതകളുടെ പുതിയ പരിഹാരമാർഗ്ഗങ്ങളും ആവശ്യമായിരിക്കുന്ന പുതിയ പ്രശ്നങ്ങളെ മിഷനറി എപ്പോഴും നേരിടുന്നു. അതു കണ്ടുപിടിക്കുന്നതിനാണു നാം ഇവിടെ സമ്മേളിച്ചിരിക്കുന്നതു്.

ആധുനികഭാരതത്തിൽ നിങ്ങളെ അഭിമുഖീകരിക്കുന്ന വേദശാസ്ത്രപരവും, കാനോൻസംബന്ധവും, പ്രായോഗികവുമായ മിക്ക പ്രശ്നങ്ങൾക്കും പരിഹാരമായിരിക്കത്തക്ക, ശ്രദ്ധാപൂർവ്വം തയാറാക്കപ്പെട്ടിട്ടുള്ള സിദ്ധാന്തപരമായ പ്രസ്താവനകളുടേയും ശിക്ഷണപരമായ നിർദ്ദേശങ്ങളുടെയും ഒരു പദ്ധതി നിങ്ങളുടെ സമക്ഷമുണ്ടു്. അജണ്ടാ ഇതിനകം നിങ്ങൾ പഠിച്ചുകഴിഞ്ഞിരിക്കുന്നു. സൂനഹദോസു് അവസരത്തിൽ അതിൻെറ എല്ലാ വശങ്ങളിലൂടെയും നിങ്ങൾ വീണ്ടും അതു ചർച്ചചെയ്യുന്നതായിരിക്കും. അത്യാവശ്യമെന്നോ ഉചിതമെന്നോ ഗണിക്കപ്പെടാവുന്ന തീരുമാനങ്ങളും ശാസനങ്ങളും കണ്ടെത്തുകയും രൂപവൽക്കരിക്കുകയും ചെയ്യുന്നതിൽ, പരിശുദ്ധാത്മാവിൻെറ മാർഗ്ഗദർശനം നിങ്ങളോടുകൂടി ഉണ്ടായിരിക്കുന്നതാണു്.

ചരിത്രപ്രധാനമായ ഈ രാജ്യത്തിലെ സഭയുടെ പുരോഗതിക്കുവേണ്ടി, ഈ വിശുദ്ധവത്സരത്തിൽ നിങ്ങളോടുകൂടി പ്രയത്നിക്കുകയും നിങ്ങളോടുകൂടി ഉണ്ടായിരിക്കുകയും ചെയ്യുന്നതിൽ എനിക്കതിയായ സന്തോഷമുണ്ടു്. എല്ലാ വൈദികാദ്ധ്യക്ഷന്മാരുടെയും കൂടുതൽ അടുത്ത സഹകരണത്തിനുവേണ്ടി യത്നിക്കുകയെന്നതു് സ്വയം ഒരു വൈദികാദ്ധ്യക്ഷനായ ഒരാളുടെ ഹൃദയത്തിനു് ആനന്ദകരമായ ഒരു സംഗതിയാകുന്നു. നമ്മുടെ ശക്തി നമ്മുടെ ഐക്യത്തിലാണു സ്ഥിതിചെയ്യുന്നതു്. അതിനുവേണ്ടിയാണു് നമ്മുടെ ദിവ്യാജപാലകൻ മനോഹരമായ ആ പൗരോഹിത്യപ്രാർത്ഥനയിൽ "അവർ ഒന്നായിരിക്കുന്നതിനുവേണ്ടി" പ്രാർത്ഥിച്ചിട്ടുള്ളതു്. ഭാരതത്തിൽ സഭയ്ക്കു്, ഈ ഐക്യചൈതന്യം, ഏതു നിർദ്ദേശങ്ങളെക്കാളും ശാസനങ്ങളെക്കാളും കൂടുതൽ പുതിയ വിജയങ്ങൾ പ്രദാനംചെയ്യുന്നതാണു്.

ഇതിലേക്കുവേണ്ടി ഈ സൂനഹദോസിനെ ഇപ്പോൾ ഞാൻ, മിഷനുകളുടെ രാജ്ഞിയായ നമ്മുടെ നാഥയുടെയും, അപ്പസ്തോലനായ മാർത്തോമ്മായുടെയും, വിശുദ്ധ ഫ്രാൻസിസ് സേവ്യരുടെയും ലിസ്യൂവിലെ വിശുദ്ധ ത്രേസ്യായുടെയും, വിശുദ്ധ ജോൺ ഡി ബ്രിട്ടോയുടെയും, വിശുദ്ധ ഗൊൺസാൽവസ് ഗ്രാസിയായുടെയും, അനുഗൃഹീതരായ റുഡോൾഫ് അകവിവായുടെയും, സഹചരന്മാരുടെയും, പേരുവിളിക്കപ്പെട്ടിട്ടില്ലാത്തതും ദൈവത്തിനു് അറിയാവുന്നതുമായ ഇൻഡ്യയിലെ അനേകം വിശുദ്ധന്മാരുടെയും സംരക്ഷണയ്ക്കു സമർപ്പിക്കുന്നു.

നമ്മുടെ പരിശുദ്ധനാഥയുടെയും ഈ എല്ലാ വിശുദ്ധരുടെയും മദ്ധ്യസ്ഥതമൂലം പരിശുദ്ധാത്മാവിൻെറ ഏഴു ദാനങ്ങൾ നമുക്കു സംസിദ്ധമാകുകയും, ഭാരതത്തെ രക്ഷകനായ ക്രിസ്തുവിങ്കലേക്കു നയിക്കുന്നതിനു ഈ സൂനഹദോസിനെ മറെറാരു നേഹാനക്ഷത്രമാക്കിത്തീർക്കുകയും ചെയ്യുമാറാകട്ടെ.

## ഞങ്ങളുടെ കടക്കാർ

(2-ാംപേജ് തുടർച്ച)

"അറിയാം. എന്നാലും നമ്മുടെ കർത്താവ് ആ കുരിശേൽ തൂങ്ങിക്കിടന്നുകൊണ്ടു ക്ഷമിച്ചതുപോലെ അങ്ങു ക്ഷമിക്കുക."

"നമുക്കൊക്കെ മനുഷ്യസ്വഭാവമല്ലെ അച്ചാ. എങ്കിലും ഞങ്ങൾ രാജിപ്പെട്ടു തീരണമെന്നാണെങ്കിൽ അതിനും വിരോധമില്ല. അവൻ എൻെറ അടുക്കൽ സമാധാനം പറയണം, പിന്നെ വിഷം കലക്കിയതുമൂലം സദ്യക്കുവന്ന നഷ്ടം 5000 രൂപാ. കേസിനുവേണ്ടി നടത്തിയതിനു് ഒരയ്യായിരം. അങ്ങനെ ഒരു പതിനായിരം രൂപായുംകൂടെ തന്നേക്കട്ടെ."

"എൻെറ സഹോദരാ, നിങ്ങൾ നടപ്പില്ലാത്ത കാര്യമാണു പറയുന്നതു്. എല്ലാം ക്ഷമിക്കുവാൻ ഉദ്ദേശിക്കുന്നെങ്കിൽ നിങ്ങൾ യാതൊരു വ്യവസ്ഥയും നിശ്ചയിക്കരുതു്."

"എന്നാൽ അച്ചൻ ഇതേപ്പററി ആലോചിക്കേണ്ട. ഞാൻ പോകുന്നു."

പിന്നീടൊരു ദിവസം ഗൊഡ്ലാക്കിനെ വിളിച്ചുവരുത്തി വൈദികൻ അയാളെയും ഒന്നുപദേശിച്ചുനോക്കി. "എൻെറ സഹോദരാ, നിങ്ങളും ബറോളായും ഇവിടത്തെ രണ്ടു വലിയ കുടുംബക്കാരാണു്. നിങ്ങൾ തമ്മിൽ പിണങ്ങിയിരിക്കുന്നതു നന്നല്ല."

"ബറോളായെപ്പററി അച്ചനെന്തറിയാം. അവൻ പുത്തൻ മടിശ്ശീലക്കാരനാണു്. എൻെറ കുടുംബത്തെപ്പോലുള്ള സ്ഥാനം അവൻെറ കുടുംബത്തിനു് ഉണ്ടെന്നു പറയുന്നതു് തെററിദ്ധാരണകൊണ്ടായിരിക്കും."

"കുടുംബത്തിൻെറ സ്ഥാനവലിപ്പമല്ല ഒരു വൈദികൻ നോക്കുന്നതു്. നിങ്ങൾ നല്ലവരായിത്തീരണം. യഥാർത്ഥ ക്രിസ്ത്യാനികളായിത്തീരണം."

"ഒരു ക്രിസ്ത്യാനിക്കു ചേരാത്തവിധത്തിൽ ഞാനെന്താണു പ്രവർത്തിച്ചിട്ടുള്ളതു്? എന്നെപ്പോലെ നീതിമാനായി വേറൊരുത്തനെ അച്ചൻ ഈ നാട്ടിലെങ്ങും കാണുകയില്ല. ബറോളായുടെ അനീതി എത്ര കട്ടതതാണെന്നു് അച്ചൻ അറിഞ്ഞിട്ടുണ്ടോ? പഴയ വിരോധംവച്ചുകൊണ്ടു മാത്രമാണു് അവൻ ആ മനുഷ്യനെക്കൊണ്ടു കള്ളക്കേസു കൊടുപ്പിച്ചതു്."

"സഹോദരാ, സ്വന്തം ദൃഷ്ടിയിൽ ഏവനും നീതിമാനായിരിക്കും. പക്ഷേ ദൈവത്തിൻെറ മുമ്പിൽ നാം നീതിമാന്മാരായിരിക്കുമോ എന്നു് ആത്മശോധന ചെയ്തുനോക്കണം. ബറോളായുടെ സദ്യയിൽ വിഷം കലക്കിയതു നിങ്ങളാണെന്നു ഞാൻ കേട്ടിട്ടുണ്ടു്."

"അച്ചാ, സത്യം ഞാൻ പറയുന്നു; ഞാൻ അതിൽ നിരപരാധിയാണു്. അല്ലെങ്കിൽ ഞാനാണെന്നു് അവൻ തെളിവു കൊണ്ടുവരട്ടെ."

"കഴിഞ്ഞതൊക്കെ പോകട്ടെ. ഇനിയെങ്കിലും ക്ഷമിച്ചു് നിങ്ങൾ തമ്മിൽ സ്നേഹിതന്മാരായിരിക്കുമോ?"

"ഇല്ല. ഞങ്ങൾ കുടുംബം ഉള്ളോരു കാലം മുതലേ ശത്രുക്കളാണു്. അച്ചൻ അക്കാര്യംമാത്രം എന്നോടു പറയേണ്ടാ."

"നിങ്ങളുടെ കുടുംബങ്ങൾ രണ്ടും നശിക്കും, കേസുകൊണ്ടു്. അങ്ങനെ നശിപ്പിക്കുവാൻ നിങ്ങൾ തയാറാണോ?"

"എന്തുചെയ്യാം! ഓടിച്ചാൽ ഓടാതിരിക്കുന്നതെങ്ങനെ?"

വൈദികൻ നിരാശനായി. വിവരം പാത്രിയാക്കിനെ അറിയിച്ചു. അദ്ദേഹം വളരെ ദിവസം അവർ ഇരുവർക്കുംവേണ്ടി പ്രാർത്ഥിച്ചു. ഒരു ദിവസം അദ്ദേഹം ധ്യാനത്തിൽ മുഴുകിയിരിക്കയാണു്. ഒരു ദിവ്യപ്രകാശം അദ്ദേഹത്തിൻെറ ബോധത്തിലടിച്ചു. ആനന്ദചിത്തനായി അദ്ദേഹം. എഴുന്നേററു് ഗൊഡ്ലാക്കിനു് ആളയച്ചു. അയാൾ വന്നു. അപ്പോൾ അദ്ദേഹം പറയുകയാണു്: "നാളെ കപ്യാരെ ഒരത്യാവശ്യകാര്യം പ്രമാണിച്ചു് ഒരിടത്തേക്കു് അയക്കേണ്ടിയിരിക്കുന്നു. നാളത്തെ പൂജയിൽ നിനക്കു ശുശ്രൂഷകനായിരിക്കാമോ?" പാത്രിയാർക്കു് തന്നെ ക്ഷണിച്ചതുതന്നെ വലിയ ഒരു ബഹുമതി. അദ്ദേഹത്തിൻെറ പൂജയിൽ ശുശ്രൂഷകനാകുവാൻ ക്ഷണിക്കപ്പെട്ടതു് അതിലും വലിയ ഒരു ബഹുമതി. അയാൾ സസന്തോഷം സമ്മതിച്ചു.

രാവിലെ ദിവ്യപൂജ അർപ്പിക്കുവാൻ അദ്ദേഹം ഒരുങ്ങി. ഗൊഡ്ലാക്കു് സഹായിക്കുവാനും. കുർബാനയുടെ ആരംഭത്തിൽതന്നെ "ആകാശങ്ങളിൽ ഇരിക്കുന്ന ഞങ്ങളുടെ പിതാവേ" എന്ന നമസ്കാരം ചൊല്ലേണ്ടതുണ്ടു്. വൈദികനും ശുശ്രൂഷകനും ഒന്നിച്ചു് ഉയർന്ന സ്വരത്തിൽ ചൊല്ലണമെന്നാണു വ്യവസ്ഥ. ചിലപ്പോൾ പാടുകയുംചെയ്യും. പാത്രിയാർക്കു് അതു പാടി. ശുശ്രൂഷകനും ഏററുപാടി. എന്നാൽ "ഞങ്ങളുടെ അന്നന്നത്തെ അപ്പം ഇന്നു ഞങ്ങൾക്കു തരിക" എന്നു പാടിയിട്ടു് പാത്രിയാർക്കു് മൗനമവലംബിച്ചു. സ്വരത്തിനു് ഏതോ തകരാറു പററിയതായിരിക്കാമെന്നു കരുതി ഗൊഡ്ലാക്കു് അല്പംകൂടി സ്വരമുയർത്തി "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ പൊറുക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും പൊറുക്ക" എന്നു പാടിവിട്ടു. പാത്രിയാർക്കിൻെറ മുഖത്തു് ശോകരസം കലർന്നു. അദ്ദേഹം ശുശ്രൂഷിയുടെ നേരേ തിരിഞ്ഞിട്ടു് "എൻെറ മകനെ, നീ ചതിച്ചല്ലോ. നീ എന്താണു പാടിയതു്? ഒന്നുകൂടെ അതു പാടിയാട്ടെ." അയാൾ അതു് ആവർത്തിച്ചു. അപ്പോൾ പറഞ്ഞു പാത്രിയാർക്കു്: "എൻെറ മകനേ, നിന്നോടുള്ള സ്നേഹംകൊണ്ടാണു് ഞാനതു പാടാതിരുന്നതു്. നീ എങ്ങനെ പ്രാർത്ഥിച്ചു? ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ പൊറുക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു പൊറുക്കേണമേ. നിൻെറ കടക്കാരോടു നീ പൊറുത്തോ? പിന്നെ നിന്നോടു് എങ്ങനെ ദൈവം ക്ഷമിക്കും? നീ അങ്ങനെ പ്രാർത്ഥിക്കുകൂടെ ചെയ്തുകളഞ്ഞില്ലേ?"

ഗൊഡ്ലാക്കു് നിന്നിടത്തുനിന്നു വിറയ്ക്കുവാൻ തുടങ്ങി. നിത്യവിധിയാളൻെറ ഇടിനാദം അയാളുടെ ഹൃദയത്തിൽ മാറെറാലിക്കൊണ്ടു: "എൻെറ പിതാവേ, ഞാൻ എന്തുചെയ്യണം? അതിപ്പോൾ തന്നെ ചെയ്യക്കാം." അയാൾ കേണപേക്ഷിച്ചു.

"ഉടൻ പോകുക; ബറോളായുടെ അടുക്കലേക്കു്. പൂർവ്വവിരോധങ്ങൾ എല്ലാം പറഞ്ഞുതീർത്തു് തിരിച്ചുവരുക. എന്നിട്ടു നമുക്കു ദിവ്യബലി പൂർത്തിയാക്കാം."

ഗൊഡ്ലാക്കിൻെറ കണ്ണുകളിൽനിന്നും ധാരധാരയായി ഒഴുകിത്തുടങ്ങി. അയാൾ എഴുന്നേററു് ഓടി വികാരിയച്ചൻെറ അടുക്കലേക്കു്. അദ്ദേഹത്തോടു വിവരങ്ങൾ പറഞ്ഞു. പിന്നെ ഒരപേക്ഷ: "എന്നെ ബറോളായുടെ വീട്ടിൽ കൊണ്ടുപോകണം. അച്ചനുംകൂടെ നില്ക്കുമ്പോൾ എനിക്കു ക്ഷമായാചനം ചെയ്തു് അയാളുമായി രമ്യപ്പെടണം. ഞാൻ തിരിച്ചുചെന്നിട്ടേ വന്ദ്യപിതാവു കുർബാന ചൊല്ലുകയുള്ളു." ബ. വികാരിയച്ചനു സന്തോഷമായി. അദ്ദേഹവും ഗൊഡ്ലാക്കിൻെറ കൂട്ടത്തിൽപോയി.

ബറോളാ ഗൗരവം നടിച്ചു് ഒരു ചാരുകസാലയിൽ കിടക്കയായിരുന്നു. അച്ചനേയും ഗൊഡ്ലാക്കിനെയും കണ്ടപ്പോൾ അയാൾക്കത്ഭുതമാണുണ്ടായതു്. ജീവിതകാലത്തു് ഒരിക്കൽമാത്രമേ ഗൊഡ്ലാക്കു് ബറോളായുടെ വസതിയിൽ കയറീട്ടുള്ളു. അതു് ഒരു മോഷണക്കേസിലെ തൊണ്ടിസാധനങ്ങൾ എടുപ്പിക്കുവാൻ പോലീസിനെയുംകൊണ്ടു ചെന്നതായിരുന്നു. ഇപ്പോഴത്തെ വരവു് ബ. വൈദികനോടുകൂടി. അയാൾ ഇരിപ്പിടത്തിൽനിന്നും എഴുന്നേററു് ഇരുവർക്കും അഭിവാദനം ചെയ്തു. രണ്ടിരിപ്പിടങ്ങൾ അയാൾ തന്നെ ഒരുക്കിക്കൊടുക്കുകയും ചെയ്തു. മുഖവും അസ്വസ്ഥമായി. ഗൊഡ്ലാക്കിൻെറയും വൈദികൻെറയുംകൂടിയുള്ള വരവറിഞ്ഞു് വിസ്മയഭരിതരായി കുഞ്ഞുങ്ങളും സ്ത്രീകളും അവിടെയും ഇവിടെയും ഉളിഞ്ഞുനോക്കിനിന്നു. വിവരങ്ങൾ പറയുവാൻ തുടങ്ങിയതു വൈദികൻതന്നെ. ആരംഭത്തിൽ ബറോളാ അല്പം അഹങ്കരിച്ചു. പക്ഷേ "ആകാശങ്ങളിലിരിക്കുന്ന" എന്ന നമസ്കാരത്തിൻെറ അർത്ഥത്തിലേക്കു് അയാളും ചുഴിഞ്ഞിറങ്ങി. മുഖത്തു ഭാവഭേദങ്ങൾ പ്രത്യക്ഷപ്പെട്ടു. കണ്ണുകളിൽ ജലം നിറഞ്ഞു. ബറോളാ എഴുന്നേററു് ഗൊഡ്ലാക്കിനെ കെട്ടിപ്പിടിച്ചുകൊണ്ടു് ഏങ്ങി ഏങ്ങി കരയുവാൻ തുടങ്ങി.

വിസ്മയകരമായ രംഗം. വൈദികനും മുഖം പൊത്തി കണ്ണുനീർ തുടച്ചു. സ്ത്രീകളും കുഞ്ഞുങ്ങളും സന്തോഷം അടക്കുവാൻ വയ്യാതെ നിറഞ്ഞകണ്ണുകളോടുകൂടി പരസ്പരം നോക്കി. സ്നേഹത്തിൻെറ വിജയം അവിടെയുണ്ടായിരുന്നവരെ ഇളക്കിമറിച്ചുകളഞ്ഞു. ഗൊഡ്ലാക്കും ബറോളായും "ആകാശങ്ങളിൽ ഇരിക്കുന്ന" എന്ന നമസ്കാരം പിന്നെയും ചൊല്ലാറുണ്ടായിരുന്നു. എന്നാൽ "ഞങ്ങളുടെ കടക്കാരോടു്" എന്ന ഭാഗം വരുമ്പോൾ അവർക്കൊരു ഞെട്ടൽ.

---

വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം

### ദിവ്യസ്ഥാപനം

### VIII

വി. ബെയിസിലിൻെറ സാക്ഷ്യം വ്യക്തവും ശക്തവുമാണു്: "പാപങ്ങളെ ഏററുപറയുന്നതിൽ ശാരീരികരോഗങ്ങളെ വെളിപ്പെടുത്തുന്ന മുറതന്നെയാണു് അവലംബിക്കേണ്ടതു്; ഇവയെ സുഖപ്പെടുത്തുവാൻ പററിയ ഉപായം അറിവുള്ളവർക്കല്ലാതെ കണ്ടമാനം ആർക്കും ഇവ വെളിപ്പെടുത്തിക്കൊടുക്കാറില്ലല്ലോ; അതേവിധംതന്നെ പാപനിവേദനം നടത്തേണ്ടതും പ്രതിവിധിയുപയോഗിപ്പാൻ അധികാരമുള്ള ആളുകളോടായിരിക്കണം." ആരാണു് ഈ ആളുകളെന്നും അദ്ദേഹം പിന്നീടു വിശദമാക്കുന്നുണ്ടു്: "തീർച്ചയായും ദൈവരഹസ്യങ്ങളുടെ കൈകാര്യകർത്തൃത്വം ഭരമേല്പിക്കപ്പെട്ടിട്ടുള്ള പുരുഷന്മാരോടാണു നാം നമ്മുടെ പാപങ്ങൾ ഏററുപറയേണ്ടതു്.... അപ്പസ്തോലനടപടികളിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന, അന്നത്തെ ആളുകൾ അവർക്കു ജ്ഞാനസ്നാനം നല്കിയ ശ്ലീഹന്മാരോടുതന്നെയാണു പാപനിവേദനം നടത്തിയതെന്നു്." വി. ബെയിസിലിൻെറ വാക്കുകളിൽനിന്നു രണ്ടു കാര്യങ്ങൾ വ്യക്തമായി അനുമിക്കാം. പാപസങ്കീർത്തനത്തിൻെറ ആവശ്യകത. പുതിയ നിയമത്തിൽ ദൈവരഹസ്യങ്ങളുടെ കൈകാര്യകർത്തൃത്വം ഭരമേല്പിക്കപ്പെട്ടിട്ടുള്ള ഒരു പുരോഹിതനോടു പാപങ്ങൾ ഏററുപറയുവാൻ പാപവിമോചനാർത്ഥിക്കുള്ള കടമ.

പില്ക്കാലത്തെ പ്രോട്ടസ്റ്റൻറുകാരെപ്പോലെ മൂന്നാംനൂററാണ്ടിൽ നൊവേഷ്യന്മാരും പാപവിമോചനാധികാരം ക്രിസ്തുവിനു മാത്രമേയുള്ളുവെന്നും, പുരോഹിതന്മാർക്കു താദൃശാധികാരമില്ലെന്നും വാദിച്ചിരുന്നു. അവർക്കെതിരായി വി. അംബ്രോസ് തുടങ്ങിയ സഭാപാലകർ സുധീരം നടത്തിയ തൂലികാസമരം സഭാസിദ്ധാന്തം എന്താണെന്നു ഉച്ചൈസ്തരം ഉൽഘോഷിക്കുന്നുണ്ടു്. മിലാനിലെ പ്രസിദ്ധനായ പ്രസ്തുതമെത്രാൻ പറയുന്നു: "പാപമാണു വിഷം; ഔഷധമോ? കുററം ഏററുപറയുക; പാതകമാണു വിഷം; വീണ്ടും പാപംചെയ്തതിനുള്ള പ്രതിവിധിയോ? പാപനിവേദനം. ആകയാൽ നീ നീതീകരിക്കപ്പെടുവാനായി നിൻെറ പാപങ്ങൾ തുറന്നുപറയുന്നുവെങ്കിൽ അതുതന്നെയാണു യഥാർത്ഥത്തിൽ വിഷഹാരിയായ മറുമരുന്നു്. നിനക്കു ലജ്ജതോന്നുന്നുണ്ടോ? ദൈവത്തിൻെറ ന്യായാസനസമക്ഷം ഈ സങ്കോചം കൊണ്ടൊരു പ്രയോജനവുമുണ്ടാകയില്ല." പാപവിമോചനാധികാരം പുരോഹിതന്മാരുടെ പ്രത്യേകാവകാശമാണെന്നും അദ്ദേഹം വേറൊരിടത്തു എടുത്തുപറയുന്നുണ്ടു്: "പാപസങ്കീർത്തനം മൂലം പാപങ്ങൾ പരിഹരിക്കപ്പെടുന്നതു അസാദ്ധ്യമായി തോന്നിയിരുന്നു. ക്രിസ്തുവാകട്ടെ ഈ ശ്രേഷ്ഠാധികാരം ശ്ലീഹന്മാർക്കു നൽകി. ശ്ലീഹന്മാരിൽ നിന്നാകട്ടെ അതു അനന്തരാവകാശമായി പൗരോഹിത്യം വഹിക്കുന്നവർക്കു പ്രദാനം ചെയ്യപ്പെട്ടു. അങ്ങനെ അസാദ്ധ്യമായി പരിഗണിക്കപ്പെട്ടിരുന്നതു സാദ്ധ്യമായിവന്നു."

വി. ആഗുസ്തീനോസ് രേഖപ്പെടുത്തുന്നതിങ്ങനെയാണു്: "പരലോകത്തിൽ വിഷാദനിമഗ്നരാകാതിരിപ്പാൻ ഇഹലോകത്തിൽ നാം പാപപ്രാച്ഛാരണം ചെയ്യണമെന്നാണു കാരുണ്യവാനായ നമ്മുടെ ദൈവത്തിൻെറ തിരുച്ചിത്തം." വീണ്ടും, "ഞാൻ രഹസ്യത്തിൽ ദൈവസമക്ഷം പ്രായശ്ചിത്തമനുഷ്ഠിക്കുന്നു" എന്നു ആരും തന്നോടുതന്നെ പറയാതിരിക്കട്ടെ. "നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെന്തോ അതു സ്വർഗ്ഗത്തിലും അഴിക്കപ്പെടും" എന്നു ക്രിസ്തു വൃഥാവിലാണോ കല്പിച്ചരുളിട്ടുള്ളതു്? വെറുതെയാണോ തിരുസഭയ്ക്കു താക്കോലുകൾ നൽകപ്പെട്ടിട്ടുള്ളതും? സുവിശേഷത്തേയും, ക്രിസ്തുവിൻെറ വചനങ്ങളേയും അർത്ഥമററവയാക്കുകയോ?"

വി. യോഹന്നാൻ ക്രിസോസ്തോമൂസ് പൗരോഹിത്യത്തെക്കുറിച്ചെഴുതിട്ടുള്ള ഗ്രന്ഥത്തിൽ ഈ വിഷയത്തെ പരാമർശിക്കുന്നഭാഗം വിശിഷ്യ ശ്രദ്ധേയമാണു്: "മാലാഖാമാർക്കോ പ്രധാന മാലാഖാമാർക്കോ ദൈവം കല്പിച്ചനുവദിച്ചിട്ടില്ലാത്ത ഒരു ശ്രേഷ്ഠാധികാരമാണു പുരോഹിതന്മാർ പ്രാപിച്ചിട്ടുള്ളതു്. എന്തുകൊണ്ടെന്നാൽ അവരോടൊന്നുമല്ല ഇവ്വിധം പ്രസ്താവിക്കപ്പെട്ടിട്ടുള്ളതു്: "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെന്തോ അതു സ്വർഗ്ഗത്തിലും കെട്ടപ്പെടും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെന്തോ അതു സ്വർഗ്ഗത്തിലും അഴിക്കപ്പെടും." പ്രാചീനരാജാക്കന്മാർക്കു മർത്ത്യരുടെ ശരീരങ്ങളെ ബന്ധിക്കുവാൻ മാത്രമേ അധികാരമുണ്ടായിരുന്നുള്ളു; എന്നാൽ പൗരോഹിത്യത്തിൻെറ പ്രത്യേകാധികാരം അതിമാനുഷമായ ഒന്നാണു്. അതിൻെറ ഫലങ്ങൾ ആത്മാക്കളെ സ്പർശിക്കുന്നു; അതിൻെറ നാമത്തിൽ ഭൂമിയിൽ ചെയ്യപ്പെടുന്നതിനു തൽക്ഷണം സ്വർഗ്ഗത്തിൽ സ്ഥിരീകരണം സിദ്ധിക്കുമാറു അത്രമാത്രം അതു ശക്തിമത്തായിട്ടുള്ളതാണു്. "ആരുടെ പാപങ്ങൾ നിങ്ങൾ വിമോചിക്കുന്നുവോ, അവ അവർക്കു വിമോചിക്കപ്പെടുന്നു; ആരുടെ പാപങ്ങൾ നിങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെടുകയും ചെയ്യുന്നു" എന്നു അവരോടു പറയപ്പെട്ടപ്പോൾ സ്വർഗ്ഗീയമായ സകല കാര്യങ്ങളുടെയും മേലുള്ള അധികാരത്തിൽ കുറഞ്ഞ ഒന്നല്ല അവർക്കു നല്കപ്പെട്ടതു്. ആകയാൽ യാതൊരധികാരം കൂടാതെ നമുക്കു സ്വർഗ്ഗത്തിലെത്തിച്ചേരുവാനൊ, വാഗ്ദാനങ്ങളുടെ നിർവ്വഹണം സാധിപ്പാനൊ സാദ്ധ്യമല്ലാതിരിക്കുന്നുവോ, ആ മഹത്തരമായ ശ്രേഷ്ഠാധികാരത്തെ ആക്ഷേപിച്ചു പുറംതള്ളുന്നതു പ്രത്യക്ഷമൗഢ്യമായിരിക്കും. മാമ്മോദീസാ വഴി അവർ നമുക്കു പുനർജ്ജന്മം പ്രദാനംചെയ്യുമ്പോൾ മാത്രമല്ല, നാം പുനർജ്ജന്മമെടുത്തതിനുശേഷവും അവർക്കു നമ്മുടെ പാപങ്ങൾ വിമോചിക്കുവാൻ കഴിയും."

ഇതേ സ്വരത്തിലാണു സഭാപിതാക്കന്മാരെല്ലാം ഏകയോഗമായി ഏതദ്വിഷയകമായി പ്രതിപാദിക്കുന്നതു്. ക്രിസ്തീയപൗരോഹിത്യത്തിനു ദൈവമാനുഷനായ ക്രിസ്തുവിൽനിന്നു സിദ്ധിച്ചിട്ടുള്ള പാപവിമോചനാധികാരത്തെക്കുറിച്ചോ, ഈശ്വരനുമായി രമ്യപ്പെടുവാനാഗ്രഹിക്കുന്നവർക്കു പാപപ്രാച്ഛാരണം ചെയ്യുവാനുള്ള കർത്തവ്യത്തെക്കുറിച്ചോ, കത്തോലിക്കാസഭ അദ്യാപി അനുശാസിച്ചുവരുന്ന സിദ്ധാന്തങ്ങളെ പരാമർശിച്ചു ഇതിലും ശക്തിയുക്തവും ഗൗരവപൂർവ്വവുമായ ഭാഷയിലോ രീതിയിലോ ആശയപ്രകാശനംചെയ്യുവാൻ ആർക്കും സാദ്ധ്യമല്ലെന്നു നിഷ്പക്ഷമതികൾ സമ്മതിച്ചേ മതിയാവൂ.

പി. കെ.

## സ്വാതന്ത്ര്യത്തിലേക്കു്

(12-ാം പേജ് തുടർച്ച)

അക്രമങ്ങൾക്കും അഴിമതികൾക്കും ഇളക്കിവിടുന്ന ഈ കാലസന്ധിയിൽ യഥാർത്ഥ സ്വാതന്ത്ര്യത്തിൻെറ സ്വഭാവത്തെ ഏതൊരുവനും സുഗ്രഹമാകത്തക്കവിധം സുലളിതരീതിയിൽ എഴുതിട്ടുള്ള "സ്വാതന്ത്ര്യത്തിലേക്കു്" എന്ന ഈ ഗ്രന്ഥത്തിൻെറ പ്രസാധനം കാലോചിതമായിട്ടുണ്ടു്. ഇത്തരം പുസ്തകങ്ങൾക്കു ജനതാമദ്ധ്യത്തിൽ പ്രചാരം ലഭിക്കണം. ജനങ്ങൾ ധാരാളം ഈദൃശപുസ്തകങ്ങൾ വായിച്ചു അവരുടെ അജ്ഞതയേയും തെററിദ്ധാരണകളേയും ദൂരീകരിക്കുവാൻ ശ്രമിക്കണം. നമ്മുടെ തൊഴിലാളികളെല്ലാവരും ഇപ്പുസ്തകം ഒരാവർത്തി മനസ്സിരുത്തി വായിക്കട്ടെ.

ജെ. മാഞ്ഞൂരാൻ

---

"നിത്യവചനം ആരോടു സംസാരിക്കുന്നുവോ, അവൻ നാനാവിധ അഭിപ്രായങ്ങളിൽനിന്നു സ്വതന്ത്രനാക്കപ്പെടുന്നു." (ക്രിസ്ത്വാനുകരണം)

# Sathya Deepam

Vol 23 Ernakulam January 18 1950 No 21

കഴിഞ്ഞലക്കത്തിൽ ഞങ്ങളുടെ വിമർശനത്തിനു വിഷയമായിരുന്ന "കൽദായ സുറിയാനിക്കാര"ന്റെ ലേഖനത്തിൽ യുക്തിഹീനങ്ങളായ വേറെയും ചില പ്രസ്താവനകളുണ്ട്. അവയെയും വിമർശിക്കേണ്ടിയിരിക്കുന്നു.

"ഇതിനകം നിങ്ങൾ കേട്ടിരിക്കാം ഒരു ഫാത്തിമാരൂപം തെക്കെ അമേരിക്കയിലേക്കു കൊണ്ടുപോകുംവഴി വിമാനമടക്കം കത്തിക്കരിഞ്ഞു കടലിൽ കലർന്നിയ വാർത്ത. ജീവനുള്ള ദൈവത്തിന്റെ കോപാഗ്നിയിൽ അതു കത്തിപ്പോയെന്നു അനുമാനിക്കരുതോ? അങ്ങനെയെങ്കിൽ വിഗ്രഹത്തെ കത്തിച്ചു കൽദായസുറിയാനിക്കാരോട് എന്തിനു ക്ഷോഭിക്കുന്നു?"

ഫാത്തിമാമാതാവിന്റെ ഏതോ ഒരു രൂപം വഹിച്ചുകൊണ്ടുപോയ വിമാനത്തിനു അമേരിക്കയിൽവച്ച് അപകടം പററിയെന്നൊരു വാർത്ത ചുരുക്കം ചില പത്രങ്ങൾ പ്രസിദ്ധീകരിച്ചിരുന്നുവെന്നതു വാസ്തവംതന്നെ. എന്നാൽ ആ വാർത്ത യഥാർത്ഥമല്ലെന്നാണ് അന്വേഷണത്തിലറിയുന്നതു്. യഥാർത്ഥമാണെന്നുതന്നെ സങ്കല്പിക്കുക. എന്നാൽ തന്നെയും ലേഖകൻ അതിൽനിന്നെടുക്കുന്ന അനുമാനം ഏററവും യുക്തിഹീനമാകുന്നു. വിമാനം, കപ്പൽ, കാർ മുതലായ വാഹനങ്ങൾക്കു ചിലപ്പോൾ അപകടം സംഭവിക്കുന്നതായും അവയിൽ യാത്രചെയ്യുന്ന ആളുകൾക്കു ജീവനാശം നേരിടുന്നതായും നമുക്കറിയാം. ഈ അപകടങ്ങളും നാശങ്ങളുമെല്ലാം ദൈവകോപത്തിന്റെ ഫലമാണെന്നു വിചാരിക്കുവാൻ എന്തു ന്യായമാണുള്ളതു? പ്രകൃതി മുഴുവനും ദൈവത്തിന്റെ സൃഷ്ടിയാണെന്നും അതിന്റെ പ്രവർത്തനങ്ങൾ ദൈവശക്തിക്കു വിധേയങ്ങളാണെന്നും ഉള്ളതു ശരിതന്നെ. എന്നാൽ പ്രകൃതിശക്തികളുടെ പ്രവർത്തനങ്ങളിൽ ദൈവം സാമാന്യമായി ഇടപെടുന്നില്ല. പ്രകൃതിശക്തികളെ അവയുടെ സ്വഭാവമനുസരിച്ചു പ്രവർത്തിക്കുവാൻ ദൈവം അനുവദിച്ചുവിട്ടിരിക്കുകയാണ്. ഉദാഹരണത്തിനു, കേന്ദ്രാകർഷണശക്തിയെടുക്കുക. ഉയരമുള്ള ഒരു കെട്ടിടത്തിന്റെ ജനാലയിൽക്കൂടി ഒരു മനുഷ്യൻ പുറത്തേക്കു ചാടിയാൽ കേന്ദ്രാകർഷണശക്തിയുടെ സ്വാഭാവികമായ പ്രവർത്തനമനുസരിച്ച് അയാൾ നിലംപതിക്കുമെന്നും ആ പതനത്തിന്റെ ശക്തിയാൽ ഏററവും ഭയങ്കരമായ വിധം അയാൾക്കു ജീവഹാനി നേരിടുമെന്നും എല്ലാവർക്കുമറിയാം. ഈ അറിവ് മനസ്സിൽവച്ചുകൊണ്ട് അയാൾ ആ ജനാലയിൽക്കൂടി വെളിയിലേക്കു ചാടാതിരിക്കുകയാണ് വേണ്ടതു്. ഈ അറിവ് അയാൾക്കുണ്ടായിരുന്നിട്ടും, അതനുസരിച്ചു പ്രവർത്തിക്കുവാൻ അയാൾക്കു കഴിവുണ്ടായിരുന്നിട്ടും, അയാൾ ജനാലയിൽക്കൂടി വെളിക്കു ചാടുകയും അതിന്റെ ഫലമായി അയാൾ മരണമടയുകയും ചെയ്താൽ ആ നാശത്തിനു ഉത്തരവാദി അയാൾതന്നെയാണ്. ഇഷ്ടാനുസാരം പ്രവർത്തിക്കുവാൻ കഴിവുള്ള അയാളുടെ മനശ്ശക്തി സ്വയം പ്രവർത്തിക്കുന്നു. മനശ്ശക്തിയുടെ ഈ പ്രവർത്തനത്തിൽ ദൈവം ഇടപെടുന്നില്ല. കേന്ദ്രാകർഷണശക്തിയുടെ പ്രവർത്തനത്താൽ അയാൾ നിലംപതിക്കുകയും മരണമടയുകയും ചെയ്യുന്നു. കേന്ദ്രാകർഷണശക്തിയുടെ ഈ പ്രവർത്തനത്തിലും ദൈവം ഇടപെടുന്നില്ല. ആകയാൽ ആ മനുഷ്യൻ ജനാലയിൽക്കൂടി വെളിക്കു ചാടിയതിനും, നിലംപതിച്ചു മരണമടഞ്ഞതിനും ദൈവത്തെ ഉത്തരവാദിയാക്കുവാൻ യാതൊരു ന്യായവുമില്ല. തന്മൂലം ജനാലയിൽക്കൂടിയുള്ള അയാളുടെ ചാട്ടവും തദനന്തരമുണ്ടായ ജീവനാശവും ദൈവകോപത്തിന്റെ ഫലമാണെന്നു വിചാരിക്കുന്നതു് സാമാന്യേന ഏററവും യുക്തിഹീനമാകുന്നു.


വിമർശനവീഥി

## തിരുസ്വരൂപദഹനം

## പൈശാചികദുഷ്കൃത്യം

നമ്മുടെ കർത്താവായ ക്രിസ്തുവിനെ പിശാചു പരീക്ഷിച്ചതിനെപ്പററി സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. പിശാചു കർത്താവിനെ ഓർശ്ലം ദേവാലയത്തിന്റെ ഉച്ചിയിൽ കൊണ്ടുപോയി നിർത്തിയിട്ട്, അവിടെനിന്നു താഴോട്ടു ചാടുവാൻ അവൻ അവിടുത്തോടു ആവശ്യപ്പെട്ടു. ചാടിയാൽ ആപത്തൊന്നുമുണ്ടാകയില്ലെന്നും മാലാഖമാർ അങ്ങയെ നിലത്തുവീഴാതെ താങ്ങിക്കൊള്ളുമെന്നും വേദപുസ്തകത്തിലെ ഒരു വാക്യമുദ്ധരിച്ചു പിശാചു ഉറപ്പു നൽകി. എന്നാൽ കർത്താവു അതിനു പറഞ്ഞ മറുപടി "നിന്റെ ദൈവമായ കർത്താവിനെ നീ പരീക്ഷിക്കരുതു്" എന്ന മറെറാരു വേദവാക്യമായിരുന്നു. ഇതിന്റെ അർത്ഥമെന്താണു? ദൈവം മനുഷ്യർക്കു ബുദ്ധി കൊടുത്തിട്ടുണ്ട്. ആ ബുദ്ധി ഉപയോഗിച്ചു വേണം അവൻ ഈ ലോകത്തിൽ ജീവിക്കുവാൻ. ദേവാലയത്തിന്റെ ഉച്ചിയിൽനിന്നു കീഴ്പോട്ടു ചാടിയാൽ കേന്ദ്രാകർഷണശക്തിയുടെ പ്രവർത്തനത്താൽ നിലംപതിച്ചു മരണമടയുമെന്ന് ബുദ്ധി പറയുന്നു. പ്രകൃതിശക്തിയുടെ ആ പ്രവർത്തനത്തെ ദൈവം അത്ഭുതകരമായി തടഞ്ഞുനിർത്തുമെന്നും അങ്ങനെ അപകടം ദൈവം ഒഴിച്ചുവയ്ക്കുമെന്നും പ്രതീക്ഷിക്കുവാൻ യാതൊരു ന്യായവുമില്ല. ആ പ്രതീക്ഷ പ്രകൃതിശക്തികളെ സംബന്ധിച്ചുള്ള ദൈവത്തിന്റെ സാമാന്യമായ നിശ്ചയത്തിനു വിപരീതമാണ്. ദൈവം തന്റെ സാമാന്യനിശ്ചയത്തിനു വിപരീതമായി പ്രവർത്തിക്കുമെന്നു പ്രതീക്ഷിക്കുന്നവൻ ദൈവത്തെ പരീക്ഷിക്കുകയാണു ചെയ്യുന്നതു്. അതു ദൈവത്തോടുള്ള ഒരു നിന്ദനംതന്നെയായിരിക്കും. ഇതാണ് നമ്മുടെ കർത്താവു വേദവാക്യമുദ്ധരിച്ചു മറുപടി പറഞ്ഞതിന്റെ അർത്ഥം.

ഫാത്തിമാമാതാവിന്റെ രൂപം വഹിച്ചുകൊണ്ടു പോയെന്നു പറയുന്ന വിമാനം മറെറാരു വിമാനത്തെപ്പോലെതന്നെ പ്രകൃതിശക്തിക്കു വിധേയമാണ്. വിമാനം സുരക്ഷിതമായി നയിക്കുവാൻ എന്തെല്ലാം മുൻകരുതലുകൾ ചെയ്യേണ്ടതായിട്ടുണ്ടോ അതെല്ലാം ആ പ്രത്യേകവിമാനത്തിന്റെ കാര്യത്തിലും ചെയ്യേണ്ടതാണ്. അതു ചെയ്യാതിരുന്നാൽ മറെറാരു വിമാനത്തിനും സംഭവിക്കാവുന്ന അപകടം ആ പ്രത്യേക വിമാനത്തിനും സംഭവിക്കുമെന്നുവേണം ന്യായമായി വിചാരിക്കുവാൻ. വിമാനത്തിനു് അപകടം വരുത്താവുന്ന വല്ല പ്രകൃതിശക്തിയുടെയും പ്രവർത്തനം വിമാനയാത്രയ്ക്കിടയിൽ ഉണ്ടായെന്നുവരാം. ആ പ്രതികൂലപ്രവർത്തനങ്ങൾ വിമാനം നയിക്കുന്ന ആളുടെ അറിവിൽ പെട്ടില്ലെന്നോ, പെട്ടാൽത്തന്നെയും അതിൽനിന്നൊഴിഞ്ഞു മാറുവാൻ അയാൾക്കു കഴിഞ്ഞില്ലെന്നോ വരാം. അങ്ങനെയുള്ള ഘട്ടത്തിൽ വിമാനത്തിനു് അപകടം സംഭവിക്കുക പ്രകൃതിയുടെ സാമാന്യമായ ഗതിയാണ്. ദൈവം അത്ഭുതകരമായി ഇടപെട്ട് വിമാനത്തെ ഇങ്ങനെയുള്ള അപകടഘട്ടത്തിൽനിന്നു രക്ഷിക്കുമെന്നു പ്രതീക്ഷിക്കുവാൻ യാതൊരു ന്യായവുമില്ല. ഫാത്തിമാമാതാവിന്റെ രൂപം വഹിച്ചുകൊണ്ടുപോകുന്ന വിമാനത്തിന്റെ കാര്യത്തിൽത്തന്നെയും ഇപ്രകാരമുള്ള പ്രതീക്ഷ യുക്തിഹീനമായിരിക്കും. ആകയാൽ ഫാത്തിമാരൂപം വഹിച്ചുകൊണ്ടുപോകുന്ന വിമാനത്തെ ദൈവം അത്ഭുതകരമായി ഇടപെട്ട് രക്ഷിച്ചില്ലെങ്കിൽ അതിൽ ആശ്ചര്യത്തിനു യാതൊരു ന്യായവുമില്ല. തന്മൂലം ആ വിമാനം തകരുകയും ഫാത്തിമാരൂപമുൾപ്പെടെ അതിലുണ്ടായിരുന്ന സമസ്തവും നശിക്കുകയും ചെയ്തെങ്കിൽ അതു ദൈവകോപത്തിന്റെ ഫലമാണെന്നു പറയുന്നതു് ഏററവും യുക്തിഹീനമാകുന്നു.



എടക്കുന്നു നസ്രത്തു കന്യകാലയത്തോടനുബന്ധിച്ചു നടത്തുന്ന അനാഥശാലാസങ്കേതം ഉണ്ടായ വിദ്യാലയത്തിനുള്ള കെട്ടിടം

### സ്വരൂപം ദഹിപ്പിച്ചതു്

എന്നാൽ വ്യാകുലമാതാവിന്റെ സ്വരൂപത്തെ പൈശാചികമായ വിധത്തിൽ കത്തിച്ചവരുടെ പ്രവൃത്തി ഇതുപോലെയല്ല. പ്രതിമകളെ ബഹുമാനിക്കുന്നവർ അവ പ്രതിനിധാനം ചെയ്യുന്ന ആളുകളെ ബഹുമാനിക്കുകയാണെന്നും, പ്രതിമകളെ അവമാനിക്കുന്നവർ അവ പ്രതിനിധാനംചെയ്യുന്ന ആളുകളെ അവമാനിക്കുകയാണെന്നും എല്ലാവർക്കുമറിയാം. സർ സി. പി. രാമസ്വാമി അയ്യരെ ബഹുമാനിക്കുവാൻ ആഗ്രഹിച്ചവർ അദ്ദേഹത്തിന്റെ പ്രതിമ തിരുവിതാംകൂറിൽ സ്ഥാപിച്ചു. അദ്ദേഹത്തെ അവമാനിക്കുവാൻ ആഗ്രഹിച്ചവർ അദ്ദേഹത്തിന്റെ പ്രതിമ നീക്കം ചെയ്യുകയോ വികൃതമാക്കുകയോ ചെയ്തു. ഇക്കഴിഞ്ഞ ഡിസംബർ 29-ാംനു- മദ്രാസിലെ പ്രസിഡൻസി കോളെജിൽ നാലു മാത്തമാററിക്സ് പ്രൊഫസറന്മാരുടെ ഛായാപടങ്ങൾ സ്ഥാപിക്കപ്പെട്ടു. അവയെ ആഘോഷപൂർവ്വം അനാഛാദനംചെയ്ത സർ എസ്സ്. ബി. രാമമൂർത്തി പറഞ്ഞതുപോലെ, ആ ഛായാപടങ്ങൾ അവിടെ സ്ഥാപിച്ചതു് ആ പ്രൊഫസറന്മാരെ ബഹുമാനിക്കുവാനും, അവരുടെ സേവനങ്ങൾ എന്നും അനുസ്മരിപ്പിക്കപ്പെടുവാനും, അവരുടെ മാതൃക വിദ്യാർത്ഥികൾക്കു പ്രചോദനംനൽകുവാനും വേണ്ടിയാണ്. ചില ആളുകളെ അപമാനിക്കുവാനും അവരോടുള്ള വെറുപ്പു കാണിക്കുവാനും വയ്ക്കോൽകൊണ്ടും മററും അവരുടെ ഛായകളുണ്ടാക്കി അവയെ കത്തിച്ചുകളയുന്നതായി നാം കേട്ടിട്ടുണ്ടല്ലോ. ആകയാൽ വ്യാകുലമാതാവിന്റെ സ്വരൂപം പൈശാചികമായവിധത്തിൽ നശിപ്പിച്ചവർ ആ മാതാവിനെ പൈശാചികമായവിധത്തിൽ അവമാനിക്കുകതന്നെയാണു ചെയ്തതു്. മാതാവിന്റെ നേരെ കാണിക്കുന്ന അപമാനം തങ്ങളോടു കാണിക്കുന്നതിനെക്കാൾ വിലപനീയമായി ഗണിക്കുകയും അതിലത്യന്തം ദുഃഖിക്കുകയും ചെയ്യാതിരിക്കുവാൻ മാതാവിനോടു ബഹുമാനവും സ്നേഹവുമുള്ള ആർക്കും സാദ്ധ്യമല്ലതന്നെ. ആ പൈശാചികമായ പ്രവൃത്തിയെ എത്രമാത്രം പ്രതിഷേധിച്ചാലും മതിയാകുന്നതല്ലെന്നു ക്രിസ്ത്യാനിയെന്നു വേണ്ട, മതബോധമുള്ള ഏതൊരു മനുഷ്യനും സമ്മതിക്കാതിരിക്കുകയില്ല.

---

പുസ്തകാഭിപ്രായം

## സ്വാതന്ത്ര്യത്തിലേക്കു്

[മോൺ ഫൾട്ടൻ ജെ. ഷീൻ. പരിഭാഷകൻ: കുരിയാക്കോസ് ഏണേക്കാടൻ ബി. ഏ. വില 1--14—0 എസ്. എച്ച്. ലീഗ്, ആലുവ]

മോൺസിഞ്ഞോർ ഫൾട്ടൻഷീന്റെ കമ്മ്യൂണിസ്റ്റ് വിരുദ്ധങ്ങളായ റേഡിയോപ്രസംഗങ്ങൾ അമേരിക്കയിൽ പ്രസിദ്ധങ്ങളാണ്. കമ്മ്യൂണിസ്റ്റ്തത്വസംഹിതയിലെ അബദ്ധങ്ങളേയും പൊള്ളത്തരത്തേയും ഏതൊരു സാധാരണനും വായിച്ചറിവാൻ പററിയ ലളിതരീതിയിൽ പ്രതിപാദിക്കുന്ന പലേ പുസ്തകങ്ങളും ഇതിനകം അദ്ദേഹം പ്രസിദ്ധംചെയ്തിട്ടുണ്ട്. അത്തരം പുസ്തകങ്ങളിൽ മുന്നണിയിൽനില്ക്കുന്ന ഒന്നാണ് Freedom under God എന്ന പേരിൽ ഈയിടെ പ്രസിദ്ധീകൃതമായിട്ടുള്ള പുസ്തകം. അതിന്റെ ഒരു സ്വതന്ത്രതർജ്ജമയാണ് ഏണേക്കാട്ടു ബ. കുര്യാക്കോസു ശ. "സ്വാതന്ത്ര്യത്തിലേക്കു" എന്ന പേരിൽ കേരളീയരുടെ മുമ്പിൽ വെച്ചിരിക്കുന്നതു്. സ്ഫടികസ്ഫുടമായ ഭാഷയിൽ, ലളിതരീതിയിൽ എഴുതപ്പെട്ടിട്ടുള്ള ഈ ഗ്രന്ഥം ഏതു പാമരനും സുഗമമായി വായിച്ചാസ്വദിക്കുവാൻ സാധിക്കും. പണ്ഡിതപാമരഭേദമെന്യേ എവരും വായിക്കേണ്ട ഒരു പുസ്തകമാണിതു്.

സ്വാതന്ത്ര്യം എന്ന പദത്തോളം വ്യഭിചരിക്കപ്പെടുന്ന വേറൊരു പദം ആധുനികഭാഷാലോകത്തു കണ്ടെത്തുവാൻ വിഷമം. മൈതാനപ്രാസംഗികന്മാരും പുരോഗമനസാഹിത്യകാരന്മാരും കാട്ടിക്കൂട്ടുന്ന ഗോഷ്ടികളൊക്കെ സ്വാതന്ത്ര്യത്തിന്റെ പേരിലാണ്. പക്ഷേ സാക്ഷാൽ സ്വാതന്ത്ര്യത്തിന്റെ സ്വഭാവമെന്താണ്, യഥാർത്ഥസ്വാതന്ത്ര്യത്തിന്റെ പരിധികൾ ഏവയെല്ലാമാണ് എന്നൊക്കെ ചിന്തിക്കുന്നവർ വളരെ ചുരുക്കം. കമ്മ്യൂണിസ്റ്റ് ആശയപ്രവാഹത്തിന്റെ തിരത്തല്ലലാണല്ലോ ഇന്നു ലോകത്തിലെവിടെയും കാണപ്പെടുന്നതു്. ആ തിരയടിയുടെ ശബ്ദകോലാഹലങ്ങൾക്കുള്ളിൽ നാം തെളിഞ്ഞുകേൾക്കുന്നതു് സ്വാതന്ത്ര്യം, സ്വാതന്ത്ര്യം എന്ന പദമാണ്. ജീവിതസ്വാതന്ത്ര്യം, ചിന്താസ്വാതന്ത്ര്യം, പ്രവർത്തനസ്വാതന്ത്ര്യം, പ്രസംഗസ്വാതന്ത്ര്യം ഇവയാണ് സ്വാതന്ത്ര്യപ്രേമികളെന്നു മുദ്രയടിച്ചു നടക്കുന്ന കമ്മ്യൂണിസ്റ്റുകാർ പെരുമ്പറയടിച്ചുമുഴക്കുന്ന മുദ്രാവാക്യങ്ങൾ. പക്ഷേ കമ്മ്യൂണിസ്റ്റ് ഭരണം നടപ്പിലിരിക്കുന്ന റഷ്യാ മുതലായ രാജ്യങ്ങളിൽ മുൻപറഞ്ഞ യാതൊരു സ്വാതന്ത്ര്യവുമില്ലെന്നു അനുഭവസാക്ഷ്യങ്ങളിൽനിന്നു തെളിയുന്നു. ഇങ്ങനെ കമ്മ്യൂണിസ്റ്റുകാർ സ്വാതന്ത്ര്യത്തെ തെററിദ്ധരിപ്പിച്ചു സാധുക്കളായ തൊഴിലാളികളെ സ്വാതന്ത്ര്യത്തിന്റെ പേരിൽ

(ശേഷം 11-ാം പേജിൽ)